


ജോസ് കെ. മാനുവൽ

# ഹർത്താൽ

## ഒരു കേരളീയ ഉത്സവം

**ഡോ. ജോസ് കെ. മാനുവൽ**

കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്ക് സ്വദേശി. മദിരാശി സർവകലാശാലയിൽനിന്ന് എം.എ., എം.ഫിൽ., പിഎച്ച്.ഡി. ബിരുദങ്ങൾ. മഹാത്മാ ഗാന്ധി സർവകലാശാലയിൽ നിന്ന് പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്. കൃതികൾ: തിരക്കഥാരചന കഥയും സിദ്ധാന്തവും, സിനിമയുടെ പാഠങ്ങൾ: വിശകലനവും വീക്ഷണവും, സിനിമയിലെ ശരീരഭാഷ: ഒരു രസാനുഭവ സിദ്ധാന്തപഠനം, നാടകവും സിനിമയും: ഒരു താരതമ്യ വിശകലനം, കഥയും തിരക്കഥയും, മലയാളഭാഷയും സാഹിത്യവും, തിരക്കഥാ സാഹിത്യം: സൗന്ദര്യവും പ്രസക്തിയും, ന്യൂജനറേഷൻ സിനിമ (പഠനങ്ങൾ) അഭിലോഷിക, യഹൂര - ഒരു കമ്യൂണിസ്റ്റിന്റെ കഥ (നോവലുകൾ) കാലത്തിനൊപ്പം ഒരു പെൺകുട്ടി, കഥയ്ക്കുമുകളിലൂടെ ഡൈവു ചെയ്ത് കഥാകൃത്ത്, ഹർത്താൽ ഒരു കേരളീയോത്സവം (ചെറുകഥാസമാഹാരങ്ങൾ). നവമാധ്യമങ്ങൾ: ഭാഷ സാഹിത്യം സംസ്കാരം, ബൈബിളും മലയാളസാഹിത്യവും, മാറുന്ന മലയാള സിനിമ: ഭാഷ സംസ്കാരം സമൂഹം, അന്വേഷണം പഠനം ഗവേഷണം (എഡിറ്റർ), മികച്ച ചലച്ചിത്രഗ്രന്ഥത്തിനുള്ള കേരളസംസ്ഥാന ചലച്ചിത്ര അവാർഡും (2003, 2010) ഫിലിം ക്രിട്ടിക്സ് അവാർഡും (2003, 2005) ലഭിച്ചിട്ടുണ്ട്. സാംസ്കാരിക സഹകരണസമിതി യുടെ മികച്ച വൈജ്ഞാനിക ഗ്രന്ഥത്തിനുള്ള അവാർഡ്, പൊൻകുന്നം വർക്കികഥാ അവാർഡ്, തകഴി കഥാ അവാർഡ്, കാവ്യവേദി നോവൽ അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്. വിലാസം: അസിസ്റ്റന്റ് പ്രൊഫസർ, സ്കൂൾ ഓഫ് ലെറ്റേഴ്സ്, മഹാത്മാഗാന്ധി സർവകലാശാല, കോട്ടയം, ഫോൺ:9446924323. ഇ–മെയിൽ: kjosemanuel@gmail.com

# ഹർത്താൽ
## ഒരു കേരളീയ ഉത്സവം

കഥകൾ

ജോസ് കെ. മാനുവൽ

പ്രസാധനം

Papyrus Books ₹ 50.00

**credits** / malayalam / stories/ ഹർത്താൽ : ഒരു കേരളീയ ഉത്സവം

harthal:oru keraleeya uthsavam
by
Jose k Manuel
december 2011
printing : Penta offset press,kottayam
lamination : mother india,ktm
binding : s.n binding centre
cover : lijeesh kakkur
type setting:lipi laser media,tvm
layout : anandahari
editorial consultant : ramachandran kodappally
no part of this book may be
used or re-produced in any manner without
written , ermission of the publisher and the author.

*publishers*

Papyrus Books
sreekandamangalam p.o,athirampuzha, kottayam
phone/09656791669, 09746214177, 09847537340
www.papyrusbooks.in
e-mail/ books.papyrus@gmail.com

₹ 50.00

## കഥകൾ


- ഹർത്താൽ ഒരു കേരളീയ ഉത്സവം /7
- ആ യുവാവ് പരിധിക്കു പുറത്തേയ്ക്ക് /18
- ഹാഹി... മലയാളി /23
- ലാലെല്ലാ ഒരു പ്രണയകഥ /28
- ചുവപ്പുകുപ്പായമിട്ട ആൺകുട്ടി /38
- പ്രണയത്തിന്റെ ചില്ലയിൽനിന്ന് ഒരു പച്ചക്കിളി /48
- പ്രകാശം പരത്തുന്നസ്ത്രീ /53
- സൗന്ദര്യത്തിന്റെ കലാപം /62
- കഥാപാത്രങ്ങൾ രചയിതാവിനെ പരിഹസിച്ചു /67

# ഹർത്താൽ ഒരു കേരളീയ ഉത്സവം

Orikal Koodi
Malayalikalude Desheeya
Utsavam Samagathamayi
Thyagathinteyum
Snehathinteyum
Sahanathinteyum
HARTHAL
Hridyamaya Orayiram
HARTHAL Ashamsakal

അശ്വതി വർമ്മയ്ക്ക് സുഹൃത്തായ രേവതി സ്നേഹപൂർവ്വം എസ്.എം.എസ് ചെയ്തതാണ് ഈ ഹർത്താൽ ആശംസകൾ.

ലോകത്ത് ഹർത്താൽ ആശംസകൾ അടിപൊളി ഉത്സാഹത്തോടെ കൈമാറുന്ന ഒരു സമൂഹമേയുള്ളൂ. കേരളീയ സമൂഹം. ബന്ദിന് അർത്ഥത്തിലും അവസ്ഥയിലും രൂപപരിവർത്തനം സംഭവിച്ച് ഇന്നത്തെ ഉത്സവകരമായ ഹർത്താൽ ഉണ്ടാകുകയായിരുന്നു.

Fishmarketil ugran therakkayirunnu,
Hartal divasam veg pattillallo,
Oru valiya parava vangi,
Kooda thinnan varumallo,
Kathirikkum,
Snehathoda, HAPPY HARTHAL
HARI LAL

എന്തിലും ഏതിലും അല്പം അശ്ലീലം ചേർത്ത് പറയുന്നത് ഹരി

യുടെ സ്വഭാവമാണ്. ഹർത്താലിനെയും അവൻ അതിന് ഉപയോഗിച്ചിരിക്കുന്നു. അപ്പോഴാണ് അശ്വതിക്ക് മറ്റൊരു സംശയം തോന്നിയത്. ഹർത്താലിന്റെ ഭാഷ മംഗ്ലീഷാണോ? അങ്ങനെ സംശയിച്ചു നിൽക്കുമ്പോൾ മൊബൈൽ ഫോണിൽനിന്നും റിങ്ടോൺ ഉയർന്നു. എസ്.എം.എസ് വന്നതിന്റെ റിങ്ടോൺ. അശ്വതി ഇൻബോക്സിൽ വന്ന മെസേജ് വായിച്ചു.

സ്വാതന്ത്ര്യത്തിന്റെ ഹർത്താൽ ആശംസകൾ,
യുവത്വത്തിന്റെ ഹർത്താൽ വിശേഷങ്ങൾ
അടിപൊളിയുടെ ഹർത്താൽ ഓർമ്മകൾ
ഹർത്താലിന് കറുപ്പിന്റെ കരുത്തും സൗന്ദര്യവുമാണ്
ഒരു ഹർത്താൽ അനുഭവത്തിനായി കാത്തിരിക്കൂ
കഴിയുമെങ്കിൽ അതിൽ ഭാഗഭാക്കാകൂ...

റോഷനാണ് മെസേജ് അയച്ചത്. കേരളീയരുടെ ജീവിതത്തിൽ ഹർത്താലിന് ഇത്രയധികം പ്രാധാന്യം വരുവാനുള്ള കാരണമെന്ത്? അശ്വതി ഓരോന്ന് ആലോചിച്ച് നിൽക്കുമ്പോൾ മൊബൈലിലേക്ക് മറ്റൊരു മെസേജ് കൂടി വന്നു. ഇൻബോക്സിൽ കയറി മെസേജ് ഓപ്പൺ ചെയ്തെടുത്ത് വായിച്ചു:

ആനന്ദത്തിന്റെ ഹർത്താൽ
മത്തുള്ള മദ്യത്തിന്റെ ഹർത്താൽ
രുചിയുള്ള ഭക്ഷണത്തിന്റെ ഹർത്താൽ
ഊഷ്മളമായ രതിയുടെ ഹർത്താൽ
കേരളീയന്റെ സ്വന്തം ഹർത്താൽ
ഇനിയും ആയിരമായിരം ഹർത്താലുകൾ
കേരളത്തെ തഴുകിപുണരട്ടെ...

ഒരു അജ്ഞാതനാണ് മെസേജ് അയച്ചിരിക്കുന്നത്. പരിചയമില്ലാത്തവർവരെ ഊഷ്മളതയോടെ ആശംസിക്കുന്ന കേരളീയ ഹർത്താലിനെപറ്റി അറിയുവാൻ ഓണം ചാനലിലെ വാർത്താ അവതാരക കൂടിയായ അശ്വതിയുടെ മനസ്സ് വെമ്പൽ കൊണ്ടു.

കാറിൽ കറുത്തകൊടി കുത്തി ക്യാമറയുമായി അശ്വതി ഹർത്താൽ ദിവസം നിരത്തിലേയ്ക്കിറങ്ങി. കറുപ്പ് സ്വാതന്ത്ര്യത്തിന്റെ കൂടി ചിഹ്നമാണെന്ന് അന്നാണ് അവൾക്ക് മനസ്സിലാകുന്നത്.

ആളുകൾ കൂട്ടംകൂടി നിൽക്കുന്നു. അതിന് കുറെ മുമ്പായി അശ്വതി കാറ് നിറുത്തി. ക്യാമറ വാനിറ്റി ബാഗിൽ ഒളിപ്പിച്ച് അവരുടെ അടുത്തേയ്ക്കു നടന്നു. അവർ ഭക്ഷിച്ചും പാനംചെയ്തും ആഘോഷിക്കുകയാണ്.

ഇറച്ചിയിട്ടു വേവിച്ച കപ്പബിരിയാണിയാണ് അവർ കഴിക്കുന്നത്. ഇലയിൽ വിളമ്പിയ ഭക്ഷണം അശ്വതിയും വാങ്ങിച്ചു. കഴിക്കുവാൻ തയ്യാറെടുത്തപ്പോൾ ആ ഭക്ഷണത്തിന്റെ വിശേഷത്തെപറ്റി ചിലർ പറയുന്നതുകേട്ട് ഞെട്ടിപ്പോയി. "പത്തുപതിനാറുവയസ്സുള്ള ഒരു കറുത്ത പെണ്ണിനെ ആരുമറിയാതെ സംഘടിപ്പിക്കാൻപെട്ട പാട് എനിക്കേ അറിയൂ. പിടിച്ചുകൊണ്ടുവന്നാൽ മാത്രം പോരല്ലോ കൊന്ന് രുചികരമായ രീതിയിൽ കറിവെക്കുകകൂടി വേണമല്ലോ."

"മനുഷ്യന്റെ ഇറച്ചി ഞാൻ ആദ്യമായിട്ടാ കഴിക്കുന്നത്" അവരിലൊരാൾ തുടർന്നു പറഞ്ഞു: "എന്തൊരു നല്ല രുചിയാ".

അശ്വതി തെല്ല് ഭയത്തോടെ ആരും കാണാതെ ഭക്ഷണം നിലത്തേക്കിട്ടു. ഭീതി ഉള്ളിലൊതുക്കി അവിടെ നടക്കുന്ന രംഗങ്ങൾ ചിത്രീകരിച്ചു തുടങ്ങി.

"മനുഷ്യമാംസത്തിൽ ഏറ്റവും രുചി പതിനാലിനും പത്തൊൻപതിനും ഇടയിൽ പ്രായമുള്ള കറുത്ത പെൺകുട്ടികളുടേതിനാ." മറ്റൊരാൾ ആധികാരികമായി പറഞ്ഞു.

മുൻനിശ്ചയപ്രകാരമുള്ള നറുക്കെടുപ്പിന്റെ സമയം അറിയിച്ച് അലാറം മുഴങ്ങി. എല്ലാവരും നിശബ്ദരായി. കാര്യം പിടികിട്ടാതെ അശ്വതി അവർക്കിടയിൽ പകച്ചുനിന്നു. പേരെഴുതി ചുരുട്ടിയിട്ട കടലാസുകളിൽ നിന്നും അവരിലൊരാൾ ഒരെണ്ണം എടുത്തു. മറ്റൊരാൾ അത് നിവർത്തി 'അശോക്' എന്ന് പേരുവായിച്ചു. ആൾക്കൂട്ടത്തിനിടയിൽ നിന്നും നറുക്ക് വീണ യുവാവ് കൈകൾ ഉയർത്തിയും ആർപ്പ് വിളിച്ചും ആഹ്ലാദം പ്രകടിപ്പിച്ചു. ചുറ്റും നിന്നവർ ആ ആഹ്ലാദത്തിൽ പങ്കുചേർന്നു.

നറുക്ക് വീണ യുവാവ് അവിടെ വച്ചിരുന്ന ഒരു വലിയ കഠാര കൈയ്യിലെടുത്തു. അതുമായി അവിടെ കൂടിനിൽക്കുന്നവർക്കിടയിലൂടെ ഓടുവാൻ തുടങ്ങി. ഓട്ടത്തിന് രൂപപരിവർത്തനം സംഭവിച്ച് സവിശേഷ രീതിയിലുള്ള ഒരു തുള്ളലായി. ഇരുപതുമിനിറ്റുനേരത്തെ തീവ്രമായ പ്രകടനത്തിനൊടുവിൽ ഒരാളുടെ നെഞ്ചിൽ കഠാര കുത്തിയിറക്കി. അയാൾ വേദനകൊണ്ട് അലറിക്കരഞ്ഞു. രണ്ടുമൂന്നടി ഓടിയതിനു ശേഷം തറയിലേയ്ക്ക് കമഴ്ന്നുവീണു. ചിലർ ചേർന്ന് അയാളെ മലർത്തിക്കിടത്തി. നെഞ്ചിൽനിന്നും ഒഴുകുന്ന രക്തം കൈകൾകൊണ്ട് വാരിയെടുത്ത് ശരീരത്തിൽ പുരട്ടിയും രുചിച്ച് നോക്കിയും അവർ നൃത്തം തുടർന്നു.

ഭയന്നുവിറച്ച അശ്വതി ഒരുവിധത്തിൽ ഓടി രക്ഷപെട്ടു. വേഗം തന്നെ കാറിൽക്കയറി അവിടെനിന്നും മറ്റൊരിടത്തേയ്ക്ക് പോയി. കറുത്ത കൊടിയുടെ സംരക്ഷണം അപ്പോഴും അശ്വതിക്കുണ്ടായിരുന്നു.

മറ്റൊരു ആൾക്കൂട്ടത്തിനു പിന്നിലായി കാർ നിർത്തി. കാറിൽനിന്നും ഇറങ്ങിയ അശ്വതിയെ അവർ പുച്ഛത്തോടെ നോക്കി. തുടർന്ന് അവർക്കിടയിൽനിന്നും ഒരാക്രോശം ഉയർന്നുകേട്ടു. "പിടിയവളെ..." ആക്രോശം കേട്ട അശ്വതി തളർന്ന് നിന്നുപോയി. കണ്ണുകളിലൂടെ

പ്രാണൻ പുറത്തേയ്ക്കു പോകുന്നതു പോലെ തോന്നി. തെല്ല് സമയത്തിനു ശേഷമാണ് ജനക്കൂട്ടം മറ്റൊരു ദിശയിലേക്കാണ് ഓടുന്നതെന്ന് മനസ്സിലായത്.

ജനക്കൂട്ടം ഒരു ആട്ടോ തടഞ്ഞു നിറുത്തി. ചിലർ ചേർന്ന് ടയറിന്റെ കാറ്റ് അഴിച്ചുവിട്ടു. മറ്റുചിലർ ചേർന്ന് അതിനുള്ളിൽനിന്നും പൂർണ്ണ ഗർഭിണിയായ സ്ത്രീയെ വലിച്ച് നടുറോഡിലേയ്ക്കിട്ടു. അതുകണ്ട് ഭയന്ന് അലറിക്കരഞ്ഞ് ആട്ടോയിൽനിന്നും പുറത്തേയ്ക്കു ചാടിയ യുവാവിനെ അടിച്ച് അവശനാക്കി ഓടയിൽ തള്ളി. ഭർത്താവിനെ ഉപദ്രവിക്കരുതെന്നും ആശുപത്രിയിൽ ഉടൻ പോകണമെന്നുമുള്ള ഗർഭിണിയുടെ ദീനരോദനം അന്തരീക്ഷത്തിൽ ഉയർന്ന് പ്രതിധ്വനിച്ചുകൊണ്ടിരുന്നു.

ആ സംഘം ഗർഭിണിയെ നഗ്നയാക്കി നടുറോഡിൽക്കിടത്തി. അപ്പോഴാണ് ആ രംഗങ്ങൾ ചിത്രീകരിക്കുന്ന അശ്വതിയെ അവർ കാണുന്നത്. അശ്വതി ക്യാമറ ഓഫാക്കി വരുവാൻ പോകുന്ന വിപത്തിന് മുന്നിൽ വിറയലോടെ നിന്നു.

ക്യാമറ ഓണാക്കി ആ രംഗങ്ങൾ മനോഹരമായി ഷൂട്ടു ചെയ്യുവാൻ അവരിൽ ചിലർ അശ്വതിക്ക് നിർദ്ദേശം നൽകി. അശ്വതി അവരെ അനുസരിച്ച് പ്രവർത്തിച്ചു തുടങ്ങി. എരിപൊരി വെയിലത്ത് ഗർഭിണിക്ക് ചുറ്റും നിന്ന് ആ സംഘം നൃത്തം ചെയ്യുവാൻ തുടങ്ങി. ഗർഭിണി പ്രസവിച്ചതിനുശേഷവും അവർ നൃത്തം ചടുലമായി തുടർന്നുകൊണ്ടിരുന്നു. ഇതിനിടയിൽ അശ്വതി അവിടെനിന്നും തന്ത്രത്തിൽ രക്ഷപെട്ടു.

നിരത്തിലൂടെ കാറ് ഓടിച്ചു പോകുമ്പോൾ അശ്വതിയെ ഒരു സംഘം തടഞ്ഞുനിറുത്തി. ചോദ്യവും പറച്ചിലുമില്ലാതെ അവളെ കാറിൽനിന്നും വലിച്ചുചാടിച്ചു. അപ്പോഴാണ് കറുത്തകൊടി കാറിൽനിന്നും നഷ്ടപ്പെട്ട വിവരം അറിയുന്നത്. ആൾക്കൂട്ടത്തിനിടയിൽനിന്നും ഒരാൾ കാറിലേയ്ക്ക് ചാടിക്കയറി. അത് സ്റ്റാർട്ടാക്കി ഇരപ്പിച്ചു നിറുത്തി. തെല്ല് സമയം കഴിഞ്ഞപ്പോൾ ഒരു ബൈക്കിൽ രണ്ടുപേർ വരുന്നത് കണ്ടു. കാറ് ഇരപ്പിച്ച് മുന്നോട്ടെടുത്തു.

ബൈക്ക് യാത്രക്കാരെ ഇടിച്ച് തെറിപ്പിച്ചു. അവർ മലർന്നടിച്ച് ടാർറോഡിൽ വീണു. രക്തം ഒലിപ്പിച്ച് അവർ വാവിട്ട് രക്ഷയ്ക്കായി അലറിക്കരഞ്ഞുകൊണ്ടിരിക്കുന്നു. നിയന്ത്രണം വിട്ടതുപോലെ കാർ ഒരു മരത്തിലിടിച്ച് തലകീഴായി മറിഞ്ഞു. അശ്വതി ആ രംഗമെല്ലാം വല്ലായ്ക ഒതുക്കി ക്യാമറയിൽ പകർത്തിക്കൊണ്ടിരുന്നു. പുതിയകാറ് തകർന്നു തരിപ്പണമായതിനെപറ്റിയുള്ള വേവലാതികൾക്കിടയിൽ ഒരാശ്വാസമായി ഇൻഷ്വറൻസ് തുകയെപറ്റിയും ചിന്തിച്ചുപോയി. അവിടെ കൂടി നിൽക്കുന്ന ആളുകൾ ചിലപ്പോൾ തന്നെയും ആക്രമിക്കുമെന്ന ചിന്ത അശ്വതിയെ വീർപ്പുമുട്ടിച്ചു. അവൾ അവിടെ നിന്നും മെല്ലെ പിൻവലിഞ്ഞു.

ലക്ഷ്യമില്ലാതെ നടക്കുന്നതിനിടയിലാണ് ഒരു സംഘം ആളുകൾ

ബസ് സ്റ്റോപ്പിൽ സ്ഥാപിച്ചിരിക്കുന്ന ടെലിവിഷനു മുന്നിൽ ആകാംക്ഷയോതുക്കി നിൽക്കുന്നത് കണ്ടത്. അശ്വതി അവിടെയ്ക്കുചെന്ന് ടെലിവിഷനിലെ വാർത്തകൾ ശ്രദ്ധിച്ചു. എല്ലാം ബന്ദിന്റെ വിജയങ്ങൾ ദൃശ്യ ചാരുതയോടെ ആഘോഷിക്കുന്ന വാർത്തകളാണ്.

മന്ത്രിമാർ വാഹനം ഉപേക്ഷിച്ച് നടന്ന് നിയമസഭയിലേയ്ക്ക് പോകുന്നു.

വിഗ് വച്ച് പ്രായം മറച്ചു നടക്കുന്ന സിനിമയിലെ സൂപ്പർതാരങ്ങൾ നടന്ന് ഷൂട്ടിങ്ങിന് പോകുന്നു.

സൈക്കിളിൽ ജോലിക്കുപോകുന്ന സംഘടനാനേതാക്കൾ.

മദ്യം കഴിച്ച് നഗരവീഥിയിൽ നൃത്തം വയ്ക്കുന്നവർ.

മെഡിക്കൽ കോളേജിൽ ചികിത്സ ലഭിക്കാതെ മരണവുമായി മല്ലിടുന്ന യുവാവ്.

തുറന്നിട്ട കടകൾ തല്ലിത്തകർക്കുന്നു.

യഥാർത്ഥത്തിൽ ഈ ദൃശ്യങ്ങളെല്ലാം ഹർത്താലിന്റെ വിജയമല്ലേ പ്രഘോഷിക്കുന്നത്? സാധാരണ ജനത്തെ ഭയപ്പെടുത്തി വീട്ടിലിരുത്തി ഹർത്താൽ അനുകൂലികൾ നാടും നഗരവും കൈവശപ്പെടുത്തുന്നതിന്റെ ദൃശ്യങ്ങൾ.

രേഖപ്പെടുത്തിയെടുത്ത വാർത്താപ്രാധാന്യമുള്ള ദൃശ്യങ്ങളെപറ്റി ഓർത്തപ്പോൾ അശ്വതിയുടെ ഉള്ളം തുടിച്ചു. അതിനു ലഭിക്കാവുന്ന പണത്തെപറ്റി ഓർത്തപ്പോൾ ചുണ്ടിൽ ഒരു പുഞ്ചിരി വിടർന്നു. യഥാർത്ഥത്തിൽ ഈ വാർത്താചിത്രങ്ങളിലൂടെ താനും ഹർത്താലിനെ പ്രഘോഷിക്കുകയല്ലേ ചെയ്യുന്നത്? അശ്വതിയുടെ ഉള്ളിലിരുന്ന് സംശയം തേങ്ങി. വേണമെങ്കിൽ നിയമപാലകർക്ക് ഈ തെളിവിന്റെ അടിസ്ഥാനത്തിൽ നിയമനടപടികൾ സ്വീകരിക്കാവുന്നതേയുള്ളൂ. അപ്പോൾ മനസ് ആരോടെന്നില്ലാതെ പറഞ്ഞു. 'ഇത് കേരളമാണ്'.

മൊബൈലിലൂടെ അശ്വതി ഓണം ചാനലുമായി ബന്ധപ്പെട്ടു. രേഖപ്പെടുത്തിയെടുത്ത ദൃശ്യങ്ങളെപറ്റി സംസാരിച്ചു. ഓണം ചാനലുകാരുടെ നിർദ്ദേശം അനുസരിച്ച് വാർത്തയ്ക്ക് ആധാരമായ ചിത്രങ്ങൾ മെയിൽ ചെയ്യുവാൻ നിശ്ചയിച്ചു. മൊബൈൽ ഫോണിലെ ബ്രൗസർ സെലക്റ്റ് ചെയ്ത് ഇന്റർനെറ്റുമായി കണക്റ്റ് ചെയ്യുവാൻ പലവട്ടം ശ്രമിച്ചിട്ടും വിജയിച്ചില്ല. അപ്പോഴാണ് അവിടെ അടുത്തുതന്നെയുള്ള ഹരിലാലിനെപറ്റി ഓർമിച്ചത്. മൊബൈൽ ഫോണിൽ ഹരിലാലുമായി ബന്ധപ്പെട്ടു. ഹരിലാലിന്റെ വീട്ടിൽ നെറ്റ്കണക്ഷനുണ്ടെന്ന് ഉറപ്പുവരുത്തി. അവൻ സുഹൃത്തുക്കളോടൊപ്പം വീട്ടിൽ ഹർത്താൽ ആഘോഷിക്കുകയാണെന്നും അറിഞ്ഞു. അശ്വതി നടന്ന് ഹരിലാലിന്റെ വീടിനു മുന്നിലെത്തി. ഉള്ളിൽനിന്നും ചടുലമായ തമിഴ്സിനിമാഗാനം ഉയർന്നു കേൾക്കാം. വാതിൽ തുറന്ന് പുറത്തേയ്ക്കുവന്ന ഹരിലാൽ സ്നേഹപൂർവ്വം അശ്വതിയെ അകത്തേയ്ക്ക് ആനയിച്ചു.

മീനും കപ്പയും ഉൾപ്പെടെ വിഭവസമൃദ്ധമായ ഭക്ഷണം മേശപ്പുറത്ത് വിളമ്പി വച്ചിരിക്കുന്നു. മൂന്നു കുപ്പികളിൽ വിലകൂടിയ മദ്യവുമുണ്ട്. അതിനു ചുറ്റും യുവതീയുവാക്കളുമുണ്ട്. ഹർത്താൽ ദിവസം മീൻകഴിക്കാൻ ക്ഷണിച്ച ഹരിലാലിന്റെ എസ്.എം.എസിനെപറ്റി അശ്വതി ഓർമ്മിച്ചു. ഹരിലാൽ ആദ്യം അശ്വതിയെ അവർക്ക് പരിചയപ്പെടുത്തി. തുടർന്ന് അവിടെ കൂടിയിരിക്കുന്ന ഓരോരുത്തരെയായി അശ്വതിക്ക് പരിചയപ്പെടുത്തി. ഇത് ഹണി, രേഷ്മ, അൻവർ, മധുലാൽ, ശ്രീകല, രാധാകൃഷ്ണൻ.

"എനിക്ക് അത്യാവശ്യമായി കുറച്ച് മെയിൽ ചെയ്യേണ്ടതുണ്ട്. എവിടെയാണ് നിന്റെ കംപ്യൂട്ടർ?". അശ്വതി ചോദിച്ചു.

"ദാ... അവിടെയുണ്ട്". തൊട്ടടുത്ത മുറിയിലേക്കു കൈ ചൂണ്ടി ഹരിലാൽ പറഞ്ഞു.

അശ്വതി തിടുക്കത്തിൽ ആ മുറിയിലേക്കു പ്രവേശിച്ചു. കംപ്യൂട്ടർ ഓൺ ചെയ്ത് ഇന്റർനെറ്റുമായി കണക്റ്റ് ചെയ്തു. ജീമെയിൽ സെലക്റ്റ് ചെയ്ത് മെയിലയിഡി ടൈപ്പ് ചെയ്തതിനുശേഷം പാസ്വേർഡ് കൊടുത്ത് സൈൻ ഇൻ ചെയ്ത് ഇൻബോക്സിലേയ്ക്കുവന്നു. അതിൽ പുതുതായി വന്ന കുറെ ഹർത്താൽ ആശംസകളുണ്ട്.

രേഖപ്പെടുത്തിയെടുത്ത ദൃശ്യങ്ങൾ ക്യാമറയിൽനിന്നും കംപ്യൂട്ടറിലേയ്ക്ക് അപ്‌ലോഡ് ചെയ്തതിനുശേഷം ഓണം ചാനലിലേയ്ക്ക് മെയിൽ ചെയ്തു. കംപ്യൂട്ടറിനുമുന്നിലിരിക്കുമ്പോൾ അവിടെ കൂടിയിരിക്കുന്നവരുടെ പാട്ട് അശ്വതി ശ്രദ്ധിച്ചു.

പറ പറ ചപ്ര ഹർത്താൽ
തറ പറ തല ഹർത്താൽ
അടിപിടി പിടിവലി ഹർത്താൽ
ചറപറ ചപ്ര ഹർത്താൽ
ടപ്പോം ടിപ്പോം ഹർത്താൽ

അവർ പാട്ടുപാടി അശ്വതിയിരിക്കുന്ന മുറിയിലേയ്ക്കുകയറി. പലരുടെയും വസ്ത്രങ്ങൾ ഭാഗീകമായി ശരീരത്തിൽനിന്നും ഊർന്നുവീണിരുന്നു. അവർ അശ്വതിയെ പിടിച്ചുവലിച്ച് വട്ടത്തിൽ കറക്കുവാൻ തുടങ്ങി. അപ്പോഴുമവർ പാടിക്കൊണ്ടിരുന്നു. തലകറങ്ങുവാൻ തുടങ്ങിയപ്പോൾ ചിലർ ചേർന്ന് അശ്വതിയുടെ വസ്ത്രം അഴിക്കുവാൻ ശ്രമിച്ചു. അവൾ വല്ലായ്കയോടെ ശബ്ദമുയർത്തി പ്രതിഷേധിച്ചു. അവരെ തള്ളിയിട്ട് അവിടെനിന്നും ഇറങ്ങിയോടി.

അങ്ങനെ ഭീതിയൊതുക്കി ഓടുന്നതിനിടയിൽ നാലുംകൂടിയ ഒരു കവലയിലെത്തി. അവിടെ കൂടി നിൽക്കുന്നവർ എതിരെവന്ന വണ്ടി തടഞ്ഞുനിറുത്തി. അതിൽ നിന്നും ഒരു യുവാവിനെയും യുവതിയേയും വലിച്ചുചാടിച്ചു. "ആശുപത്രിയിൽ പോകുകയാണ്. ഉപദ്രവിക്കരുത്.

എന്റെ അമ്മ മരണവുമായി മല്ലടിച്ച് അവിടെ കിടപ്പുണ്ട്...'' യുവാവ് ഉച്ചത്തിൽ പലതും വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു. യുവാവിന്റെ വായിലേയ്ക്ക് കല്ലുംമണ്ണും കുത്തിക്കയറ്റി. തുടർന്ന് പലർ ചേർന്ന് പല രീതിയിലുള്ള മർദനം ഒരാഘോഷംപോലെ തുടർന്നുകൊണ്ടിരുന്നു. അശ്വതി ഭീതിയും കിതപ്പും ഒതുക്കി ആ രംഗം ക്യാമറയിൽ പകർത്തിക്കൊണ്ടിരുന്നു. അപ്പോഴാണ് അതെ രംഗങ്ങൾ ക്യാമറയിൽ പകർത്തുന്ന മലയാളം ചാനലിലെ വേണുവിനെയും വിഷ്ണുപ്രിയയെയും കാണുന്നത്. അവരോട് എന്തെങ്കിലും സംസാരിക്കാനായി അടുത്തേയ്ക്കു ചെന്നു. അവർ അശ്വതിയെ തീരെ പരിഗണിക്കാതെ കാറിന്റെ അടുത്തേയ്ക്ക് പായുകയായിരുന്നു. കാറിനുള്ളിൽ മൂന്നോ നാലോ മാസം പ്രായമുള്ള ഒരു കുഞ്ഞ്. ആ കുഞ്ഞിനെ ചിലർ ചേർന്ന് എടുത്ത് റോഡിലേയ്ക്കിട്ടു. കുഞ്ഞിനെ രക്ഷിക്കാനായി കരഞ്ഞുകൊണ്ട് അടുത്തേക്കു ചെന്ന യുവതിയെ ചിലർ ചേർന്ന് പിടിച്ചകത്തി.

മൊബൈലിൽ തെളിഞ്ഞ ടെലിവിഷൻ വാർത്തയിൽ ആ രംഗങ്ങൾ അവിടെനിന്നുതന്നെ ലൈവായി കാണുന്ന ചാർളിയെ അശ്വതി കണ്ടു. ചാർലി വാർത്താപത്രത്തിന്റെ സബ്ബ്എഡിറ്ററാണ്. അശ്വതി ദീർഘമായൊന്നു നിശ്വസിച്ച് അതൊന്നും കാണാൻ കരുത്തില്ലാത്തതുപോലെ മുഖം വെട്ടിച്ചു. ചൂടുകാറ്റ് മുഖത്തേയ്ക്കടിച്ചപ്പോൾ അത് പ്രകൃതിയുടെ പ്രതിഷേധമായിട്ടാണ് അശ്വതിക്കു തോന്നിയത്.

യുവതിയുടെ അലർച്ചകേട്ടാണ് അശ്വതി തിരിഞ്ഞുനോക്കിയത്. ചിലർ ചേർന്ന് യുവതിയെ നഗ്നയാക്കി നിറുത്തിയിരിക്കുന്നു. കരയുന്ന കുഞ്ഞിന് മറ്റൊരാൾ കുപ്പിപ്പാല് കൊടുക്കുന്നു. ആ രംഗങ്ങൾ ചാഞ്ഞും മറിഞ്ഞും ചെരിഞ്ഞും നിന്ന് ചിത്രീകരിക്കുന്ന വേണുവും വിഷ്ണുപ്രിയയും. ''നറുക്ക് വീഴുന്ന മുറയ്ക്ക് നഗ്നയായി നിൽക്കുന്ന സുന്ദരിയെ ഓരോരുത്തർക്കായി ആസ്വദിക്കാം...'' എന്ന് ജനക്കൂട്ടത്തിനിടയിൽനിന്നും വിളിച്ചുപറയുന്നത് അശ്വതി കേട്ടു. കൂടുതലൊന്നും കാണുവാനും കേൾക്കുവാനും കഴിയാതെ അശ്വതി അവിടെനിന്നും തിരിഞ്ഞ് നടന്നു. നല്ല ദാഹം തോന്നിയപ്പോൾ പൊതുടാപ്പിൽനിന്ന് ആർത്തിയോടെ വെള്ളം കുടിച്ചു. ടാപ്പിലെ ജലവിതരണത്തെ ഹർത്താൽ ബാധിക്കാത്തതിൽ അത്ഭുതം തോന്നി. മൊബൈൽ റിങ് ചെയ്തപ്പോൾ ബട്ടൺ അമർത്തി കോളെടുത്തു. ഓണം ചാനലിൽ നിന്നാണ് വിളിക്കുന്നത്.

''ഉഗ്രൻ ചിത്രങ്ങൾ... അശ്വതിയിപ്പോൾ എവിടെയാണ്... നിങ്ങളുമായി ചാനലിന് അടിയന്തിരമായി ഒരഭിമുഖം തയ്യാറാക്കണം'' ചാനലിൽ നിന്നും തുടർന്നു പറഞ്ഞു. ''തന്റെ വാഹനം ഇടിച്ചുതകർത്തതിനെപറ്റിയും... പ്രാണനുംകൊണ്ട് പലവട്ടം രക്ഷപെട്ടതിനെപറ്റിയുമെല്ലാം വിശദമായി പറയണം... അശ്വതിയിപ്പോൾ നിൽക്കുന്ന സ്ഥലം എവിടെയാണ്? ഞങ്ങൾ അവിടേയ്ക്കുവരാം''.

നിൽക്കുന്ന സ്ഥലം അശ്വതി കൃത്യമായി പറഞ്ഞു. അഭിമുഖത്തിൽ

പറയേണ്ട കാര്യങ്ങളെക്കുറിച്ച് മനസുകൊണ്ട് തയ്യാറെടുത്തുതുടങ്ങി. നല്ലക്ഷീണം തോന്നിയതുകൊണ്ട് തൊട്ട് അടുത്തുതന്നെയുള്ള ബസ്സ്റ്റോപ്പിലെ ബഞ്ചിൽ ചാരിയിരുന്നു.

ഒരു കറുത്ത ജീപ്പ് അശ്വതിയുടെ മുന്നിൽ ബ്രേക്കിട്ടു നിന്നു. അതിൽ നിന്നും നാലഞ്ച് പേർ ചാടിയിറങ്ങി. "പിടിക്കവളെ..." എന്ന് ആക്രോശിച്ചുകൊണ്ട് ഓടിയടുത്തു. "ഇനിയവൾ കേരളക്കരയിൽ ജീവനോടെയിരിക്കാൻ പാടില്ലാ..." എന്ന് അലറിക്കൊണ്ട് അശ്വതിയെ കടന്നുപിടിക്കാൻ ശ്രമിച്ചു.

മുന്നിൽ പ്രാണൻ എടുക്കാൻ നിൽക്കുന്ന കാലൻമാരെ കണ്ട് അശ്വതി വിറച്ചു. പ്രാണനും ശരീരത്തിൽവച്ച് ഓടിക്കൊള്ളാൻ മനസ് നിശബ്ദം ആജ്ഞാപിച്ചു. അശ്വതി തളർച്ച മറന്ന് സർവ്വശക്തിയും എടുത്ത് മുന്നോട്ടു കുതിച്ചു. "തട്ടി ദൂരെക്കളയവളെ... ക്യാമറ ഒരു കാരണവശാലും അവൾക്ക് കൊടുക്കരുത്... ഹർത്താലിന്റെ ദൃശ്യങ്ങളെടുത്ത് നമ്മളെ നിയമത്തിനു മുന്നിൽ നിറുത്താൻ ഇവളാരാ... മാവേലിയുടെ കൊച്ചുമകളോ..." ഓടുന്നതിനിടയിൽ പിന്നിൽനിന്നും പല ആക്രോശങ്ങളും കേട്ടു. കൈയ്യിൽ നിന്ന് വാനിറ്റിബാഗും ക്യാമറയും തെറിച്ച് റോഡിലേയ്ക്കു വീണു. ഒരു നിമിഷം ശങ്കിച്ച് നിന്നതിനു ശേഷം അത് ഉപേക്ഷിച്ച് മുന്നോട്ടു കുതിച്ചു. തിരിഞ്ഞ് നോക്കിയപ്പോൾ ക്യാമറ ടാർ റോഡിലെറിഞ്ഞ് തകർക്കുന്നതു കണ്ടു.

അശ്വതി മുഴുവൻ ശക്തിയുമെടുത്ത് ഓടിക്കൊണ്ടിരുന്നു. ഒരിടവഴിയിലൂടെ കയറി ഓടുന്നതിനിടയിൽ പച്ചക്കറികൾ വില്ക്കുന്ന വൃദ്ധയെക്കണ്ടു. മറ്റൊന്നും ചിന്തിക്കാതെ അവരോട് രക്ഷിക്കണമെന്ന് കേണപേക്ഷിച്ചു.

വൃദ്ധ വല്ലായ്കയോടെ ചിരിച്ചു. "ഇവിടെ ആർക്കും ആരെയും രക്ഷിക്കാൻ കഴിയില്ല." തുടർന്ന് പറഞ്ഞു: "ഇത് കേരളമാണ്. ആർക്കും എന്തും ചെയ്യാൻ സ്വാതന്ത്ര്യമുള്ള ദൈവത്തിന്റെ സ്വന്തം നാട്." പച്ചക്കറികളിൽ ചൂണ്ടിക്കൊണ്ട് പറഞ്ഞു. "ഇതുവല്ലതുംവിറ്റ് പണം കിട്ടിയിട്ടു വേണം ഒരു കുടുംബത്തിലേയ്ക്ക് ആവശ്യമുള്ള അരിയും മറ്റും മേടിക്കാൻ".

"നിങ്ങളുടെ പ്രായത്തെ അവർ മാനിക്കാതിരിക്കില്ല''. അശ്വതി പ്രതീക്ഷയോടെ കൈകൾ കൂട്ടിപ്പിടിച്ച് തുടർന്നു. "എങ്ങനെയെങ്കിലും എന്നെ രക്ഷിക്കണം."

ഒരു ദീർഘമായ നെടുവീർപ്പിനുശേഷം വൃദ്ധ ശാന്തതയോടെ പറഞ്ഞു. "ഇപ്പോൾ അഞ്ചരയായില്ലെ. ആറുമണിവരെയാണ് ഹർത്താൽ. ആരുടെയും കൈയ്യിൽപ്പെടാതെ ഓടി ആറുമണിവരെയെത്തിച്ചാൽ ചിലപ്പോൾ രക്ഷപെടാനായേക്കും". പിൻതുടർന്നവർ അവിടേയ്ക്ക് ഓടിയെത്തി. അശ്വതി വൃദ്ധയ്ക്കു പിന്നിൽ ഭീതിയൊതുക്കി നിന്നു.

"എന്റെ മക്കളെ നിങ്ങൾ ആർക്കുവേണ്ടിയാ ഇങ്ങനെയൊക്കെ ചെയ്യുന്നത്?"വൃദ്ധ അനുരഞ്ജനത്തിന്റെ സ്വരത്തിൽ തുടർന്ന് പറഞ്ഞു.

"എല്ലാവരും ജീവിക്കാൻ വേണ്ടിയാ ഓരോ വേഷം കെട്ടുന്നത്. നിങ്ങൾ യുവാക്കളെങ്കിലും സത്യമറിഞ്ഞ് പ്രവർത്തിക്കണം"

"ഛീ... കിളവി... മിണ്ടിപ്പോകരുത്". അവർ ആക്രോശിച്ചു. "ഹർത്താലിനെ വ്യഭിചരിക്കാൻ നീയാരാ... സായിപ്പിന്റെ വെപ്പാട്ടിയോ?"

തക്കാളി, പാവയ്ക്ക, ക്യാരറ്റ്, കറിവേപ്പില തുടങ്ങിയ സാധനങ്ങൾ ഒന്നൊന്നായി ഹർത്താൽ അനുകൂലികൾ വലിച്ചെറിഞ്ഞുകൊണ്ടിരുന്നു.

"നിന്റെയൊക്കെ തലയിൽ ഇടിത്തീവീഴും." വൃദ്ധ വേദനയോടെ പറഞ്ഞു. "വീട്ടിൽ തളർന്നുകിടക്കുന്ന മകനും അവന്റെ പറക്കമുറ്റാത്ത നാല് കുട്ടികൾക്കും. ഞാനെന്തുകൊടുക്കും... ഈശ്വരാ..."

വൃദ്ധയുടെ തലമുടിക്കെട്ടിന് പിടിച്ച് കറക്കി നിലത്തേയ്ക്കിട്ടു. ചിലർ ചേർന്ന് അവരെ ഒരുത്സവംപോലെ മർദ്ദിച്ചുകൊണ്ടിരുന്നു. മർദ്ദിക്കുന്നവർ ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. "സുന്ദരഹർത്താൽ... നമ്മുടെ ഹർത്താൽ... ആനന്ദത്തിൻ ഹർത്താൽ... സ്വാതന്ത്ര്യത്തിൻ ഹർത്താൽ... കേരളീയ ഹർത്താൽ..."

ആ രംഗം കണ്ടുനിൽക്കാൻ ശേഷിയില്ലാതെ അശ്വതി ഓടിത്തുടങ്ങി. അപ്പോൾ വൃദ്ധ പറഞ്ഞ രക്ഷപെടലിന്റെ മാർഗ്ഗം മനസിലേയ്ക്ക് ഒരാശ്വാസത്തിന്റെ മുഴക്കമായി ഉയർന്നവന്നു. 'ആറുമണിവരെയാണ് ഹർത്താൽ. ആരുടെയും കൈയ്യിൽപ്പെടാതെ ഓടി ആറുമണിവരെയെത്തിച്ചാൽ ചിലപ്പോൾ രക്ഷപെടാനായേക്കും.'

സർവ്വശക്തിയും സംഭരിച്ച് ഓടുന്ന അശ്വതിയുടെ പിന്നാലെ അലറിവിളിച്ചുകൊണ്ട് ആരെല്ലാമോ ഉണ്ട്. ഒന്നു തിരിഞ്ഞു നോക്കാൻകൂടി കഴിയാതെ അവൾ ഓടിക്കൊണ്ടിരുന്നു. സമയപ്രവാഹം മുന്നിൽ നിശ്ചലം നിൽക്കുന്നതായി അശ്വതിക്കു തോന്നി.

പലവഴികളിലൂടെ ഓടി നാലുംകൂടിയ പൊതുനിരത്തിലെത്തി. ഹർത്താൽ അനുകൂലികൾ നാലുചുറ്റുനിന്നും ആനന്ദനൃത്തം ചവിട്ടിവരുന്നത് അശ്വതി കണ്ടു. കണ്ണിൽക്കാണുന്നതെല്ലാം തല്ലിത്തകർത്തും അവർക്കൊപ്പം കൂടാത്തവരെ മർദ്ദിച്ച് അവശരാക്കിയുമാണ് മുന്നോട്ടു വന്നുകൊണ്ടിരിക്കുന്നത്. അശ്വതിയുടെ ഉള്ളിലൂടെ ഭയത്തിന്റെ സന്ദേശങ്ങൾ പാഞ്ഞുപോയിക്കൊണ്ടിരുന്നു. മൊബൈലിൽ നോക്കിയപ്പോൾ ആറുമണിയാകുവാൻ ഇനിയും പന്ത്രണ്ടുമിനിറ്റുകൾ ബാക്കിയുണ്ട്.

അശ്വതിക്കുനേരെ ഒരുപറ്റം ആളുകൾ പാഞ്ഞടുത്തു. അപ്പോൾ അശ്വതി വിളിച്ചുപറഞ്ഞു. "ഹർത്താൽ നീണാൾ വാഴട്ടെ... ഹർത്താൽ കേരളം..." അശ്വതിയുടെ അടുത്തേയ്ക്ക് പാഞ്ഞടുത്തവർ ഏറ്റുവിളിച്ചു. "ഹർത്താൽ നീണാൾ വാഴട്ടെ... ഹർത്താൽ കേരളം വിജയിക്കട്ടെ." പ്രാണൻ തിരിച്ചുകിട്ടിയ ആശ്വാസത്തിൽ അശ്വതി പൂർവ്വാധികം ശക്തിയിൽ ഇതുതന്നെ ആവർത്തിച്ച് വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു. ആറുമണിയുടെ സൈറൺ ദുർബല ശബ്ദത്തോടെ ആറുപത്തായപ്പോൾ മുഴ

ങ്ങി. ഹർത്താൽ അനുകൂലികൾ മെല്ലെ അവിടെനിന്നും പിൻവലിഞ്ഞു തുടങ്ങി.

ആററയോടെ നിരത്ത് മെല്ലെ സജീവമായിത്തുടങ്ങി. ചില വാഹനങ്ങൾ ഓടിത്തുടങ്ങി. വല്ലായ്കയൊതുക്കി റോഡിന്റെ ഓരം ചേർന്ന് അശ്വതിയും നടന്നു. നഷ്ടപ്പെട്ട കാറിനെപറ്റി, ഹർത്താലിന്റെ സ്വഭാവത്തെപറ്റി,തിരിച്ചുകിട്ടിയ പ്രാണനെക്കുറിച്ച് എല്ലാം അപ്പോൾ ഓർമിച്ചു. അവസരോചിതമായി ഹർത്താലിന് അനുകൂലമായി ശബ്ദമുയത്താൻ തോന്നിയതിൽ ആഹ്ലാദം തോന്നി. അല്ലായിരുന്നെങ്കിൽ പ്രാണനിപ്പോൾ ശരീരത്തിൽ കാണില്ലായിരുന്നല്ലോ?

ദൂരെനിന്നും ഒരു പോലീസ് വാൻ വരുന്നത് ശ്രദ്ധിച്ചു. ഹർത്താൽ കഴിഞ്ഞ് സാന്നിദ്ധ്യമറിയിക്കാൻ വരുന്ന പോലീസിനെ കണ്ടപ്പോൾ അശ്വതിക്ക് ചിരിയാണ് വന്നത്. പോലീസ് വാൻ അവളുടെ മുന്നിലായി ബ്രേക്കിട്ടു നിന്നു.

"വണ്ടിയിൽ കയറടി... കൂത്തച്ചി" തലപുറത്തേയ്ക്കിട്ട എസ്.ഐ. തുടർന്നു. "പെണ്ണാണെന്നു പറഞ്ഞിട്ടെന്താകാര്യം. നീയൊക്കെയാ ഹർത്താലും ബന്ദും നടത്തി ഈ നാടിനെ കുട്ടിച്ചോറാക്കുന്നത്."

മറ്റൊരപകടം മുന്നിൽവന്നു നിൽക്കുന്നതുകണ്ട് അശ്വതി ഭയന്നു. നിയമത്തിന്റെകൂടി സംരക്ഷകരായ പോലീസുകാരുടെ കറുത്ത ഇടപെടലുകളെപറ്റി ഓരോന്ന് ഓർത്തുപോയി. ലോക്കപ്പിലിട്ട് സ്ത്രീകളെ മാനഭംഗപ്പെടുത്തുന്നത്... കൊന്നുകളയുന്നത്... ഇല്ലാത്ത കുറ്റം ചുമത്തി ജയിലിലടയ്ക്കുന്നത്...

കൈവശമുണ്ടായിരുന്ന ഓണം ചാനലിലെ ഐഡന്റിറ്റികാർഡ് കാണിച്ചുകൊണ്ട് ധൈര്യം സംഭരിച്ച് പറഞ്ഞു. "ഞാനൊരു ജേർണലിസ്റ്റാണ്. പേര് അശ്വതി. ഓണം ചാനലിലാണ് വർക്കു ചെയ്യുന്നത്."

എസ്.ഐ. അടിമുടി അശ്വതിയെ നോക്കി. ശരിക്കും പൊള്ളിക്കുന്ന നോട്ടം. അപ്പോഴാണ് വാനിനു പിന്നിലിരിക്കുന്നവരെ ശ്രദ്ധിക്കുന്നത്. കാഴ്ചയിൽ മാന്യൻമാരായ യുവതിയുവാക്കൾ. ഒരു തെറ്റും ചെയ്തിട്ടില്ലെന്ന് അവർ ആവർത്തിച്ചുപറയുന്നതും പരിചയക്കാരും വീട്ടുകാരുമായി ബന്ധപ്പെടുവാനുള്ള അവസരം തരണമെന്നു കെഞ്ചിക്കൊണ്ടിരിക്കുന്നതും അശ്വതി ശ്രദ്ധിച്ചു.

എസ്.ഐ. യുടെ നിർദേശപ്രകാരം വാൻ മുന്നോട്ടെടുത്തു. ആ വാഹനം മെല്ലെ പോകുന്നത് അശ്വതി നോക്കിനിന്നു. ആ വാഹനത്തിലെ പാവങ്ങൾക്ക് എന്തു പറ്റുമെന്നും അവരെ ആരാണ് രക്ഷിക്കാനുള്ളതെന്നും അശ്വതി ചിന്തിച്ചുകൊണ്ടിരുന്നു. അപ്പോൾ ഒന്നും സംഭവിക്കാത്തതുപോലെ ആളുകൾ നടക്കുകയും വാഹനങ്ങൾ പാഞ്ഞുപോകുകയും ചെയ്തുകൊണ്ടിരുന്നു.

മൊബൈൽ ഫോണിൽനിന്നും എസ്.എം.എസ് വന്നതിന്റെ

റിങ്ടോൺ. അശ്വതി മെസേജ് പരിശോധിച്ചു.

Harthal visheshangal
Mullukondu edukendathu
Kunthamkondu eduthu...

ഒരു സ്ത്രീയുടെ പിൻഭാഗത്ത് ഹർത്താൽ അനുകൂലികൾ കുന്തം കൊണ്ട് കുത്തുന്ന ചിത്രവുമുണ്ട്.

കൂടുതൽ ഹർത്താൽ വിശേഷങ്ങൾ കാണേണ്ടെന്നു കരുതി അശ്വതി മൊബൈൽ ഫോൺ സ്വിച്ചോഫ് ചെയ്തു.

# ആ യുവാവ് പരിധിക്കു പുറത്തേയ്ക്ക്

തിരക്കുള്ള നിരത്തിലൂടെ അതിവേഗം ബൈക്ക് പായിക്കുകയായിരുന്നു ബിപിൻ. മനുഷ്യർക്കും വാഹനങ്ങൾക്കുമിടയിലൂടെ പട്ടി, പശു, കാള, കഴുത, പൂച്ച, പന്നി തുടങ്ങിയ മൃഗങ്ങൾ സഞ്ചരിക്കുന്ന ആ നഗരം പല നിഗൂഢതകളുടെയും ഇരിപ്പിടമാണ്. നിയമപാലകരും നിയമനിഷേധകരും ഏറെയുള്ള ആ നഗരം പ്രണയത്തിന്റെയും കാമത്തിന്റെയും മേച്ചിൽപുറമാണെന്നുള്ള അറിവ് ഏറെ യുവാക്കളെയും യുവതികളേയും ആവേശഭരിതരാക്കുന്നുണ്ട്.

ബിപിൻ ബൈക്കിൽ പായുന്നത് മരിയായെ കാണുവാനാണ്. ഇരുപത്തിയാറിലെത്തിനിൽക്കുന്ന കംപ്യൂട്ടർ എഞ്ചിനീയറായ ബിപിൻ ഇരുപത്തിയൊന്നിൽ നിൽക്കുന്ന വിദ്യാർത്ഥിനിയായ മരിയായെ കാണുന്നതും പരിചയപ്പെടുന്നതും യാദൃച്ഛികമായാണ്.

ബിപിനെ സംബന്ധിച്ചിടത്തോളം മരിയ ആരാണെന്ന ചോദ്യത്തിന് കൃത്യമായ ഉത്തരമില്ല. ഒരു സുഹൃത്താണെന്ന് പറയാം. ഒരാൾ മറ്റൊരാൾക്ക് സുഹൃത്താകുന്നത് എങ്ങനെയാണെന്ന ചോദ്യത്തിന് എന്ത് ഉത്തരമാണ് പറയാനുള്ളത്.

സുന്ദരിയായ ഒരു പെൺകുട്ടി.അവൾ ധരിച്ചിരിക്കുന്നത് മനോഹരമായ വസ്ത്രങ്ങളാണ്. അവൾ ഒരു കന്യകയായ മാൻപേടയെപ്പോലെ തുള്ളിച്ചാടി ഓടി വരുകയാണ്. മുഖത്ത് തെല്ല് ഭയം, ശൃംഗാരം, കൗതുകം തുടങ്ങിയ ഭാവങ്ങൾ പരസ്പരം ഇടകലർന്ന് മിന്നിമറഞ്ഞുകൊണ്ടിരിക്കുന്നു. അവൾ ചുറ്റുവട്ടത്തെ ശ്രദ്ധിക്കുന്നേയില്ല. അങ്ങനെ ഓടുന്നതിനിടയിൽ നിരത്തുവക്കിൽനിന്ന ബിപിനെ ഇടിക്കുന്നു. അവൻ യാന്ത്രികമായി അവളെ പിടിക്കുവാൻ തുടങ്ങുമ്പോൾ അതിന് അവസരം കൊടുക്കാതെ തെന്നിമാറി പിന്നെയും ഓടുന്നു. കുറെ നാളുകളായി ബിപിൻ ആവർത്തിച്ചുകണ്ടിരുന്ന സ്വപ്നമായിരുന്നു ഇത്.

മരിയായെ കണ്ടതോടെയാണ് ബിപിൻ ഈ സ്വപ്നം കാണാതായത്. മരിയായെ കണ്ടുമുട്ടിയതും ഈ സ്വപ്നവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ബിപിൻ പലവട്ടം പല വീക്ഷണദിശകളിലൂടെ വിലയിരുത്തിയിട്ടുണ്ട്.

തിരക്കുള്ള നാലുംകൂടിയ ജംഗ്ഷനിൽ ട്രാഫിക് സിഗ്നലും കാത്തുനിൽക്കുമ്പോഴാണ് മരിയ ബൈക്കിന്റെ പിൻസീറ്റിൽ കയറിയത്. പച്ച

സിഗ്നൽ ലൈറ്റ് തെളിയുകയും പിന്നിലുള്ള വാഹനങ്ങൾ ഹോൺ മുഴക്കുകയും ചെയ്തപ്പോൾ മറ്റൊന്നും ആലോചിക്കാതെ ബിപിൻ ബൈക്ക് മുന്നിലേയ്ക്ക് ഓടിച്ചുതുടങ്ങി. ഓടിക്കുന്നതിനിടയിൽ തന്റെ പിന്നിലിരിക്കുന്ന പെൺകുട്ടി സുന്ദരിയാണല്ലോയെന്ന് സന്തോഷത്തോടെ ഓർമിച്ചു. മുന്നറിയിപ്പൊന്നും കൂടാതെ മഴ തെല്ല് ശക്തിയോടെ ചാറിത്തുടങ്ങി. അപ്പോൾ പിന്നിലിരിക്കുന്ന പെൺകുട്ടി ഒരു മുൻപരിചയക്കാരിയെപ്പോലെ പറഞ്ഞു: “വണ്ടി വേഗം വിട്. മഴ നനയുന്നു.”

എന്താണ് സമാധാനം പറയേണ്ടതെന്നറിയാതെ ബിപിനിരുന്നപ്പോൾ പലവട്ടം കണ്ട സ്വപ്നത്തെപറ്റി ഓർമ്മിച്ചു. സ്വപ്നത്തിൽ കണ്ട പെൺകുട്ടിയുടെ മുഖഛായയും പിന്നിലിരിക്കുന്ന പെൺകുട്ടിയുടെ മുഖഛായയും തമ്മിലുള്ള സാദൃശ്യം ഒന്നുകൂടി അവളെ കാണുവാൻ തോന്നിച്ചു.

റോഡ് സൈഡിലെ ഒരു റസ്റ്റോറന്റിനു മുന്നിൽ ബൈക്ക് നിറുത്തി. ബൈക്കിൽനിന്നും ആദ്യമിറങ്ങി റസ്റ്റോറന്റിന്റെ പടികൾ കയറിയത് മരിയായായിരുന്നു. പിന്നാലെ ബിപിനുമെത്തി. ശരിക്കും സ്വപ്നത്തിൽ കണ്ട പെൺകുട്ടിയേക്കാൾ തീക്ഷ്ണ സൗന്ദര്യം മരിയായ്ക്കായിരുന്നു. കഴുത്തിലെ സ്വർണ്ണമാലയിൽ കൊരുത്തിട്ടിരിക്കുന്ന സൗന്ദര്യമുള്ള ചെറിയ കുരിശിന് അവളുടെ സൗന്ദര്യത്തിനെ ഊഷ്മളമാക്കുന്നതിൽ നിർണ്ണായക സ്ഥാനമാണുള്ളത്. മരിയായുടെ ക്ഷണം സ്വീകരിച്ച് ബിപിൻ റസ്റ്റോറന്റിനുള്ളിലേയ്ക്കു കയറി. നല്ലതുപോലെ മഴ നനഞ്ഞിരുന്നിട്ടും അവൾ ഓർഡർ ചെയ്തത് ഐസ്ക്രീമായിരുന്നു. ബിപിൻ ഒരു കോഫിയും ഓർഡർ ചെയ്തു.

ഐസ്ക്രീം കഴിക്കുന്നതിനും കോഫി കുടിക്കുന്നതിനുമിടയിൽ അവർ പേരുകൾ ചോദിച്ച് മനസ്സിലാക്കി. നനഞ്ഞൊട്ടിയ വസ്ത്രങ്ങൾക്കിടയിലൂടെ മരിയായുടെ സൗന്ദര്യം ബിപിൻ ശ്രദ്ധിച്ച് കൊണ്ടിരുന്നു. അതിനിടയിൽ ബിപിൻ മരിയായുടെ മനോഹരമായ ഫോണെടുത്ത് കൗതുകത്തോടെ സ്പർശിക്കുകയും നോക്കുകയും ചെയ്തു. മെല്ലെ അവന്റെ നമ്പർ ഞെക്കി ഡയൽ ചെയ്തു. ബിപിന്റെ ഫോൺ ഒരു തമിഴ് പ്രണയഗാനം ആലപിച്ചു.

“വളരെ തന്ത്രപൂർവ്വം നീയെന്റെ ഫോൺ നമ്പർ അടിച്ചുമാറ്റിയല്ലേ?” മരിയ ചോദിച്ചു. “പൊതുവെ പുരുഷന്മാർക്കെല്ലാം സ്ത്രീശരീരത്തോടും അവരുടെ സാമ്യത്തോടുമുള്ള ആഗ്രഹത്തിൽ ഒരു കള്ളന്റെ മനസാണുള്ളതല്ലെ?”

ബിപിൻ ഉത്തരമൊന്നും പറയാതെ ചിരിച്ചു. മെല്ലെ ആഗ്രഹത്തോടെ അവളുടെ കൈകളിൽ സ്പർശിച്ചു. മരിയ കൈകൾ ലജ്ജയോടെ പിൻവലിച്ചു. ബിപിന്റെ കണ്ണുകളിലേയ്ക്ക് ആഴത്തിൽ നോക്കിക്കൊണ്ട് ചോദിച്ചു “പെയ്തുകൊണ്ടിരിക്കുന്ന ഈ മഴയിലൂടെ നിന്റെ ബൈക്കിന്റെ പിന്നിലിരുത്തി എന്നെ ഓടിക്കുമോ? ഈ മഴ തീരുന്നിടം വരെ?”

മഴ തീരരുതെന്ന ആഗ്രഹത്തോടെ ബിപിൻ മരിയായെയും പിന്നിലിരുത്തി ബൈക്ക് ഓടിച്ചു തുടങ്ങി. ബിപിന്റെ ശരീരം തണുക്കുകയും

വിറക്കുകയും ചെയ്തിട്ടും മരിയായുടെ ശരീരത്തിന്റെ ചൂട് കുറഞ്ഞില്ല. അവൾ മഴയേയും അതിന്റെ സ്പർശനത്തെയും ആസ്വദിച്ചുകൊണ്ടിരുന്നു. പലപ്പോഴും ബിപിൻ അടുത്തുണ്ടെന്ന വിചാരംപോലും അവൾക്കില്ലായിരുന്നു.

പരിചയം ബിപിനും മരിയായ്ക്കുമിടയിൽ അടുപ്പം സൃഷ്ടിച്ചു. സ്വപ്നങ്ങളെപറ്റി ബിപിൻ പറഞ്ഞപ്പോഴും പ്രണയിക്കുവാൻ തയ്യാറാണെന്ന് ആവർത്തിച്ചപ്പോഴും മരിയ നിശബ്ദയായിരുന്നു. ബിപിന്റെ ആവർത്തിച്ചുള്ള പ്രണയാഭ്യർത്ഥനയ്ക്ക് മരിയ ഉത്തരം നൽകിയത് അവളുടെ മൊബൈൽ ഫോണിലെ 'നൈറ്റ് റെയിൻ' എന്ന ഹ്രസ്വചിത്രത്തിലൂടെയാണ്.

മരിയായുടെ ഫോണിലെ സ്ക്രീനിൽ ബിപിൻ ഹ്രസ്വചിത്രം കണ്ടുതുടങ്ങി. തിമിർത്ത് പെയ്യുന്ന രാത്രിമഴ. കാറ്റ് മഴത്തുള്ളികളെ ചുഴറ്റിക്കറക്കി അതിന്റെ സാന്നിദ്ധ്യം വന്യമായി അറിയിച്ചുകൊണ്ടിരിക്കുന്നു. സുപരിചിതമായ നഗരത്തിലെ വീഥികൾ വിജനമായിരുന്നു. രാത്രിമഴയിലൂടെ ലൈറ്റും തെളിച്ച് ചില വാഹനങ്ങൾ പൊയ്ക്കൊണ്ടിരുന്നു. കന്നുകാലിക്കൂട്ടങ്ങൾ മഴയിലൂടെ ലക്ഷ്യമില്ലാതെ നടന്നുകൊണ്ടിരുന്നു. ഒരു കാറിന്റെ ഹെഡ്ലൈറ്റിന്റെ വെളിച്ചത്തിൽ നനഞ്ഞ വസ്ത്രങ്ങൾ ധരിച്ച് നൃത്തം വയ്ക്കുന്ന യുവതി. അവളുടെ മുഖത്തേയ്ക്ക് നനഞ്ഞൊട്ടിയ മുടിയിഴകൾ വീണുകിടക്കുന്നു. അവൾ ക്യാമറായ്ക്ക് പിൻതിരിഞ്ഞു നിന്ന് മഴയിൽ കുതിർന്ന വസ്ത്രങ്ങൾ ഒന്നൊന്നായി ശരീരത്തിൽ നിന്നും വലിച്ചൂരിയെറിഞ്ഞു. പിന്നെയവൾ നിരത്തിലൂടെ ഉത്സാഹത്തോടെ ഓടിത്തുടങ്ങി. പിന്നാലെ ഹെഡ്ലൈറ്റും തെളിച്ച് കാറും നീങ്ങിത്തുടങ്ങി. നഗരത്തിലെ സുപരിചിതമായ ഓരോ സ്ഥലങ്ങൾക്കു മുന്നിലൂടെയും മഴയുടെ സൗന്ദര്യവും ആസ്വദിച്ച് യുവസ്ത്രീസൗന്ദര്യത്തിന്റെ പിൻഭാഗം ആഘോഷത്തോടെ ചലിപ്പിച്ച് അവൾ ഓടുകയാണ്. നഗരത്തിലെ പ്രസിദ്ധമായ ഒരു സിനിമാശാലയ്ക്കു മുന്നിൽ അവൾ എത്തി. മലയാളത്തിലെ അറിയപ്പെടുന്ന നായികയുടെ കട്ടൗട്ടിനു മുന്നിൽ വച്ച് അവൾ ക്യാമറായ്ക്ക് അഭിമുഖമായി നിന്നു.

നായികയുടെ മുഖത്തുനിന്നും ക്യാമറ സഞ്ചരിച്ച് യുവതിയുടെ മുഖം ഒഴിവാക്കി കഴുത്തിൽ എത്തിനിന്നു. കഴുത്തിലെ കുരിശുരൂപം മഴവെള്ളത്തിന്റെ നനവിൽ ശരീരത്തിൽ പറ്റിപിടിച്ചുകിടന്നു. ക്യാമറ മെല്ലെ താഴേയ്ക്ക് സഞ്ചരിച്ചുകൊണ്ടിരുന്നു. സ്ത്രീസൗന്ദര്യത്തിന്റെ ദൃശ്യഭാവങ്ങൾ ഒപ്പിയെടുത്ത് കാൽപാദം വരെയെത്തി. ക്യാമറായുടെ ചലനം നിലച്ചു. മൊബൈൽ ഫോണിന്റെ സ്ക്രീനിൽ നിശ്ചലമായ ഇരുട്ട് വ്യാപിച്ചു നിന്നു.

ബിപിൻ വല്ലായ്കയോടെ മരിയായുടെ കണ്ണുകളിലേയ്ക്കുനോക്കി. പിന്നെ അവളുടെ കഴുത്തിൽ കിടക്കുന്ന കുരിശിലേയ്ക്കായി നോട്ടം.

"ജീവിതത്തെ അനുനിമിഷം ആഘോഷിക്കുന്നവളാണ് ഞാൻ." മരിയ പറഞ്ഞു: "എല്ലാ ആഘോഷങ്ങളിലും ശരീരം കേന്ദ്രവും ഉപകരണവു

മാകുന്നത് ചില ഇഷ്ടത്തിന്റെയും ആഗ്രഹത്തിന്റെയും ഫലമായാണ്".

എന്താണ് പറയേണ്ടതെന്നറിയാതെ കുഴങ്ങിനിന്ന ബിപിനോട് മരിയ തുടർന്നുപറഞ്ഞു: "കാമം ആഗ്രഹിച്ച് എന്റെ അടുത്തുവരുന്നവരാണ് ഏറെയും. നിനക്കെങ്കിലും എന്നെ അങ്ങനെയല്ലാതെ ഒരു നല്ല സുഹൃത്തായി ഇഷ്ടപ്പെട്ടുകൂടേ."

അതിന് ഉത്തരം പറയാൻ ബിപിന് കഴിഞ്ഞില്ല.

ബിപിൻ പിന്നീട് കാണുന്ന സ്വപ്നങ്ങളെല്ലാം മഴയിൽ നനഞ്ഞുകുളിച്ചു നിൽക്കുന്ന മരിയായുടെതായിരുന്നു. അവളുടെ ശരീരചലനങ്ങളും ഭാവപ്രകടനങ്ങളും സ്വപ്നത്തിലൂടെ വന്ന് ബിപിന്റെ ഉറക്കവും സമാധാനവും തല്ലിക്കെടുത്തിക്കൊണ്ടിരുന്നു.

ഒരു ദിവസം ബിപിൻ മൊബൈലിലൂടെ മരിയായെ വിളിച്ച് അവന്റെ സ്വപ്നത്തെപറ്റി പറഞ്ഞു. ഉറക്കവും സമാധാനവും തിരിച്ചുനൽകുവാൻ മരിയായ്ക്കുമാത്രമെ കഴിയുകയുള്ളൂ എന്നും തീർത്തുപറഞ്ഞു.

നഗരത്തിനുപുറത്തുള്ള ഒരു ക്ഷേത്രത്തിനു സമീപം വെച്ച് ബിപിനെ കാണണമെന്ന് മരിയ ആഗ്രഹം പ്രകടിപ്പിച്ചു. മരിയായുടെ അടുത്തേയ്ക്കാണ് ബിപിൻ തിരക്കുള്ള നിരത്തിലൂടെ അതിവേഗം ബൈക്ക് പായിക്കുന്നത്.

ബിപിൻ ക്ഷേത്രത്തിനു സമീപം ഏകയായി നിൽക്കുന്ന മരിയായുടെ അടുത്തെത്തി. അവളുടെ വശ്യമായ സൗന്ദര്യത്തെ ജ്വലിപ്പിച്ചുകൊണ്ട് കഴുത്തിൽ കുസൃതിയോടെ കുരിശ് ചേർന്നുകിടന്നു. അവൾ ധരിച്ചിരിക്കുന്ന വസ്ത്രങ്ങൾ നേർത്തതും ശരീരത്തിന്റെ സൗന്ദര്യം ഉത്സവത്തോടെ വിളിച്ച് കാണിക്കുന്നതുമാണ്.

മരിയ ആത്മാർത്ഥമായി ബിപിനോട് ചോദിച്ചു: "നിനക്ക് എന്നോടുള്ള സ്നേഹം ആത്മാർത്ഥമാണോ?"

ബിപിൻ മാനത്തേയ്ക്കു നോക്കിയപ്പോൾ കറുത്തിരുണ്ട മേഘങ്ങളാണ് കണ്ടത്. ആ മേഘങ്ങൾക്കിടയിലൂടെ മിന്നൽപിണർ പാഞ്ഞു. ഇടിയുടെ മുഴക്കം മഴയുടെ വരവിനെ വിളിച്ചറിയിച്ചു. മഴത്തുള്ളികൾ അവരുടെ ശരീരത്തിലേയ്ക്ക് കാറ്റിൽ പറന്ന് വീണു തുടങ്ങി. അപ്പോൾ ബിപിൻ പറഞ്ഞു: "ഈ സായാഹ്നമഴയെപ്പോലെ ഊഷ്മളവും തീക്ഷ്ണവുമാണ് എനിക്ക് നിന്നോടുള്ള ഇഷ്ടം."

"ബിപിൻ, നീ എനിക്ക് ഒരു ഉപകാരം ചെയ്യണം." മരിയ പറഞ്ഞു. "നിന്റെ ബ്ലഡ് ഗ്രൂപ്പ് ബി പോസിറ്റിവാണെന്നറിയാം. നിന്റെയൊരു കിഡ്നി എനിക്കുതരണം". തെല്ല് ശക്തിയോടെ പെയ്തു തുടങ്ങിയ മഴയിൽ ഇടിവെട്ടേറ്റവനെപോലെ ബിപിൻ നിന്നു.

"പ്രശാന്തിനു വേണ്ടിയാണ് കിഡ്നി." മരിയ പറഞ്ഞു തുടങ്ങി: "എന്നെ ഇഷ്ടപ്പെടുന്ന യുവാവാണ് പ്രശാന്ത്. പ്രശാന്തിനെ എനിക്കും

ഇഷ്ടമാണ്. അന്ന് മൊബൈലിൽ കാണിച്ച എന്റെ ചിത്രമെടുത്തത് പ്രശാന്താണ്. ഒരു കലാകാരനെന്ന നിലയിൽ അവന് നല്ലൊരു ഭാവി യുണ്ട്. ഒരു നല്ല സുഹൃത്തെന്ന നിലയിൽ നീയെന്നെ സഹായിക്കണം. നീ മാത്രമേ എന്നെ സഹായിക്കാനുള്ളൂ."

മഴ കനക്കുകയും കാറ്റ് ശക്തിയായി അടിക്കുകയും ചെയ്തുകൊണ്ടിരുന്നു. മിന്നലും ഇടിനാദവും കൂടിക്കലർന്ന് പ്രകാശവും ശബ്ദവും കൊണ്ട് ഭൂമിയെ പ്രകമ്പനംകൊള്ളിച്ചു.

വല്ലായ്കയോടെ ബിപിൻ മരിയായുടെ കണ്ണുകളിലേയ്ക്ക് നോക്കി. പിന്നെ നോട്ടം തറച്ചുനിന്നത് അവളുടെ കഴുത്തിലെ കുരിശിലായിരുന്നു.

ബൈക്ക് സ്റ്റാർട്ടാക്കി വേഗം തന്നെ ബിപിൻ അവിടെനിന്നും തിരിച്ച് ഓടിച്ചു തുടങ്ങി. അവന്റെ മൊബൈൽ തമിഴ് പ്രണയഗാനം ആലപിച്ചുതുടങ്ങി. കീശയിൽ നിന്നുമെടുത്ത മൊബൈലിന്റെ സ്ക്രീനിൽ തെളിഞ്ഞ ചിത്രം മരിയായുടേതായിരുന്നു. ബൈക്ക് ഓടിക്കുന്നതിനിടയിൽത്തന്നെ മൊബൈൽഫോൺ തുറന്ന് അതിലെ സിംകാർഡ് എടുത്ത് ഒടിച്ചുഞ്ഞുറുക്കി നിരത്തുവക്കിലെ ഓടയിൽക്കൂടി ഒഴുകുന്ന വെള്ളത്തിലേയ്ക്കിട്ടു. നമ്പർ നഷ്ടപ്പെട്ടതോടെ മൊബൈലിലേക്കുള്ള സിഗ്നലുകൾ നിലച്ചു.

തിമിർത്തു പെയ്യുന്ന മഴയിൽ എല്ലാ നമ്പരുകളുമായുള്ള ബന്ധം വിച്ഛേദിച്ച് ഏകനായി ബൈക്കിൽ പരിധിക്കുപുറത്തുകൂടി യാത്ര ചെയ്തു. പ്രണയത്തിന്റെയും കാമത്തിന്റെയും മേച്ചിൽപുറമായ ആ നഗരത്തിൽ പരിധിക്കു പുറത്തുകൂടി യാത്ര ചെയ്യുന്നവരെപറ്റി ബിപിൻ ആലോചിച്ചുകൊണ്ടിരുന്നു. അപ്പോൾ പോത്തുകളുടെ ഒരുകൂട്ടം ബൈക്കിനുമുന്നിൽ പ്രത്യക്ഷമായി. കൊലയ്ക്കായി കൊണ്ടുപോകുന്ന ആ മൃഗങ്ങൾ മഴയാസ്വദിച്ച് നടക്കുകയാണ്. ഏതെല്ലാമോ തീൻമേശകളിലേക്ക് എത്തിച്ചേരുന്നതിനെക്കുറിച്ച് തെല്ലും ബോധമില്ലാതെ അവ മഴക്കുളിരിൽ സ്വയം മറക്കുകകയാണ്.

# ഹാഹി... മലയാളി

അനുദിനം പുരോഗതിയിലേയ്ക്കു കുതിക്കുന്ന ആ പ്രദേശത്ത് അൻവർ അബ്ദുള്ളയെത്തിയത് പുതുമയുള്ള ഒരു തിരക്കഥ എഴുതുന്നതിനാണ്. ഇൻഫർമേഷൻ വ്യവസായങ്ങളും ടൂറിസവുമെല്ലാം ആ പ്രദേശത്തിന്റെ വളർച്ചയിൽ നിർണ്ണായകമായ സ്വാധീനമാണ് ചെലുത്തിയിരിക്കുന്നത്.

എല്ലാവർക്കും തൊഴിൽ, എല്ലാവർക്കും തിരക്ക്, എല്ലാവർക്കും സമ്പത്ത് – ഇത് ആ പ്രദേശത്തിന്റെ അനുഗ്രഹവും പ്രത്യേകതയുമാണ്. ഐശ്വര്യസമൃദ്ധി നിറഞ്ഞുനിൽക്കുന്ന ഈ പശ്ചാത്തലത്തിൽനിന്ന് ചാരുതയോടെ യുവത്വമുള്ള പ്രണയകഥ സൃഷ്ടിച്ചെടുക്കുകയാണ് അൻവറിന്റെ ലക്ഷ്യം.

പ്രണയം അത് എന്നും എപ്പോഴും എവിടേയും സംഭവിച്ചുകൊണ്ടിരിക്കുന്ന ഏറ്റവും ആർദ്രതയുള്ള മാനുഷിക ഭാവമാണ്. ഇതിലെ കഥാപാത്രങ്ങളും പശ്ചാത്തലങ്ങളും സംഭവപരമ്പരകളും സ്ഥലകാലസംസ്കാരങ്ങൾക്കനുസരിച്ച് ചെറുതായി മാറിക്കൊണ്ടിരിക്കുമെന്നുമാത്രം. തീവ്രമായി പ്രണയിക്കുകയും അതിന്റെ സാക്ഷാത്ക്കാരത്തിനായി ഏതു പ്രതിബന്ധങ്ങളെയും തച്ചുടക്കുകയും ചെയ്യുന്നവരുടെ ചരിത്രമാണ് ഒരുതരത്തിലല്ലെങ്കിൽ ഇനിയൊരു തരത്തിൽ കഥയായി പുനർജ്ജനിക്കുന്നത്.

യാഥാർത്ഥ്യത്തിന്റെ ഒരംശം കിട്ടിയാൽ അതിൽ കല്പിത ഭാവങ്ങളും അവസ്ഥകളും ചേർത്ത് നാടകീയമായ കഥ സൃഷ്ടിക്കുകയാണ് സാധാരണ ചെയ്യുന്നത്. മുൻവിധികൾ ഒന്നുമില്ലാതെ അൻവർ ഒരു സായാഹ്നത്തിൽ ആ പ്രദേശത്തെ തെല്ല് തിരക്കുള്ള നിരത്തിലേയ്ക്കിറങ്ങി.

യുവത്വത്തിന്റെ പ്രസരിപ്പ് ആഘോഷമായി കൊണ്ടാടുന്ന പുത്തൻ തലമുറക്കാരെ കൗതുകത്തോടെ നിരീക്ഷിച്ചുകൊണ്ട് അൻവർ നിരത്തിലൂടെ നടന്നു. മൊബൈൽഫോൺ പലരുടെയും ശരീരത്തിലെ അനിവാര്യമായ ആശയവിനിമയ ഉപകരണവും കലാസ്വാദന മാധ്യമവുമായി തോന്നി. വിലകൂടിയ വാഹനങ്ങളിൽ ശീതീകരിച്ച സൗകര്യത്തിനുള്ളിൽ സ്വപ്നങ്ങളുടെ ആത്മസാക്ഷാത്കാരം നേടിയ സന്തോഷത്തോടെ യാത്ര ചെയ്യുന്നവർ. ബൈക്കുകളിൽ കോമാളിവേഷം കെട്ടി പെൺകുട്ടികളാട് അശ്ലീലച്ചുവയുള്ള വർത്തമാനങ്ങളും വിളമ്പി ഇരമ്പി

പറന്നു നടക്കുന്ന അസ്വസ്ഥതയുള്ള കറുത്ത യുവാക്കൾ. സ്ത്രീശരീരത്തിന്റെ ത്രസിപ്പിക്കുന്ന സൗന്ദര്യം ഒന്നാകെ ചുറ്റുമുള്ളവർക്കു മുന്നിൽ പ്രദർശിപ്പിച്ച് നടക്കുന്ന ആധുനിക സുന്ദരിമാർ. ബൈക്ക് ഓടിക്കുന്ന യുവാവിനെ പിന്നിൽനിന്നും ഇക്കിളിപ്പെടുത്തുന്ന രീതിയിൽ ആലിംഗനം ചെയ്ത് നഗരപ്രദക്ഷിണം നടത്തുന്നവർ. നിരത്തിലൂടെ പ്രായവും സംസ്കാരവും മറന്ന് ചുറ്റുമുള്ള സമൂഹത്തോട് പ്രണയത്തിന്റെ പുതുമയുള്ള ഭാഷകൾ കണ്ടുകൊള്ളുകയെന്ന് നിശ്ശബ്ദം വിളിച്ചുപറഞ്ഞ് കൈകൾ കോർത്തുപിടിച്ചും തോളുകളിൽ കൈകൾ ഇട്ടും ഇടയ്ക്ക് മൃദുവായി ചുംബിച്ചും നീങ്ങുന്നവർ.

പ്രണയമെന്ന മനോഹരവും മാർദ്ദവവുമായ വികാരം കാമമെന്ന തീക്ഷണവും അസ്വസ്ഥവുമായ വികാരത്തിന് വഴിമാറിയിരിക്കുന്നു. ഇതിനെ ജ്വലിപ്പിച്ചുയർത്തുവാൻ പര്യാപ്തമായ തിരക്കുകൾ അനുദിനം സമൂഹത്തിൽ ഏറുകയാണ്. അനുദിനം മാറുന്ന അസ്വസ്ഥജനകമായ സമൂഹത്തിന്റെ മന:സാക്ഷിയിലൂടെ കണ്ണുപായിച്ച് അൻവർ നിരത്തിലൂടെ നടന്നുകൊണ്ടിരുന്നു. വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുവാൻ കാട്ടിക്കൂട്ടുന്ന കോമാളിക്കളികൾ ഏറെയും ആസ്വദിക്കുന്നത് സ്വദേശികളാണ്. അവരാണ് സമൂഹത്തിന്റെ മാറ്റവും വേഗതയും ഒരു വലിയ അളവുവരെ നിർണ്ണയിക്കുന്നത്.

നടക്കുന്നതിനിടയിലാണ് സജീവമായ 'ഗ്രാമകന്യക'യെന്ന റസ്റ്റോറന്റ് കണ്ണിൽ പെട്ടത്. അൻവർ ആ റസ്റ്റോറന്റിനുള്ളിലേയ്ക്കുകയറി. മൃദുലമായ സംഗീതവും ഭക്ഷണങ്ങളുടെ രുചിയുണർത്തുന്ന ഗന്ധവും ആ അന്തരീക്ഷത്തിന്റെ ആകർഷണീയത വർദ്ധിപ്പിച്ചു. വിലകൂടിയ വസ്ത്രങ്ങൾ ആധുനികരീതിയിൽ ധരിച്ചിരിക്കുന്നവരാണ് അവിടെയെത്തിയവരെല്ലാംതന്നെ. പ്രായഭേദമന്യേ സ്ത്രീപുരുഷന്മാർ ജോഡിയായിട്ടാണ് സംസാരിച്ചിരിക്കുന്നത്. അൻവർ ഒരു വശത്തുള്ള ഇരിപ്പിടത്തിൽ ഏകനായിരുന്നു.

ബ്രൂകോഫി രുചിയോടെ ഊതിക്കുടിക്കുന്ന അൻവറിന്റെ അടുത്തേയ്ക്ക് ഒരു മധ്യവയസ്കൻ വന്നു. എതിർവശത്തെ കസേരയിലിരുന്ന് സ്വയം പരിചയപ്പെടുത്തി സംസാരിച്ചു: "ഞാൻ ഗോപകുമാർ. ചെറിയ ബിസിനസൊക്കെയായി കഴിയുന്നു. താങ്കളെ എനിക്കറിയാം. പ്രസിദ്ധ സംവിധായകനായ അൻവർ അബ്ദുള്ളയല്ലേ?"

അൻവർ അതെയെന്ന അർത്ഥത്തിൽ മെല്ലെ പുഞ്ചിരിച്ച് തലയാട്ടി. തന്നെ മുൻപരിചയമില്ലാത്ത ഒരാൾ തിരിച്ചറിഞ്ഞതിൽ തെല്ല് സന്തോഷവും തോന്നി.

നന്നായി സംസാരിക്കുന്ന ഗോപകുമാറിന് വേഗം തന്നെ അൻവറിന്റെ സൗഹൃദം പിടിച്ചുപറ്റാനായി. ഗോപകുമാറിന്റെ ബിസിനസ് എന്താണെന്ന് അറിയുവാൻ അൻവർ ആകാംക്ഷയോടെ ഒന്നുരണ്ടു പ്രാവശ്യം തിരക്കി. ടൂറിസവുമായി ബന്ധപ്പെട്ട ചില ബിസിനസാണെന്ന് ഗോപകുമാർ ഒഴുക്കൻ മട്ടിൽ ഉത്തരം പറഞ്ഞു.

ഗോപകുമാറിന്റെ നിർബന്ധത്തിനു വഴങ്ങി അൻവർ അയാളുടെ വീട്ടിൽ ചെല്ലാമെന്നു സമ്മതിച്ചു. അൻവർ റസ്റ്റോറന്റിൽനിന്നും പുറത്തേയ്ക്കിറങ്ങി. ഗോപകുമാർ ഒരു കറുത്ത സ്കോർപിയോയുടെ അടുത്തേയ്ക്ക് അൻവറിനെ നയിച്ചു. അതിന്റെ മുന്നിലെ ഗ്ലാസിൽ ഹാ... ഹി...ഹാ...ഹി... എന്ന് ഇംഗ്ലീഷിൽ എഴുതിവച്ചിരുന്നത് അൻവർ ശ്രദ്ധിച്ചു. തുടർന്ന് ഗോപകുമാർ തുറന്നുകൊടുത്ത വാതിലിലൂടെ വണ്ടിയ്ക്കുള്ളിലേയ്ക്കു കയറി.

സ്കോർപിയോ മനോഹരമായ വലിയൊരു വീടിനു മുമ്പിലാണ് നിന്നത്. ഗോപകുമാർ ആത്മവിശ്വാസത്തോടെ ചിരിച്ചുകൊണ്ട് ഇതാണ് തന്റെ ചെറിയ വീടെന്നു പറഞ്ഞു. അൻവർ ഗോപകുമാറിനൊപ്പം ആ വീടിനുള്ളിലേയ്ക്ക് നടന്നു.

ഗോപകുമാർ തന്റെ ഭാര്യയായ ലാവണ്യയേയും മക്കളായ രാഖിയേയും ഐശ്വര്യയേയും അൻവറിന് പരിചയപ്പെടുത്തി. ഈ പെൺസാമ്രാജ്യത്തിലെ ഏക പുരുഷപ്രജയാണ് താനെന്ന് തമാശയോടെ പറഞ്ഞു. അവരുടെ വസ്ത്രധാരണം അൻവറിൽ ആകെയൊരു അസ്വസ്ഥത സൃഷ്ടിച്ചു. ലാവണ്യ നേർത്ത സാരി അവളുടെ ചുഴിഞ്ഞ പുക്കിളിന് താഴെയാണ് കുത്തിയിരിക്കുന്നത്. ശരീരത്തിന്റെ വടിവും സൗന്ദര്യവും എടുത്തുകാണിക്കുന്ന രീതിയിലുള്ള ചലനങ്ങൾ. പതിനെട്ടും ഇരുപതും വയസ്സ് തോന്നിക്കുന്ന രാഖിയും ഐശ്വര്യയും മിനിസ്കേർട്ടും ഇറുകിയ ടോപുമാണ് ധരിച്ചിരിക്കുന്നത്. അവരും നല്ലതുപോലെ ഒരുങ്ങിയിരിക്കുന്നു. സുഗന്ധതൈലങ്ങളുടെ വശ്യമായ ഗന്ധം അവിടെല്ലാം വ്യാപിച്ചിട്ടുണ്ട്.

ഗോപകുമാർതന്നെ അൻവറിനെ അവർക്ക് പരിചയപ്പെടുത്തി. അൻവറിന്റെ സിനിമകൾ പലതും അവർ കണ്ടിട്ടുള്ളതുമാണ്. ലാലെല്ലാ തെരുവിൽ വന്നുതാമസിക്കുന്നത് ഒരു തിരക്കഥയെഴുതാനാണെന്ന് സംസാരത്തിനിടയിൽ അൻവർ അവരോടു പറഞ്ഞു. ഐശ്വര്യ ഉള്ളിലെ ആഗ്രഹം മറച്ചുവയ്ക്കാതെ തുറന്ന് ചോദിച്ചു: "അൻവർസാറിന്റെ സിനിമയിൽ എനിക്കൊരു ചാൻസ് തരുമോ?"

അൻവർ അതിന് ഉത്തരമൊന്നും പറയാതെ ചിരിച്ചതേയുള്ളൂ. ലാവണ്യ കൊണ്ടുവന്ന ചെറുതണുപ്പുള്ള ഓറഞ്ച്ജ്യൂസ് ഐശ്വര്യ മേടിച്ച് അൻവറിനു കൊടുത്തു. അൻവർ അതുവാങ്ങി മെല്ലെ കുടിച്ചുതുടങ്ങി.

ലാവണ്യയും രാഖിയും അൻവറിന്റെ ഇരുവശത്തുമായിരുന്ന് സിനിമകളെപറ്റി കൗതുകത്തോടെ പലതും ചോദിച്ചു കൊണ്ടിരുന്നു. ഇതിനിടയിൽ ഗോപകുമാറും ലാവണ്യയും അടുത്ത മുറിയിലേയ്ക്ക് പോയി. ഐശ്വര്യ മെല്ലെ അൻവറിന്റെ വലതുകൈ തന്റെ കൈകളിലെടുത്ത് പറഞ്ഞു: "അങ്കിൾ പറയുന്നതെന്തും ചെയ്യുവാൻ ഞങ്ങൾ തയ്യാറാണ്." അൻവറിന്റെ പരിഭ്രമംകണ്ട് രാഖി ചിരിച്ചു. തുടർന്ന് അവളും നയം വ്യക്തമാക്കി:"അങ്കിൾ ഭയപ്പെടേണ്ട കാര്യമൊന്നുമില്ല. ഡാഡിക്കും മമ്മിക്കുമൊന്നും ഇതിൽ യാതൊരു എതിർപ്പുമില്ല."

അൻവർ അവരെ തട്ടിമാറ്റി ഇരിപ്പിടത്തിൽ നിന്നും എഴുന്നേറ്റു. എങ്ങനെ പ്രതികരിക്കണമെന്നറിയാതെ ചുറ്റും നോക്കി. വേഗം തന്നെ അവിടെനിന്നും നടന്ന് പുറത്തേയ്ക്കു കടക്കുവാനുള്ള വാതിലിന്റെ അടുത്തെത്തി. ഒന്നും സംഭവിക്കാത്തതുപോലെ അവിടേയ്ക്കുവന്ന ഗോപകുമാറിന്റെ ഷർട്ടിൽപിടിച്ച് അൻവർ രോഷത്തോടെ പറഞ്ഞു. "ജീവനുള്ള ശവം. സ്വന്തം മക്കളെ..." തുടർന്ന് കരണത്തിനിട്ട് ഒറ്റയടി.

രാഖിയും ഐശ്വര്യയും അവിടേയ്ക്ക് ഓടിവന്ന് അൻവറിനെ പിടിച്ചകറ്റുവാൻ ശ്രമിച്ചു. അവരെ സഹായിക്കുവാൻ ലാവണ്യയുമെത്തി. ഗോപകുമാർ അങ്ങനെതന്നെ നിശ്ചലം നിൽക്കുകയാണ്. രാഖിയും ഐശ്വര്യയും ലാവണ്യയും കൂടിച്ചേർന്ന് അൻവറിനെ പിടിച്ചൊതുക്കി ഭിത്തിയോടു ചേർത്തുനിർത്തി. എന്റെ അച്ഛനെ തല്ലുമോയെന്നുചോദിച്ച് രാഖി അൻവറിന്റെ കരണത്തടിച്ചു. മൽപിടുത്തത്തിനിടയിൽ എപ്പോഴോ കതകിന്റെ വാതിലിൽകൊണ്ട് അൻവറിന്റെ തലപൊട്ടിയിരുന്നു. തലയിൽ നിന്നും രക്തം ശരീരത്തിലേയ്ക്ക് ഒഴുകി.

ഗോപകുമാറിന്റെ നിർദേശപ്രകാരം ലാവണ്യ ഫ്രിഡ്ജിൽനിന്നും ഐസുകട്ടകളുമായെത്തി. ഗോപകുമാർതന്നെ ഐസ് അൻവറിന്റെ പൊട്ടിയ തലയുടെ ഭാഗത്തുവച്ചു. അൻവറിനെ അവിടെനിന്നും പുറത്തേയ്ക്ക് കൊണ്ടുവന്നു. ഗോപകുമാർ ക്ഷമാപണത്തോടെ സംസാരിച്ചുതുടങ്ങി. "നിങ്ങളെ എനിക്ക് മനസിലാക്കുവാൻ കഴിഞ്ഞില്ല. ബുദ്ധിമുട്ടിപ്പിച്ചതിൽ ക്ഷമിക്കണം." ആ ക്ഷമാപണം കേട്ടപ്പോൾ അൻവറിന് ആശ്ചര്യമാണുണ്ടായത്.

"അല്പംമുമ്പ് നിങ്ങളെന്നെ വിളിച്ചത് ശരിയും തെറ്റുമാണ്" ഗോപകുമാർ നയം വ്യക്തമാക്കി സംസാരിച്ചുതുടങ്ങി. "ജീവനുള്ള ശവമെന്ന്. ഞങ്ങൾ കുടുംബമടച്ച് ആത്മഹത്യ ചെയ്യുവാൻ തീരുമാനിച്ചതാ. ജീവിക്കാൻ പിന്നെ ഇങ്ങനെയുള്ള വേഷവും തൊഴിലും ചെയ്യേണ്ടിവന്നു."

അൻവറിനുള്ളിലെ സിനിമാക്കാരൻ ഉണർന്നു. ആത്മഹത്യ ചെയ്യുവാൻ ഗോപകുമാറിനെയും കുടുംബത്തെയും പ്രേരിപ്പിച്ചത് എന്താണെന്ന് അറിയുവാനുള്ള ആഗ്രഹം ആകാംക്ഷയായി വളർന്നു.

"എന്തിനായിരുന്നു നിങ്ങൾ ആത്മഹത്യ ചെയ്യാൻ തീരുമാനിച്ചത്?" അൻവർ ചോദിച്ചു.

"അതൊരു ചരിത്രസംഭവമാണ്". ഗോപകുമാർ ഭൂതകാലം ഓർമിച്ച് സംസാരിച്ചു തുടങ്ങി. "തൊഴിലാളികളുടെ പാർട്ടി മുതലാളിത്തത്തിലൂടെയേ വികസനം സാധ്യമാകുകയെന്ന് വിശ്വസിച്ച് മുൻനയങ്ങൾ മാറ്റിയകാലം. ഈ പ്രദേശത്തിന്റെ വികസനം ടൂറിസത്തിലൂടെ നടത്തുവാൻ തീരുമാനിച്ചു. ടൂറിസ്റ്റ്വില്ലയും ഹോട്ടലും നിർമ്മിക്കാനായി ചരൺഗ്രൂപ്പിന് അഞ്ഞൂറ് ഏക്കർസ്ഥലം നൽകുവാൻ ഉറച്ചു. അന്ന് കുടി

യിറക്കപ്പെട്ട ഇരുനൂറ്റി ഇരുപത്തിയെട്ടു കുടുംബങ്ങളിൽ ഞങ്ങളും ഉൾപ്പെട്ടിരുന്നു."

അൻവർ അബ്ദുള്ള ഗോപകുമാറിനെ ശ്രദ്ധിച്ചുകൊണ്ടിരുന്നു. ഗോപകുമാർ ചരിത്രസംഭവം തന്റെ ജീവിതത്തെ മാറ്റിമറിച്ചതിനെപറ്റി പറഞ്ഞുകൊണ്ടിരുന്നു:

"സ്വന്തം കിടപ്പാടവും കൃഷിയിടവും നശിക്കാതിരിക്കുവാൻ ഞങ്ങൾ കുടിയിറക്കപ്പെട്ടവർ എല്ലാവരും ചേർന്ന് ആ ഭൂമിയിൽ സമരം ചെയ്തു. പോലീസ് പലവട്ടം ഞങ്ങളെ ആക്രമിച്ചു. സ്ത്രീകളെ മാനഭംഗപ്പെടുത്തി. ഉശിരുള്ള യുവാക്കളെ ഏറ്റുമുട്ടലിന്റെ മറവിൽ വെടിവെച്ചുകൊന്നു. കൊല്ലപ്പെട്ടവരിൽ എന്റെ മകനും ഉൾപ്പെടും. എന്റെ ഭാര്യയേയും പെൺമക്കളെയും... പലരും ചേർന്ന് പലപ്രാവശ്യം..." ഗോപകുമാറിന്റെ വാക്കുകൾ തൊണ്ടയിൽ കുരുങ്ങി. കണ്ണ് നിറഞ്ഞൊഴുകി. മുഖം ചുമന്ന് തുടുത്തു. "പലരും ആത്മഹത്യ ചെയ്തു. ഞങ്ങളും ആത്മഹത്യയെക്കുറിച്ച് ചിന്തിച്ചതാ... പിന്നീടാ എന്റെ മക്കൾതന്നെ ജീവിക്കണമെന്ന് ആവശ്യപ്പെട്ടത്. സ്ത്രീ ശരീരത്തിന്റെ സാദ്ധ്യതകളെപറ്റി മനസിലാക്കിയതും അത് ഉപയോഗിച്ചു തുടങ്ങിയതും സാമൂഹ്യനീതിയുടെ പിൻബലത്തോടെതന്നെയാ. ടൂറിസത്തോടനുബന്ധിച്ച് ഞങ്ങൾ നടത്തുന്ന ബിസിനസാ ഈ സൗഹൃദം പങ്കുവയ്ക്കൽ. ആത്മഹത്യയേക്കാൾ എത്രയോ മഹത്ത്വമുള്ളതാണ് ഈ തൊഴിൽ."

ഗോപകുമാറിനോട് എന്താണ് സമാധാനം പറയേണ്ടതെന്നറിയാതെ അൻവർ അബ്ദുള്ള കുഴങ്ങി. അല്പസമയത്തിനുശേഷം നിശബ്ദം ഗോപകുമാറിന്റെ തോളിൽ തട്ടി സമാധാനിപ്പിച്ചു. അവർക്ക് പിന്നിൽ നിൽക്കുന്ന രാഖിയോടും ഐശ്വര്യയോടും ലാവണ്യയോടും തെളിച്ചം കുറഞ്ഞ പുഞ്ചിരിയിലൂടെ യാത്രപറഞ്ഞ് അൻവർ അവിടെനിന്നും ഇറങ്ങി നടന്നുതുടങ്ങി. മെല്ലെ വീശിക്കൊണ്ടിരുന്ന കാറ്റിന് പുരോഗതിയുടെ ചെറുകൗതുകമാണുള്ളതെന്ന് അൻവറിന് തോന്നി. ആ കാറ്റിന് നവടൂറിസ്റ്റ് സംസ്ക്കാരത്തിന്റെ മലയാളി ഗന്ധവുമുണ്ടായിരുന്നു.

എഴുതിത്തുടങ്ങിയ തിരക്കഥയൊന്ന് മാറ്റിയെഴുതുന്നതിനെപറ്റിയും അൻവർ ചിന്തിച്ചുകൊണ്ടിരുന്നു. മാറ്റിയെഴുതുന്നകഥ മലയാളികളുടെ യഥാർത്ഥ ജീവിതംതന്നെയാണല്ലോയെന്ന സത്യത്തിനുമുന്നിൽ അൻവർ തെല്ല് സമയം വല്ലായ്കയോടെ നിന്നുപോയി.

# ലാലെല്ലാ ഒരു പ്രണയകഥ

ലാലെല്ലാ എന്നു പേരിട്ടിരിക്കുന്ന തെരുവിലെ ഓണമെന്ന വീട്ടിൽ പ്രസിദ്ധ ചലച്ചിത്ര സംവിധായകൻ അൻവർ അബ്ദുള്ളയെത്തി. അൻവറിന്റെ അവിടേയ്ക്കുള്ള ആഗമനോദ്ദേശ്യം 'ലാലെല്ലാ' എന്ന പേരിൽ സംവിധാനം നിർവ്വഹിക്കാൻ പോകുന്ന സിനിമയുടെ തിരക്കഥയെഴുതുകയാണ്.

അനുദിനം പുരോഗതിയിലേയ്ക്കു കുതിക്കുന്ന പ്രദേശത്തിന്റെയും അവിടെയുള്ളവരുടെ ജീവിതത്തിന്റെയും അവസ്ഥകൾ മുൻനിറുത്തി ഒരു പ്രണയകഥയാണ് ചാരുതയോടെ പറയേണ്ടത്. അതിന് മാതൃകയായി ലാലെല്ലയെന്ന തെരുവ് തിരഞ്ഞെടുത്തതിനും കാരണമുണ്ട്.

ലാലെല്ല തെരുവിൽ താമസിക്കുന്ന പ്രസിദ്ധ സാഹിത്യകാരി എലിസബത്തും യുവ രാഷ്ട്രീയ നേതാവ് വിനയനുമാണ് കഥയ്ക്ക് പ്രചോദനം. സിനിമയിൽ യുവ രാഷ്ട്രീയനേതാവിനെ മലയാളത്തിലെ യുവ സൂപ്പർതാരവും സാഹിത്യകാരിയായ എലിസബത്തിനെ ശ്രദ്ധേയയായ യുവനടിയുമാണ് അവതരിപ്പിക്കുന്നത്. തെല്ല് വിവാദങ്ങളിലൂടെ സിനിമ ഹിറ്റാകുമെന്നാണ് സംവിധായകന്റെയും നിർമ്മാതാവിന്റെയും ഉറച്ച വിശ്വാസം.

യഥാർത്ഥത്തിൽ ലാലെല്ലാ തെരുവ് ഉൾപ്പെട്ട പ്രദേശത്തിന്റെ പേര് തേക്കുകുറ്റിക്കാട് എന്നായിരുന്നു. എന്നാൽ സാഹിത്യകാരിയായ എലിസബത്തിന്റെ സാഹിത്യ അക്കാദമി അവാർഡ് നേടിയ കഥാസമാഹാരത്തിന്റെ പേര് ആ തെരുവിന് നൽകുകയായിരുന്നു. ലാലെല്ലായെന്ന പേരിൽ ഒരു വായനശാലയും അവിടെയുണ്ട്.

വിനയന്റെയും എലിസബത്തിന്റെയും കലാലയബന്ധവും ഇപ്പോഴത്തെ അവസ്ഥയും വെളിവാക്കുന്ന സംഭവങ്ങൾ അൻവറിനോടു പറഞ്ഞത് അസിസ്റ്റന്റ് ഡയറക്ടറായ സോമൻതമ്പിയാണ്. ഇത് പറയുന്നതിനും ഒരു കാരണമുണ്ട്. ക്ലാസ്മേറ്റ്സ്, ചോക്ലേറ്റ് തുടങ്ങിയ കലാലയ പ്രണയകഥകൾ സൂപ്പർഹിറ്റായതോടെ അതുപോലെയുള്ള ഒരു സിനിമയെടുക്കുവാൻ അൻവറും തീരുമാനിച്ചു. ഒരു കല്പിത കഥയേക്കാൾ നല്ലത് യഥാർത്ഥ സംഭവങ്ങളുടെ വെളിച്ചത്തിൽ രൂപീകരിക്കുന്ന കഥയാണെന്ന വിശ്വാസം അൻവറിനുണ്ടായിരുന്നു. കാരണം കലാലയ

ങ്ങൾക്ക് പറയുവാൻ എത്രയെത്ര പ്രണയ സംഭവങ്ങളാണുള്ളത്. കല്പിത കഥയേക്കാൾ രസകരവും സജീവവുമായ സംഭവങ്ങൾ ഓരോ കാമ്പസിലും അത്ര അധികമാണുള്ളത്. അതിലൊരെണ്ണം കണ്ടെത്തുന്ന ദൗത്യത്തിൽ അൻവറിനെ സോമൻതമ്പി സഹായിച്ചെന്നു മാത്രം. ജീവിച്ചിരിക്കുന്നവരും പ്രസിദ്ധരുമായവരെ പറ്റിയാകുമ്പോൾ പ്രചാരം ഏറുന്നത് സ്വാഭാവികം. ചാനലുകളും പത്രമാസികകളുമെല്ലാം പുതുമയുള്ളതും രസകരവുമായ വാർത്തകൾക്കുവേണ്ടി നെട്ടോട്ടം പായുന്ന ഇവിടെ ഒരു നല്ല സംഭവം കിട്ടിയാൽ വാർത്തകൾ താനെ ഉണ്ടായിക്കൊള്ളുമെന്ന് അനുഭവങ്ങളിൽനിന്നും അൻവറിനറിയാം. വാർത്ത ഉണ്ടാകുന്നതിനൊപ്പംതന്നെ വാർത്തയുടെ വളർച്ചയും... അതിശയിപ്പിക്കുന്ന കെട്ടുകഥാസ്വഭാവമുള്ള വാർത്തയുമുണ്ടാകുന്നത് സ്വാഭാവികം മാത്രമാണ്.

പുതിയ വാർത്തകളും കഥകളും ഇഷ്ടപ്പെടുന്ന മലയാളി സമൂഹത്തിന്റെ കാലിക സ്വഭാവത്തെ അല്പമൊന്ന് ചൂഷണം ചെയ്യുന്നതിൽ തെറ്റില്ലെന്നും അൻവറിന് അഭിപ്രായമുണ്ട്. ഈ പശ്ചാത്തലത്തിലാണ് ലാലെല്ലായെന്ന കലാലയ പ്രണയകഥ അവതരിപ്പിക്കുവാൻ തീരുമാനിച്ചത്.

മോഹൻതമ്പിയുടെ ആന്റി സ്നേഹ, എലിസബത്തിന്റെ സുഹൃത്തും സഹപാഠിയുമായിരുന്നു. സ്നേഹയിലൂടെയാണ് മോഹൻതമ്പി വിനയന്റെയും എലിസബത്തിന്റെയും കലാലയജീവിതത്തെപറ്റി അറിയുന്നത്. മോഹൻതമ്പി സംവിധായകനായ അൻവറിനോടു പറഞ്ഞ സംഭവങ്ങൾ ഇങ്ങനെ ചുരുക്കാം.

അതിസമ്പന്നനായ വക്കീലിന്റെ സുന്ദരിയും കണ്ണിലുണ്ണിയുമായ മകളാണ് എലിസബത്ത്. വക്കീലിന്റെ വീട്ടിലെ പണികൾ ചെയ്യുന്ന കാർത്തിയമ്മയുടെ മകനാണ് വിനയൻ. അവർ ചെറുപ്പം മുതലെ കളിക്കൂട്ടുകാരായിരുന്നു. എലിസബത്ത് പഠനത്തിൽ മോശമായതുകൊണ്ട് ബി.എയ്ക്ക് മലയാളമാണ് എടുത്തത്. രാഷ്ട്രീയത്തിൽ താല്പര്യമുള്ള വിനയൻ ബി.എയ്ക്ക് പൊളിറ്റിക്സാണ് എടുത്തത്. കോളജിൽ പഠിക്കുന്ന കാലത്തുതന്നെ വിപ്ലവപാർട്ടിയുടെ വിദ്യാർത്ഥി സംഘടനയുമായി വിനയൻ ചങ്ങാത്തത്തിലായി. പഠനത്തോടൊപ്പം പ്രസംഗം പറയുവാനുള്ള കഴിവും കവിതകൾ കുത്തിക്കുറിക്കുവാനുള്ള പ്രതിഭയും വിനയനുണ്ടായിരുന്നു. ഇതെല്ലാം വിനയനെ പെട്ടെന്ന് കോളജിലെ താരമാക്കി. വിനയന് പഠിക്കുവാനുള്ള പണവും മറ്റ് സഹായങ്ങളും ചെയ്യുന്നതിൽ വക്കീൽ ഒരു പിശുക്കും കാട്ടിയില്ല. മാത്രമല്ല അല്പമൊന്നു അഡ്ജസ്റ്റ് ചെയ്തു നിന്നാൽ വളരുവാൻ പറ്റിയ മണ്ണാണ് വിപ്ലവപാർട്ടിയിലേതെന്ന് പറഞ്ഞു കൊടുക്കുകയും ചെയ്തു. വിനയന് ആദ്യമായി വിദ്യാർത്ഥി സംഘടനയുടെ ജില്ലാസെക്രട്ടറി പദം മേടിച്ചുകൊടുത്തതും വക്കീൽ തന്നെയാണ്.

എലിസബത്തിന്റെ മനസ്സിലെ കൗമാര പ്രണയ സങ്കല്പം വിനയനെ സ്വപ്നം കാണുന്നത് അവളുടെ പ്രവൃത്തികളിൽനിന്ന് മനസ്സിലാക്കുവാൻ കുശാഗ്ര ബുദ്ധിയായ വക്കീലിന് അധികം പാടുപെടേണ്ടി വന്നില്ല.

മകളുടെ മനസിലെ പ്രണയചിത്രം എങ്ങനെ മാറ്റിയെഴുതണമെന്നും വക്കീലിനറിയാമായിരുന്നു. എലിസബത്തിനെ പ്രണയിച്ച് എസ്.എം. എസും ഈ-മെയിലും അയക്കുന്ന യുവാവാണ് ജോസ്പ്രകാശ്. ജോസ്പ്രകാശിന് എലിസബത്തിനോടുള്ള പ്രണയം ഒരു വാർത്തയാക്കിയതും അതിന് പ്രചാരം കൊടുത്തതും വക്കീൽ തന്നെയാണ്. എലിസബത്തും ജോസ്പ്രകാശും തമ്മിലുള്ള പ്രണയത്തെപറ്റി പ്രിൻസിപ്പലിനോടും ചില അധ്യാപകരോടും വക്കീൽ സംസാരിച്ചു. വീട്ടിൽവച്ച് ആ പ്രണയത്തെ എതിർത്ത് എലിസബത്തിനെ ശാസിച്ചു. എലിസബത്ത് പറഞ്ഞ ന്യായീകരണങ്ങളൊന്നും വക്കീൽ കേട്ടില്ല.

ഒരു രാത്രി വക്കീൽ തന്റെ കാറിൽ കയറ്റി വിനയനെ തെല്ല് ദൂരെയുള്ള കടൽത്തീരത്ത് കൊണ്ടുപോയി. അവന് ഇഷ്ടമുള്ള ഭക്ഷണങ്ങളെല്ലാം വാങ്ങിക്കൊടുത്തു. ഒരു വിലകൂടിയ മൊബൈൽ സമ്മാനിച്ചുകൊണ്ട് പറഞ്ഞു. "രാഷ്ട്രീയത്തിൽ വളരുവാൻ ഇത് ആവശ്യമാണ്. ഇതിന്റെ ബില്ല് എല്ലാമാസവും ഞാൻ അടച്ചുകൊള്ളാം." ഒരു മൗനത്തിനുശേഷം തുടർന്നു. "വിനയനു മുന്നിൽ രാഷ്ട്രീയ വളർച്ചയുടെ വലിയൊരു വഴിയുണ്ട്. എങ്ങനെയും ഏറ്റവും ഉയർന്ന സ്ഥാനത്ത് എത്തണം. എനിക്കു പറ്റുന്ന എല്ലാ സഹായവും ചെയ്തു തരാം."

വക്കീലിന്റെ സ്നേഹത്തിനു മുന്നിൽ വിനയൻ വല്ലാതായി. എന്നെങ്കിലും ആ വലിയ മനുഷ്യന് ഒരു പ്രത്യുപകാരം ചെയ്യുവാൻ കഴിഞ്ഞിരുന്നെങ്കിൽ എന്ന് മനസ് ആഗ്രഹിച്ചു.

കാറിൽ തിരിച്ചു പോരുമ്പോൾ എലിസബത്തും ജോസ്പ്രകാശും തമ്മിലുള്ള പ്രണയത്തെപറ്റി വക്കീൽ വല്ലായ്കയോടെ സംസാരിച്ചു. തന്ത്രപൂർവ്വം ആ പ്രണയക്കൊളുത്തിൽനിന്നും എലിസബത്തിനെ രക്ഷിക്കണമെന്നും പറഞ്ഞു. തുടർന്ന് വക്കീൽ തമാശ പറയുന്നതുപോലെ ഒരു കാര്യംകൂടി പറഞ്ഞു. "എലിസബത്തിനെ പ്രണയത്തിൽനിന്നും രക്ഷിക്കുവാൻ ശ്രമിച്ച് താൻ അവളെക്കയറിയങ്ങ് പ്രണയിച്ചുകളയരുത്. അവളൊരു കഥയില്ലാത്ത പെണ്ണാ. ചിലപ്പോൾ നിന്നെക്കയറി അവളങ്ങ് പ്രണയിച്ചെന്നിരിക്കും. നീ വേണം എല്ലാം പറഞ്ഞ് മനസിലാക്കാൻ."

"തന്ന സ്നേഹത്തിനും ഉണ്ട ചോറിനും ഞാൻ നന്ദിയുള്ളവനാണ്." വിനയൻ ഉറച്ച ശബ്ദത്തിൽ പറഞ്ഞു.

അത് ഫെബ്രുവരി മാസമായിരുന്നു. വർഷാവസാന പരീക്ഷയ്ക്കുള്ള തയ്യാറെടുപ്പിന്റെ ചൂടിലേയ്ക്ക് വിദ്യാർത്ഥികൾ നീങ്ങിത്തുടങ്ങുന്ന കാലം. വിപ്ലവപാർട്ടിക്കാർ വിനയന്റെ നേതൃത്വത്തിൽ കലാലയത്തിന്റെ പല ചുവരുകളിലും നോട്ടീസ് ഒട്ടിച്ചു. 'ഇന്നുമുതൽ ഈ കാമ്പസിൽ

പ്രണയം നിരോധിച്ചിരിക്കുന്നു. വർഷാവസാന പരീക്ഷ തീരുന്നതുവരെയാണ് നിരോധനം. ഈ അറിയിപ്പ് നിരസിക്കുന്നവർ കടുത്ത വില നൽകേണ്ടിവരും.'

നോട്ടീസ് വിഷയം കാമ്പസിൽ ചർച്ചയായി. കമിതാക്കളും കാമം ആഗ്രഹിക്കുന്നവരും അതിനെ അടിമുടി എതിർത്തു. വിപ്ലവപാർട്ടിയെ പല വിദ്യാർത്ഥി സഖാക്കളും പുച്ഛിച്ചു.

നോട്ടീസ് ഒട്ടിച്ചതിന്റെ കാരണത്തെപറ്റി എലിസബത്തും ചില സുഹൃത്തുക്കളും ചേർന്ന് വിനയനോട് തിരക്കി. "പഠനവും പരീക്ഷയിലുള്ള വിജയവുമാണ് ഇപ്പോൾ പ്രധാനം. പ്രണയവും മറ്റും ഇതുകഴിഞ്ഞ് എപ്പോൾ വേണമെങ്കിലുമാകാമല്ലോ" വിനയൻ ശാന്തമായി പറഞ്ഞു നിറുത്തി.

പ്രണയഗാനത്തിന്റെ അകമ്പടിയോടെ എലിസബത്തിന്റെ മൊബൈലിലേയ്ക്ക് ഒരു എസ്.എം.എസ് എത്തി. എലിസബത്ത് ആകാംക്ഷയോടെ സന്ദേശം പരിശോധിച്ചു. സന്ദേശം അയച്ചിരിക്കുന്നത് ജോസ്പ്രകാശാണ്.

'ഇന്ന് ഈ കാമ്പസിലെ കറുത്ത ദിനമാണ്. അനശ്വരമായ പ്രണയത്തിന് ചരമക്കുറിപ്പെഴുതുന്ന എല്ലാ വ്യക്തികളും പ്രസ്ഥാനങ്ങളും തുലയട്ടെ. പ്രണയം... പ്രണയം... രക്തപ്രണയം... വിജയിക്കട്ടെ' എസ്.എം.എസ് എലിസബത്ത് ഉറക്കെ വായിച്ചു. അവിടെ കൂടിനിന്ന എല്ലാവരും ആവേശത്തോടെ പ്രണയത്തെക്കുറിച്ച് സംസാരിച്ചുതുടങ്ങി. വിനയൻ അവിടെനിന്നും ഉറച്ച കാല്‌വയ്പുകളോടെ നടന്നകന്നു.

കാന്റീനിലിരുന്ന് സുഹൃത്തുക്കളൊടൊപ്പം ഐസ്ക്രീം കഴിക്കുന്ന ജോസ്പ്രകാശിന്റെ അടുത്തേയ്ക്ക് വിനയനെത്തി. ചോദ്യവും പറച്ചിലുമില്ലാതെ ജോസ്പ്രകാശിനെ എടുത്തിട്ട് അടിക്കുവാൻ തുടങ്ങി. "ഇനി ഞാൻ ആർക്കും പ്രണയച്ചുവയുള്ള എസ്.എം.എസ് അയക്കില്ല" എന്ന് ജോസ്പ്രകാശ് പറയുന്നിടംവരെ മർദ്ദനം തുടർന്നു.

ആ സംഭവത്തിനുശേഷം കാമ്പസിൽ പടർന്ന ഒരു വാർത്തയുണ്ട്. എലിസബത്തിന് യഥാർത്ഥത്തിൽ പ്രണയം വിനയനോടായിരുന്നു. വിനയന്റെ ശ്രദ്ധയും പരിഗണനയും ആകർഷിക്കുവാൻ വേണ്ടി ജോസ്പ്രകാശിന്റെ പ്രണയം വിനിയോഗിക്കുകയായിരുന്നത്രേ!

ആ സംഭവത്തോടെ വിനയൻ പഠനം നിറുത്തി. രാഷ്ട്രീയത്തിൽ കൂടുതൽ സജീവമായി.

വർഷാവസാനപരീക്ഷ കഴിഞ്ഞതോടെ എലിസബത്തിനെ അമേരിക്കക്കാരൻ കംപ്യൂട്ടർ എഞ്ചിനീയർ വിവാഹം കഴിച്ചു. ഏതാണ്ട് ആറു മാസത്തിനുള്ളിൽ ആ ബന്ധം അവസാനിക്കുകയും ചെയ്തു. തുടർന്ന് കഥകളും നോവലുകളുമെഴുതി എലിസബത്ത് സാഹിത്യത്തിന്റെ മേഖലയിൽ സജീവമാകുകയായിരുന്നു. സാമൂഹ്യനീതിക്കുവേണ്ടിയും സ്ത്രീകളുടെ വിമോചനത്തിനുവേണ്ടിയും പ്രവർത്തിക്കുകയും പ്രസം

ഗിക്കുകയും ചെയ്യുന്നത് എലിസബത്തിന്റെ ജീവിതയാത്രയുടെ ഭാഗമായി.

എലിസബത്തിനും വിനയനും തമ്മിൽ ഇന്നും പ്രണയമുണ്ട്. മനസിൽ സൂക്ഷിക്കുന്ന പ്രണയം. അവർ ആർക്കൊക്കെവേണ്ടിയോ എന്തിനൊക്കെവേണ്ടിയോ ഹൃദയവ്യഥയോടെ ലാലെല്ലാ തെരുവിന്റെ ഇരുവശങ്ങളിലുമുള്ള വീടുകളിൽ താമസിക്കുകയാണ്.

മോഹൻതമ്പി പറഞ്ഞ സംഭവത്തിൽനിന്നും നല്ലൊരു ചലച്ചിത്രകഥ രൂപപ്പെടുത്തുവാൻ ബുദ്ധിമുട്ടില്ലെന്ന് അൻവറിന് മനസിലായി. എലിസബത്തിനേയും വിനയനേയും ഒന്നിപ്പിക്കുന്ന ഒരു സംഭവം സൃഷ്ടിക്കണം. ആ സംഭവത്തിന്റെ തീക്ഷണതയും നാടകീയതയുമാണ് ചലച്ചിത്രകഥയുടെ വിജയമെന്നും അൻവറിന് അറിയാം.

ഒരു ചലച്ചിത്രകഥയാകുമ്പോൾ പ്രധാന കഥയ്ക്കൊപ്പം മറ്റുചില സംഭവങ്ങൾകൂടി ചേർക്കേണ്ടതുണ്ട്. എങ്കിൽ മാത്രമെ കഥയ്ക്ക് ആകർഷണീയതയും സൗന്ദര്യവും ലഭിക്കുകയുള്ളൂ. ആ തെരുവിൽ നിന്നു തന്നെ അനുയോജ്യമായ സംഭവങ്ങൾ കണ്ടെത്താനാകുമെന്ന് അൻവറിന് തോന്നി.

പ്രധാന കഥയ്ക്കൊപ്പം ചേർക്കുവാൻ കഴിയുന്ന സംഭവങ്ങളെപറ്റി അൻവർ മോഹൻതമ്പിയുമായി സംസാരിച്ചു. പുരോഗതിയിലേയ്ക്കു കുതിക്കുന്ന ആ പ്രദേശത്തിന്റെ അവസ്ഥയുമായി ബന്ധപ്പെട്ട സംഭവങ്ങളാണ് അവർ അന്വേഷിച്ചുകൊണ്ടിരുന്നത്.

മോഹൻതമ്പി പറഞ്ഞ സംഭവങ്ങളിൽ നിന്നും ഉചിതമായ തിരക്കഥ തയ്യാറാക്കുവാനായി അൻവർ തീവ്രമായി ചിന്തിച്ചുകൊണ്ടിരുന്നു. മനസിൽ വരുന്ന സംഭവങ്ങൾ ഒരു പേപ്പറിലേയ്ക്ക് എഴുതിക്കൊണ്ടിരുന്നു. സന്ധ്യമയങ്ങിയ സമയത്ത് ലാലെല്ലാ തെരുവിലൂടെ അൻവർ വെറുതെ കാഴ്ചകൾ കണ്ട് നടന്നു. മൊബൈൽഫോൺ കാതിൽ വച്ച് സംസാരിച്ചു നടക്കുന്നവർ. വിലകൂടിയ വാഹനങ്ങളിൽ ചടുലസംഗീതമിട്ട് പാഞ്ഞു പോകുന്നവർ, വീടുകളുടെ ഓരം പറ്റിനിന്ന് സംസാരിക്കുന്ന യുവതീയുവാക്കൾ. സന്ധ്യാനടത്തത്തിന് ഇറങ്ങിയ മറ്റൊരു കൂട്ടർ. ആകെക്കൂടി അസ്വസ്ഥതയും തിരക്കും സ്വന്തമാക്കിയ ഒരു പുതിയ കേരളീയ സമൂഹത്തെയാണ് അൻവറിന് കാണുവാൻ കഴിഞ്ഞത്. ചലച്ചിത്രകഥയുടെ ആഖ്യാനത്തിൽ ഈ പുതുമകളെല്ലാം ഉൾച്ചേർന്ന് ആവിഷ്ക്കരിക്കാൻ കഴിഞ്ഞില്ലെങ്കിൽ അത് ശ്രദ്ധിക്കപെടാതെ പരാജയമാകുമെന്നും അൻവറിന് തോന്നി.

അൻവറിന്റെ മൊബൈൽഫോൺ സംഗീതമാലപിച്ചു. മോഹൻതമ്പിയാണ് വിളിക്കുന്നതെന്ന് മനസ്സിലായി.

മോഹൻതമ്പി ഫോണിലൂടെ പറഞ്ഞു: "ലാലെല്ലാ ലൈബ്രറിയിൽ ഒരു കൾച്ചറൽ പ്രോഗ്രാം നടക്കുവാൻ തുടങ്ങുകയാണ്. അതിഥികളായെത്തുന്നത് എലിസബത്തും വിനയനുമാണ്."

അൻവറിന്റെ കാഥികമസ്തിഷ്കത്തിലൂടെ ഒരു മിന്നൽപിണർ പാഞ്ഞു. മനസിലൂടെ സന്തോഷത്തിന്റെ നീർച്ചാലൊഴുകി.

അൻവർ ലാലെല്ലാ ലൈബ്രറിയിലെത്തി. മനോഹരമായ ഉദ്യാനത്തിനു നടുവിലാണ് ആധുനിക സൗകര്യങ്ങളൊടു കൂടിയ ലൈബ്രറി സ്ഥിതി ചെയ്യുന്നത്. ലൈബ്രറിയോടു ചേർന്നുതന്നെ സ്ത്രീകൾക്കും പുരുഷന്മാർക്കും വ്യായാമം ചെയ്യുന്നതിനുള്ള പ്രത്യേകം പ്രത്യേകം സ്ഥലങ്ങൾ. രുചികരമായ ഭക്ഷണങ്ങൾ ലഭിക്കുന്ന വൃത്തിയും പ്രൗഢിയുമുള്ള ഭക്ഷണശാല. എല്ലാദിവസവും വൈകുന്നേരങ്ങളിൽ പൊതുജനങ്ങൾക്കുവേണ്ടി ചലച്ചിത്രപ്രദർശനം നടത്തുന്ന ഓപ്പൺ തീയേറ്റർ... ആസ്വാദകരെ എല്ലാ അർത്ഥത്തിലും ആകർഷിക്കുവാൻ കഴിയുന്ന ലൈബ്രറിയാണ് ലാലെല്ലായെന്ന് അൻവറിനു മനസിലായി.

മോഹൻതമ്പി അവിടേയ്ക്കുവന്ന് അൻവറിനെ സ്വീകരിച്ച് ആനയിച്ചു. സംസാരിച്ചുകൊണ്ട് നിൽക്കുന്ന എലിസബത്തിനേയും വിനയനേയും അൻവറിന് പരിചയപ്പെടുത്തിക്കൊടുത്തു. സംസാരത്തിനിടയിൽ അവരെ സംബന്ധിച്ച കഥയാണ് എഴുതുവാൻ പോകുന്നതെന്ന അറിവ് എലിസബത്തിനെ സന്തോഷിപ്പിച്ചപ്പോൾ വിനയനെ അസ്വസ്ഥനാക്കുകയാണ് ചെയ്തത്.

അല്പസമയത്തിനുള്ളിൽ അൻവർ എഴുതുവാൻ പോകുന്ന കഥയെ പറ്റിയുള്ള വാർത്ത ചൂടോടെ അവിടാകെ പ്രചരിച്ചു. മൂന്നുനാല് ചാനലുകാർ അവിടേയ്ക്കുവന്ന് അൻവറിനേയും എലിസബത്തിനേയും വിനയനേയും ചോദ്യങ്ങൾകൊണ്ട് പൊതിഞ്ഞു. ലാലെല്ലാ തെരുവിലുള്ളവർ നിറഞ്ഞ ആകാംക്ഷയോടെ അവിടെ ഒരുമിച്ചുകൂടി.

എലിസബത്തിന്റെ ലാലെല്ലായെന്ന കഥാസമാഹാരത്തിലെ പ്രഥമ കഥയായ ലാലെല്ലയുടെ കഥയെപറ്റി ചാനലുകാർ ചോദ്യവുമായി രംഗത്തുവന്നു. "പ്രസ്തുത കഥയിലെ നായികയായ അരുന്ധതിയുടെ കാത്തിരുപ്പ് യഥാർത്ഥത്തിൽ എലിസബത്തിന്റെ കാത്തിരിപ്പിന്റെയും പ്രതീക്ഷയുടെയും വിദൂരമായ പ്രതീകം തന്നെയല്ലേ?"

ചോദ്യങ്ങൾക്കു മുന്നിൽ എലിസബത്ത് നിറഞ്ഞ പുഞ്ചിരിയോടെ നിന്ന് ഉത്തരങ്ങൾ നൽകി. "കഥയേയും എന്റെ ജീവിതത്തേയും തമ്മിൽ ബന്ധിപ്പിക്കുന്നതിൽ കാര്യമില്ല. കഥകൾ ഭാവനയുടെ സൃഷ്ടിയാണ്. എന്നാൽ ജീവിതം ആരെല്ലാമോകൂടി സൃഷ്ടിക്കുന്ന അവസ്ഥയുടെ പരിണിത ഫലമാണ്."

ചോദ്യങ്ങൾക്ക് വിനയൻ നൽകിയ ഉത്തരങ്ങൾ ഇനിയൊരു രീതിയിലാണ്. "ഞാനും എലിസബത്തും ക്ലാസ്മേറ്റ്സും നല്ല സുഹൃത്തുക്കളുമായിരുന്നെന്നുള്ളത് സത്യമാണ്. പ്രണയം... കാമം തുടങ്ങിയ വൈകാരികമായ അവസ്ഥകളുമായി അതിനെ ബന്ധിപ്പിക്കുന്നതിൽ അർത്ഥമില്ല."

ചാനലുകാരുടെ ചോദ്യങ്ങൾക്ക് ലാലെല്ലാ തെരുവിലെ ജനങ്ങൾ നൽകിയ ഉത്തരം മറ്റൊരു രീതിയിലായിരുന്നു. "എലിസബത്തും വിനയനും വളരെ പക്വതയും കാര്യപ്രാപ്തിയുമുള്ളവരാണ്. അതുകൊണ്ടു തന്നെയാണ് എലിസബത്ത് എഴുത്തുകാരിയെന്ന നിലയിലും വിനയൻ മികച്ച യുവനേതാവെന്ന നിലയിലും കേരളമാകെ നിറഞ്ഞുനിൽക്കുന്നത്. അവർ മുമ്പ് പ്രണയിച്ചിരുന്നുവോ എന്നുള്ളത് അവരെ സംബന്ധിച്ച ഭൂതകാലം മാത്രമാണ്. അവർ ഇനി പ്രണയിക്കുകയും ഒന്നാകുകയും ചെയ്യണമെന്നുള്ളതാണ് ഞങ്ങളുടെയെല്ലാം ആഗ്രഹം."

അടുത്ത ഊഴം കഥാകൃത്തായ അൻവർ അബ്ദുള്ളയുടെതായിരുന്നു. ചാനലുകാരും ഒപ്പം പത്രക്കാരും അൻവറിന്റെ അഭിപ്രായത്തിനായി ചോദ്യങ്ങൾ നിരത്തി. അൻവർ മെല്ലെ പറഞ്ഞുതുടങ്ങി: "എന്റെ സംസാരവും അഭിപ്രായവും കഥയെപറ്റി മാത്രമാണ്. എലിസബത്തിനേയും വിനയനേയും എനിക്ക് എഴുത്തുകാരിയെന്ന നിലയിലും രാഷ്ട്രീയപ്രവർത്തകനെന്നനിലയിലും അറിയാമായിരുന്നു. നേരിട്ടുള്ള പരിചയം ഇപ്പോൾ മാത്രമാണ്." ചാനലുകളിലെ വാർത്താപ്രവർത്തകർ തിക്കിതിരക്കുന്നതിനു മുന്നിൽനിന്ന് അൻവർ പറഞ്ഞു തുടങ്ങി: "രണ്ടായിരത്തിയെട്ട് സെപ്റ്റംബർ മാസം ആറാംതീയതി വന്ന ഒരു വാർത്ത അക്ഷരാർത്ഥത്തിൽ എന്നെ ഞെട്ടിച്ചു. തേനി പെരിയകുളം ശ്രീസുബ്രമണ്യസ്വാമി ക്ഷേത്രത്തിൽ നടന്ന നാല്പതുപേരുടെ സമൂഹവിവാഹചടങ്ങിന്റെ മുഹൂർത്തത്തിൽ പവർകട്ട് കാരണം രണ്ടുപേർക്ക് വധുവിനുപകരം മറ്റൊരാളുടെ കഴുത്തിൽ താലി ചാർത്തേണ്ടിവന്നു. പരിഹാരക്രിയ നടത്തുകയും താലി അഴിച്ചെടുത്ത് യഥാർത്ഥ കല്യാണപെണ്ണിനെ അണിയിക്കുകയും ചെയ്തെന്നുള്ളത് പിന്നീടുള്ള കാര്യമാണ്. യഥാർത്ഥ ജീവിതത്തിൽ സംഭവിക്കുന്ന ദുരന്തങ്ങളും പരിഹാരങ്ങളും സന്തോഷങ്ങളും കലാപരമായി കോർത്തിണക്കിയാണ് ഏതൊരു കഥയും സൃഷ്ടിക്കുന്നത്." അൻവറിനു മുന്നിൽ ചാനലുകാർക്കൊപ്പം പത്രപ്രവർത്തകരും ലാലെല്ലാ തെരുവിലെ ജനങ്ങളുമെത്തി.

"ഇനി ലാലെല്ലാ എന്ന തിരക്കഥയിലേയ്ക്കുവരാം" അൻവർ പറഞ്ഞുതുടങ്ങി: "കഥ തുടങ്ങുന്നത് ലാലെല്ലായെന്ന ലൈബ്രറിയിൽ ആഘോഷപരിപാടിയോടെയാണ്. കഥ ക്രമത്തിൽ പുരോഗമിക്കുന്നതിനിടയിൽ അവരുടെ കോളേജ് ജീവിതവും ഊഷ്മളമായ പ്രണയവും സാഹചര്യവശാൽ വേർപിരിയേണ്ടിവന്ന സംഭവങ്ങളും ഫ്ളാഷ്ബാക്കായി അവതരിപ്പിക്കും. തുടർന്ന് അവർ ഒന്നാകുന്നതിനെ എതിർക്കുന്ന ശക്തികളായി വിനയന്റെ പാർട്ടിയേയും എലിസബത്തിന്റെ ഭർത്താവിനേയും അവതരിപ്പിക്കും. യഥാർത്ഥത്തിൽ ഈ ശക്തികൾ രണ്ടും പ്രതിനായക ശക്തികളും തിന്മയുടെ ഭാഗത്ത് നിൽക്കുന്നവരുമാണ്. എന്നാൽ ലാലെല്ലാ തെരുവിലെ ജനങ്ങൾ ഇവർ ഒന്നാകുന്നതിനായി ഇവർക്കൊപ്പം നിന്ന് പ്രവർത്തിക്കുന്നു."

അൻവറുടെ സംഭാഷണങ്ങൾ രേഖപ്പെടുത്തുവാൻ കൂടിയിരിക്കുന്ന

ചാനലുകാരുടെയും പത്രക്കാരുടെയും സംഘം പരസ്പരമുള്ള മത്സരം തുടരുകയാണ്. അതിനിടയിൽ ഒരു ചാനലിലെ ക്യാമറാമാൻ മലയാള വാർത്ത പത്രത്തിന്റെ ലേഖകനെ മൊബൈൽഫോൺ കൊണ്ട് തല യ്ക്കടിച്ച് ആക്രമിച്ചു. അതൊടുകൂടി ചാനലുകാരും പത്രക്കാരും രണ്ടു ചേരിയായി നിന്ന് തെല്ലുസമയം ഉന്തും തള്ളും അടിയും പിടിയും നട ത്തികൊണ്ടിരുന്നു. തലയ്ക്കടിയേറ്റ ലേഖകൻ രക്തം ഒലിച്ച് തറ യിൽവീണു.

അൻവർ സംസാരിക്കുവാൻ തുടങ്ങിയതോടെ തള്ളും അടിയും പിടിയും നടത്തിക്കൊണ്ടിരുന്ന മാധ്യമപ്രവർത്തകർ അതുനിറുത്തി. അവർ അൻവറിനു മുന്നിൽ കഥയുടെ ബാക്കിഭാഗം അറിയുന്നതിനായി ആകാംക്ഷയൊതുക്കി നിന്നു.

“കഥ മുഴുവൻ പറഞ്ഞാൽ അതിന്റെ പ്രസക്തി നഷ്ടപ്പെടും.” അൻവർ ആലോചനയോടെ പറഞ്ഞുതുടങ്ങി: “എന്തെന്ന് അറിയുവാനുള്ള കൗതു കവും ആകാംക്ഷയുമാണ് അതിന്റെ മൂല്യവും പ്രസക്തിയും നിശ്ചയി ക്കുന്ന ഒരു ഘടകം. അതുകൊണ്ട് ക്ലൈമാക്സിനെപറ്റിയുള്ള ചെറി യൊരു സൂചനമാത്രം നൽകാം.”

അൻവറിനു മുന്നിൽ നിൽക്കുന്ന ചാനലുകാരും പത്രക്കാരും ലാലെ ല്ലായിലെ ജനങ്ങളും തമ്മിൽതമ്മിലുള്ള ഉന്തും തള്ളും തുടർന്നുകൊ ണ്ടിരുന്നു. തലയ്ക്ക് അടിയേറ്റ ലേഖകൻ തെല്ല് മാറിയിരുന്ന് തല യിൽനിന്നും ഒഴുകുന്ന രക്തം ഇരുകൈകൾ കൊണ്ടും ഞെക്കിപിടിച്ച് നിറുത്തുവാൻ വൃഥാ ശ്രമിച്ചുകൊണ്ടിരുന്നു. എലിസബത്ത് ആശ്ചര്യ പ്പെട്ട് തെല്ല് മാറി നിൽക്കുകയാണ്. എലിസബത്തിനു പിന്നിലായി വല്ലായ്കയൊതുക്കി അസ്വസ്ഥതയോടെ വിനയനും നിൽക്കുന്നുണ്ട്.

“ലാലെല്ലയെന്ന പ്രണയകഥ സിനിമയിലാക്കുവാൻ ഒരു ചലച്ചിത്ര സംവിധായകനെത്തുന്നു.” അൻവർ കഥയുടെ പൊരുളുകളിലേയ്ക്ക് പ്രവേശിച്ച് സംസാരിച്ചു തുടങ്ങി: “എലിസബത്തിനേയും വിനയനേയും സംബന്ധിച്ച പ്രണയാവതരണപ്രധാനമായ കഥയ്ക്കൊടുവിൽ അവർ ഒന്നാകണമെങ്കിൽ ഈ സമൂഹത്തിന്റെ ആശംസയും അനുമതിയും ലഭി ക്കേണ്ടതായി വരുന്നു. അതിനു കണ്ടെത്തിയ വഴി അവരെ സംബന്ധി ക്കുന്ന കഥയുടെ വിജയമാണ്.” ഒരു നിശബ്ദതയക്കുശേഷം അൻവർ ഉറച്ച ശബ്ദത്തിൽ പറഞ്ഞു: “സിനിമ ഒരു വിജയമാണെങ്കിൽ അവർ ഒന്നിക്കും. പരാജയപ്പെട്ടാൽ ദുരന്തപ്രണയത്തിലെ നായിക നായകൻമാ രായി വേർപിരിഞ്ഞുതന്നെ ഇരിക്കേണ്ടിവരും.”

അൻവർ മാധ്യമപ്രവർത്തകർക്കും ലാലെല്ലാ തെരുവിലെ ആൾക്കാർക്കും മുന്നിൽനിന്ന് തെല്ല് മാറിനിന്നു. തിരക്കഥ മനോഹര മായി പൂർത്തീകരിക്കുവാൻ കഴിയുമെന്ന വിശ്വാസം ഒരു പുഞ്ചിരിയായി മുഖത്ത് വിടർന്നു.

അവിടെ കൂടിനിന്ന യുവാക്കളും യുവതികളും അസാധാരണമായ

ശബ്ദത്തിൽ ആർപ്പുവിളികൾ മുഴക്കി. അൻവർ തെല്ല് അമ്പരപ്പോടെ അവരെ ശ്രദ്ധിച്ചു. എലിസബത്തിന്റേയും വിനയന്റേയും പ്രണയത്തിന് ആശംസകളർപ്പിക്കുന്ന ആർപ്പുവിളികളായിരുന്നു അത്. യുവാക്കൾക്കും യുവതികൾക്കുമൊപ്പം ചാനലുകാരും പത്രക്കാരും ലാലെല്ലാ തെരുവിലെ ആളുകളും ചേർന്നപ്പോൾ ആർപ്പുവിളികൾ ഒരുത്സവംപോലെ തുടർന്നുകൊണ്ടിരുന്നു.

തലയ്ക്ക് ഇടിയേറ്റ ലേഖകൻ രക്തംവാർന്ന് തറയിൽ കിടക്കുകയാണ്. അയാൾ അവ്യക്തമായ ശബ്ദത്തിൽ വെള്ളത്തിനായി യാചിച്ചുകൊണ്ടിരുന്നു. എലിസബത്ത് ഒരു ഗ്ലാസിൽ വെള്ളവുമായി അവിടേയ്ക്കുവന്ന് അല്പാല്പമായി ഇടിയേറ്റുകിടക്കുന്ന ലേഖകന്റെ വായിൽ ഒഴിച്ചുകൊണ്ടിരുന്നു. എലിസബത്തിനെ സഹായിക്കുവാൻ വിനയനും അവിടേയ്ക്കു ചെന്നു.

എലിസബത്തിന്റെയും വിനയന്റെയും പ്രണയത്തിന് ചടുലമായ നൃത്തത്തോടെ ആശംസകളർപ്പിക്കുന്നവർക്കിടയിൽനിന്നും ഒരു ചാനൽ ലേഖകൻ പുറത്തേയ്ക്കുവന്നു. അയാൾ വേഗം തന്നെ ക്യാമറയും മറ്റും ശരിയാക്കി എലിസബത്തും വിനയനും ചേർന്ന് മരണവുമായി മല്ലിടുന്ന ലേഖകന്റെ വായിൽ വെള്ളം ഒഴിച്ചുകൊടുക്കുന്നത് രേഖപ്പെടുത്തുവാൻ തുടങ്ങി. ഈ സവിശേഷമായ സംഭവം കണ്ട മറ്റ് ചാനൽ പ്രവർത്തകരും പത്രപ്രവർത്തകരും അവിടേയ്ക്കു കുതിച്ചു. ആ രംഗം ഉദ്വേഗത്തോടെ അവരും നിരീക്ഷിച്ച് രേഖപ്പെടുത്തുവാൻ തുടങ്ങി.

പരുക്കുപറ്റിയ ലേഖകനെ ആശുപത്രിയിലെത്തിക്കുവാൻ അവിടെ കൂടിയിരുന്ന പലരുടെയും സഹായം എലിസബത്ത് അഭ്യർത്ഥിച്ചുകൊണ്ടിരുന്നു. വിനയൻ ഒരു വാഹനവുമായി എത്തിയപ്പോഴേയ്ക്കും പരുക്കേറ്റ ലേഖകൻ മരിച്ചുകഴിഞ്ഞിരുന്നു.

നൃത്തവും ആർപ്പുവിളികളുമായി അവിടെ കൂടിയിരുന്നവർ എലിസബത്തിന്റെയും വിനയന്റെയും പ്രണയം എങ്ങനെ സാക്ഷാത്ക്കരിച്ചുകൊടുക്കാമെന്നുള്ളതിനെപറ്റി ചർച്ചകൾ നടത്തി. തെല്ല് സമയത്തെ ചർച്ചകൾക്കൊടുവിൽ അവർ ഒരു തീരുമാനത്തിലെത്തി. അൻവർ തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന ലാലെല്ലായെന്ന സിനിമയുടെ വിജയം എലിസബത്തിന്റെയും വിനയന്റെയും തുടർന്നുള്ള ജീവിതത്തെ നിർണ്ണയിക്കും. കഥ തന്നെ പ്രതീക്ഷയും ജീവിതവുമാകുന്ന സവിശേഷമായൊരവസ്ഥ! സിനിമ വിജയിച്ചാൽ അവർ ഒന്നാകും. അല്ലെങ്കിൽ പരാജയപ്പെട്ട പ്രണയത്തിന്റെ ദുർഭൂതങ്ങളെയും നെഞ്ചിലേറ്റി തേങ്ങി തേങ്ങി കഴിയേണ്ടിവരും.

അവിടെ കൂടിയിരുന്നവർ എലിസബത്തിന്റേയും വിനയന്റേയും പ്രണയം സാക്ഷാത്ക്കരിക്കുന്നതിനായി സിനിമ എങ്ങനേയും വിജയിപ്പിക്കുമെന്ന് രക്തപ്രതിജ്ഞയെടുത്തു. പെരുവിരലിന്റെ അഗ്രം ഞെക്കിപിടിച്ച് മൊട്ടുസൂചിക്ക് കുത്തി രക്തം വരുത്തി അത് നെറ്റിയിൽ ചാർത്തിയാണ് രക്തപ്രതിജ്ഞയെടുത്തത്.

മോഹൻതമ്പി നിറഞ്ഞ സന്തോഷത്തോടെ അൻവറിന്റെ അടുത്തേയ്ക്ക് ചെന്ന് ശബ്ദം താഴ്ത്തി പറഞ്ഞു: "സിനിമ സൂപ്പർഹിറ്റാകും എനിക്കുറപ്പാ."

അൻവർ നിർജീവമായൊന്നു പുഞ്ചിരിച്ചു. "ഇവർക്ക് എല്ലാം വാർത്തകളും ആഘോഷങ്ങളും മാത്രമാണ്." ഒരു മൗനത്തിനു ശേഷം തുടർന്നു. "സഹപ്രവർത്തകരെ അകാരണമായി ആക്രമിക്കാനും കൊല്ലാനുംവരെ മടിയില്ലാത്ത മനഃസാക്ഷിയാ ഇവർക്കുള്ളത്. എന്തിന്, മരിച്ചു കിടക്കുന്ന ആ മനുഷ്യനെ ഒന്നു ശ്രദ്ധിക്കുവാൻകൂടി ആർക്കും സമയമില്ലല്ലോ."

# ചുവപ്പുകുപ്പായമിട്ട ആൺകുട്ടി

കംപ്യൂട്ടറിലെ ചുവപ്പുകൊടിയുടെ നിറം കടുത്ത് കടുത്ത് കറുപ്പ് നിറത്തിന് വഴിമാറി. ചുവപ്പുകൊടിയിലെ ചിഹ്നങ്ങൾ ആ കറുപ്പ്നിറത്തിൽ ലയിച്ച് കാണാൻ കഴിയാതായിരിക്കുന്നു.

ചെറുപ്പത്തിൽ കംപ്യൂട്ടർ പഠിക്കാൻ തോന്നാതിരുന്നതിനെപറ്റി പറഞ്ഞ് സഖാവ് കെ.കെ. രോഷം കൊണ്ടു.

രോഷപ്രകടനം കണ്ടപ്പോൾ അഭിലാഷിന് ചിരിയാണ് വന്നത്. പാർട്ടിയിലെ സാധാരണ പ്രവർത്തകരോട് രോഷം കൊള്ളുന്നതു പോലെയാണ് സഖാവ് കെ.കെ. കംപ്യൂട്ടറിനോടു പെരുമാറുന്നത്. കംപ്യൂട്ടറിന്റെ പ്രവർത്തന തന്ത്രം എത്ര പറഞ്ഞു കൊടുത്തിട്ടും സഖാവിന്റെ തലയിലേക്ക് കയറിയില്ല.

പാർട്ടിയിൽ ഔദ്യോഗിക സ്ഥാനങ്ങളൊന്നും അഭിലാഷിനില്ല. എന്നാലും അവൻ എല്ലാവർക്കും പ്രിയങ്കരനാണ്. പാർട്ടിക്കുവേണ്ടി രക്തസാക്ഷിയായ കരുണന്റെ മകനാണ് അഭിലാഷ്. അവന്റെ പ്രവർത്തനത്തെയും സ്വഭാവത്തെയുംപറ്റി പാർട്ടിക്ക് തികഞ്ഞ മതിപ്പാണ്. സമൂഹത്തിലേ പ്രശ്നങ്ങളോട് പാർട്ടിനയത്തിനനുസരിച്ച് പ്രതികരിക്കുവാനും പാർട്ടിചിന്തകളെ സ്വന്തം ചിന്തകളാക്കി പരിവർത്തനപ്പെടുത്തുവാനും അവന് കഴിഞ്ഞിരുന്നു.

അമേരിക്കയിൽ കംപ്യൂട്ടർ എഞ്ചിനീയറായ മകന്റെ അടുത്തേയ്ക്ക് പോകുവാനാണ് സഖാവ് കെ.കെ. കംപ്യൂട്ടർ പഠിക്കുന്നത്. അഭിലാഷിന്റെ അയൽക്കാരനും സ്കൂളിലെ സഹപാഠിയുമായിരുന്നു സഖാവ് കെ.കെ.യുടെ മകൻ രാജേഷ് കെ.കെ.

കംപ്യൂട്ടറിനെതിരെ പാർട്ടി സമരം നടത്തിയപ്പോഴും സഖാവ് കെ. കെ. മകനെ എഞ്ചിനിയറിങിന് തമിഴ്നാട്ടിൽവിട്ട് പഠിപ്പിച്ചു. മകൻ പഠിച്ചത് അവിടുത്തെ സ്വാശ്രയ എഞ്ചിനിയറിംഗ് കോളേജിലും.

പ്രിഡിഗ്രിക്കും, ബി.എ.യ്ക്കും പഠിക്കുന്ന കാലത്ത് അഭിലാഷ് കംപ്യൂട്ടർ വിരുദ്ധസമരവും സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് എതിരെയുള്ള ശക്തമായ പ്രതിഷേധവുമായി പാർട്ടിയുടെ വിദ്യാർത്ഥി സംഘ

ടനയെ നയിച്ചു.

കെ.കെ. പാർട്ടിയെ ന്യായീകരിച്ച് സംസാരിച്ചു തുടങ്ങി: "നമ്മുടെ പാർട്ടിയുടെ നയം ആദ്യം കംപ്യൂട്ടർ വേണ്ടെന്നായിരുന്നു. ആ നയം തെറ്റാണെന്നു ബോധ്യപ്പെട്ടപ്പോൾ തിരുത്തുവാൻ നമ്മുടെ പാർട്ടിക്ക് രണ്ടാമതൊന്ന് ആലോചിക്കേണ്ടിവന്നില്ല."

ന്യായീകരണം കേട്ട് അഭിലാഷ് ചിരിച്ചു. ആ ചിരിയുടെ പൊരുളുകൾ സഖാവ് കെ.കെ.യ്ക്ക് മനസിലായി. "തമിഴ്നാട്ടിൽ വിട്ട് രാജേഷിനെ കംപ്യൂട്ടർ പഠിപ്പിച്ചത് ഭാര്യയുടെ നിർബന്ധത്തിനുവഴങ്ങിയാണ്. കുടുംബകലഹം ഉണ്ടാകാതെ നോക്കേണ്ടത് ഭർത്താക്കൻമാരല്ലേ?" സഖാവ് കെ.കെ. ന്യായീകരണത്തോടെ ചോദിച്ചു.

"പാർട്ടിക്ക് കാര്യങ്ങൾ മനസിലാക്കുന്നതിനുമുമ്പ് സഖാവിന്റെ ഭാര്യയ്ക്ക് കാര്യങ്ങൾ മനസിലാക്കാൻ കഴിഞ്ഞു." അഭിലാഷ് സ്വാഭാവികതയോടെ പറഞ്ഞു.

"സ്ത്രീകൾ പൊതുവെ ചപലകളാണ്." സഖാവ് കെ.കെ. തുടർന്നു: "നമ്മളുടെ ഇ.എം.എസ്സ്. സഖാവിന്റെ ഭാര്യയും നായനാർ സഖാവിന്റെ ഭാര്യയും അമ്പലത്തിൽ പോയിരുന്നില്ലേ? ചില കാര്യങ്ങളിൽ സ്ത്രീകൾ പറയുന്നതും പ്രവർത്തിക്കുന്നതും അംഗീകരിക്കേണ്ടിവരും. അതാണ് രാജേഷിന്റെ കാര്യത്തിലും സംഭവിച്ചത്."

അഭിലാഷ് പ്രത്യേകിച്ച് പ്രതികരണമൊന്നുമില്ലാതെയിരിക്കുന്നത് സഖാവ് കെ.കെ. ശ്രദ്ധിച്ചു.

"പാർട്ടിതീരുമാനത്തിന്റെ വേഗതയ്ക്കനുസരിച്ച് ഓരോന്ന് പഠിച്ചെടുക്കുവാൻ എന്റെ പ്രായവും പ്രവർത്തനരീതിയും അനുവദിക്കുന്നില്ല". കെ.കെ. കംപ്യൂട്ടർ പഠിക്കുവാൻ കഴിയാത്തതിനെ ന്യായീകരിച്ച് സംസാരിച്ചു.

പാർട്ടി ആഫീസിലേയ്ക്ക് പല സഖാക്കളും ഓരോ ആവശ്യങ്ങളുമായി കയറിവന്നപ്പോൾ അഭിലാഷ് അവിടെനിന്നും ഇറങ്ങി.

ചുവപ്പുകുപ്പായങ്ങളോട് അഭിലാഷിന് പ്രത്യേക സ്നേഹമാണ്. അച്ഛൻ ചെറുപ്പകാലങ്ങളിൽ മേടിച്ചു കൊടുക്കുന്ന കുപ്പായങ്ങൾക്ക് ചുവപ്പുകളറായിരുന്നു. അവൻ ഇന്നും ധരിക്കുന്ന കുപ്പായങ്ങൾക്ക് ചുവപ്പുകളറാണ്. അവന്റെ രണ്ട് സഹോദരിമാർക്കും നഗരത്തിലെ സൂപ്പർമാർക്കറ്റിലാണ് ജോലി. അവർ സ്നേഹപൂർവ്വം കൊടുക്കുന്ന സംഭാവനകളാണ് അവന്റെ ഒരു വരുമാനമാർഗ്ഗം. സമയം കിട്ടുമ്പോൾ അടുത്തുള്ള കംപ്യൂട്ടർ സെന്ററിൽ ചെറിയ ജോലികൾ ചെയ്തുകൊടുത്തും അവൻ ചെറിയതോതിൽ പണം സമ്പാദിച്ചു. പാർട്ടിക്കു വേണ്ടിയുള്ള പ്രവർത്തനങ്ങൾ കഴിഞ്ഞേ അവൻ കംപ്യൂട്ടർ സെന്ററിൽ പോകുകയുള്ളൂ.

അഭിലാഷിന്റെ ദൃഢമായ പാർട്ടിസ്നേഹം അമ്മയ്ക്കും സഹോദരിമാർക്കും അംഗീകരിക്കുവാൻ കഴിഞ്ഞില്ല. സ്കൂളിൽ ഏറ്റവും നന്നായി പഠിക്കുകയും എസ്.എസ്.എൽ.സിക്ക് ആ നാട്ടിലെ ഏറ്റവും ഉയർന്ന

മാർക്ക് നേടുകയും ചെയ്ത വ്യക്തിയാണ് അഭിലാഷ്. അവനേക്കാൾ പഠിക്കാത്തവർക്കും പ്രായംകുറഞ്ഞവർക്കും നാട്ടിലും പുറത്തുമായി നല്ല വരുമാനമുള്ള ജോലിയുണ്ട്.

കഴിഞ്ഞദിവസം അമ്മയും സഹോദരിമാരും ചേർന്ന് അഭിലാഷിന്റെ ചുവപ്പുകുപ്പായങ്ങൾ കത്തിച്ചുകളഞ്ഞു. ഇട്ടിരിക്കുന്ന ഒരേയൊരു കുപ്പായം മാത്രമാണ് അവശേഷിച്ചത്. മറ്റു നിറങ്ങളിലുള്ള കുറെയധികം കുപ്പായങ്ങൾ അവർ അവനുവേണ്ടി വാങ്ങിച്ചുവയ്ക്കുകയും ചെയ്തു. പ്രതിഷേധപൂർവ്വം വീട്ടിൽ നിന്നുമിറങ്ങിയ അഭിലാഷ് കഴിഞ്ഞ രാത്രി കിടന്നത് പാർട്ടിയാഫീസിലാണ്.

കലശലായ വിശപ്പ് അഭിലാഷിന് അനുഭവപ്പെട്ടു. കീശയിൽ കാശൊന്നും അവശേഷിക്കുന്നുമില്ല. പരിഭവവും പരാതിയുമില്ലാതെ ഭക്ഷണം കിട്ടുന്ന ഒരേയൊരു സ്ഥലം വീടുമാത്രമാണെന്ന അറിവ് അവനെ അസ്വസ്ഥനാക്കി. ഈ മുപ്പതുവയസിനുള്ളിൽ വീട്ടിലേയ്ക്ക് ആവശ്യമുള്ള ഒന്നും തന്നെ വാങ്ങിക്കൊടുത്തിട്ടില്ലെന്നുള്ള യാഥാർത്ഥ്യം അവന്റെ അസ്വസ്ഥതകൾ വർദ്ധിപ്പിച്ചു.

ചിന്തയിലൂടെ വളർന്ന വ്യഥകൾ ഉള്ളിലൊതുക്കി അഭിലാഷ് വീട്ടിലെത്തി. അമ്മ സ്നേഹപൂർവ്വം വിളമ്പിക്കൊടുത്ത കഞ്ഞി ആർത്തി പുറത്തു കാണിക്കാതെ വയറു നിറച്ച് കഴിച്ചു.

അഭിലാഷിന്റെ മൊബൈൽഫോൺ സംഗീതം ആലപിച്ചു. ലോക്കൽ സെക്രട്ടറി സഖാവ് കുമാരനാണ് വിളിക്കുന്നത്. "പോലീസ് പിടിച്ചുകൊണ്ടുപോയ സഖാവ് ഹരിലാലിനെ പാർട്ടി പറഞ്ഞിട്ടും എസ്.ഐ. പുറത്തു വിടുന്നില്ല. അതുകൊണ്ട് എത്രയും പെട്ടെന്ന് പോലീസ് സ്റ്റേഷനിലേയ്ക്ക് വരണം." സെക്രട്ടറി പറഞ്ഞുനിറുത്തി.

കഞ്ഞികുടിക്കുന്നതിനുമുമ്പ് ഊരിവെച്ച ചുവപ്പ് കുപ്പായവുമായി അമ്മ പുറത്തേയ്ക്കിറങ്ങുന്നത് അഭിലാഷ് കണ്ടു.

"എനിക്ക് ഒരു ചുവന്ന കുപ്പായമേയുള്ളു അത് നശിപ്പിക്കരുത്" അഭിലാഷ് പറഞ്ഞു.

അമ്മ വല്ലായ്കയോടെ അവന്റെ മുഖത്തേയ്ക്ക് നോക്കി.

"ഞാനായിട്ട് ഇത് നശിപ്പിക്കുന്നില്ല. വിയർപ്പ് നാറിയിട്ട് വയ്യ. ഇനിയും ഇതുപയോഗിച്ചാൽ നിനക്ക് വല്ല പകർച്ചവ്യാധിയും വരും." അമ്മ പറഞ്ഞു "ഗീതയോ സോനുവോ ഇതെടുത്തു നശിപ്പിച്ചാൽ എനിക്ക് പരാതിയൊന്നുമില്ല. നിന്റെ ചുവപ്പുകുപ്പായത്തോടുള്ള അമിതമായ താല്പര്യമാണ് ഈ കുടുംബത്തിന്റെ നട്ടെല്ല് ഇളക്കുന്നതെന്നാ അവര് പറയുന്നത്. എനിക്കും അതുതന്നെയാണ് പറയാനുള്ളത്."

"ഗീതയ്ക്കും സോനുവിനുമൊന്നും ചരിത്രബോധമില്ലാത്തതുകൊണ്ടാ ഇങ്ങനെയെല്ലാം പറയുന്നത്." അഭിലാഷ് പറഞ്ഞു.

"എന്ത് ചരിത്രബോധം?" അമ്മ രോഷംകൊണ്ടു: "ചുവപ്പിനോട് നിന്റെ

അച്ഛനും വലിയ കമ്പമായിരുന്നു. അവസാനം അത് പ്രാണനും എടുത്തു. പാർട്ടിക്കാര് അച്ഛന്റെ പേരിൽ പിരിവുകൾ പലതുനടത്തി. സ്മാരകങ്ങൾ പണിയുകയും സ്മരണികകൾ ഇറക്കുകയും ചെയ്തു. ആ മനുഷ്യന്റെ ഭാര്യയും മക്കളും എങ്ങനെയാ ജീവിക്കുന്നതെന്ന് ആരെങ്കിലും അന്വേഷിച്ചോ? നമ്മളുടെ ദരിദ്രാവസ്ഥയെപറ്റി അറിയാവുന്ന ആരെങ്കിലും എന്തെങ്കിലും സഹായം ചെയ്തിട്ടുണ്ടോ? നീയിങ്ങനെ ഒരു വേലയും ചെയ്യാതെ പാർട്ടിയെന്നു പറഞ്ഞു ചുവപ്പ് കുപ്പായമിട്ടു നടക്കുന്നതുകൊണ്ടാ അവർക്ക് വിവാഹമൊന്നും നടക്കാത്തത്.''

അമ്മയുടെ വാക്കുകൾക്കു മുന്നിൽ ഉത്തരമൊന്നുമില്ലാതെ നിൽക്കുവാനേ അഭിലാഷിന് കഴിഞ്ഞുള്ളൂ. അപ്പോഴുമവന്റെ ഉള്ളിൽ ജ്വലിക്കുന്ന വിപ്ലവമുദ്രാവാക്യങ്ങൾ മുഴങ്ങിക്കൊണ്ടിരുന്നു. പോലീസ് സ്റ്റേഷനും അതിന്റെ പരിസരവുമാണ് മനസിലേയ്ക്കു വന്നത്.

ഗീതയും സോനുവും കൂടി മേടിച്ചു വച്ചിരിക്കുന്ന പുതിയ കുപ്പായങ്ങളിൽ നിന്ന് ഒന്നെടുത്തിടുവാൻ അഭിലാഷ് തീരുമാനിച്ചു. വെളുപ്പ്, കാവി, നീല, പച്ച തുടങ്ങിയുള്ള പല വർണ്ണങ്ങളിലുള്ള കുപ്പായങ്ങൾ. കാഴ്ചയിൽ എല്ലാം മനോഹരങ്ങളാണ്. ഒരു ആലോചനയ്ക്കുശേഷമാണ് ഏതു കുപ്പായം തിരഞ്ഞെടുക്കണമെന്ന തീരുമാനത്തിലെത്തുവാൻ കഴിഞ്ഞത്. പല വർണ്ണങ്ങളിൽ തീർത്ത ചെക്ക് കുപ്പായമാണ് അവസാനം തിരഞ്ഞെടുത്തത്.

അഭിലാഷ് പോലീസ് സ്റ്റേഷനിലേയ്ക്ക് പോകുവാൻ വേണ്ടി വേഗത്തിൽ നടക്കുകയും ഓടുകയും ചെയ്യുന്നതിനിടയിലാണ് സഖാവ് കെ. കെ.യുടെ വിലകൂടിയ കാറ് പാഞ്ഞുപോകുന്നതു കണ്ടത്. കാണാത്തതുകൊണ്ടാവും നിറുത്താത്തതെന്നു സമാധാനിച്ച് നടക്കുമ്പോഴാണ് സഖാവ് കുമാരന്റെ വണ്ടി മുന്നിൽ നിറുത്തിയത്.

''എന്താ നിന്റെ കുപ്പായത്തിനൊരു നിറവ്യത്യാസം?'' സഖാവ് കുമാരൻ നീരസത്തോടെ തിരക്കി: ''വിമതപക്ഷത്തേയ്ക്ക് നിന്റെ മനസും ശരീരവും ചാഞ്ഞുവോ?''

അഭിലാഷ് എന്തെങ്കിലും സമാധാനം പറയുന്നതിനുമുമ്പ് സഖാവ് കുമാരൻ പറഞ്ഞു. ''ഞാൻ സ്റ്റേഷനിലേയ്ക്കാ. നീ വേഗം അവിടേയ്ക്കുവാ.''

സഖാവ് കെ.കെ.യും സഖാവ് കുമാരനും കാറിൽ കയറ്റാതെ പോയതിൽ അഭിലാഷിന് വല്ലായ്ക തോന്നി.

വല്ലായ്കയോടെ നിൽക്കുമ്പോഴാണ് രാമകൃഷ്ണൻമാഷുടെ മകൾ ദേവയാനി എതിരെ നടന്നുവന്നത്. അഭിലാഷ് ചുവപ്പുകുപ്പായം മാറ്റിയത് അവൾക്ക് ആശ്ചര്യമായി.

''ഇപ്പോഴെങ്കിലും നിനക്ക് ചുവപ്പ് കുപ്പായം മാറ്റിവയ്ക്കുവാൻ തോന്നിയല്ലോ.'' ദേവയാനി സ്വാതന്ത്ര്യത്തോടെ പറഞ്ഞു: ''ഇനി നല്ലൊരു ജോലി

കണ്ടെത്തണം. സഖാവ് കരുണന്റെ മകന് ഒരു ജോലി സംഘടിപ്പിച്ച് തരുന്നതിൽ പാർട്ടിക്ക് സന്തോഷമേ കാണൂ. നീയും പാർട്ടിക്ക് വേണ്ട പ്പെട്ട സഖാവുതന്നെയല്ലേ.''

എന്താണ് പറയേണ്ടതെന്ന് അറിയാതെ അഭിലാഷ് ചിരിച്ചു. രാമകൃ ഷ്ണൻമാഷ് അച്ഛന്റെ അടുത്ത സുഹൃത്തായിരുന്നു. മാത്രവുമല്ല. യു. പി.സ്കൂളിൽ പഠിപ്പിച്ചിട്ടുമുണ്ട്.

ദേവയാനിയും അഭിലാഷും തമ്മിൽ നല്ല സൗഹൃദത്തിലാണ്. പ്രണ യമെന്നൊന്നും പറയുവാൻ പറ്റുകയില്ലെങ്കിലും പരസ്പരം അറിയാവുന്ന ഒരിഷ്ടം.

''അച്ഛൻ എനിക്ക് കല്യാണമൊക്കെ ആലോചിച്ചു തുടങ്ങി.'' ദേവ യാനി തുടർന്നു: ''ചെറുക്കന് ഒരു ജോലി വേണം. അതാ അച്ഛന്റെ ആഗ്രഹം''

അഭിലാഷ് തെല്ല് കുസൃതിയോടെ ചോദിച്ചു: ''മകൾക്കും ആ ആഗ്രഹം തന്നെയല്ലെയുള്ളത്?''

''ജീവിതം ഒരു പ്രശ്നം തന്നെയാ.'' ദേവയാനി നയം വ്യക്തമാക്കി. ''ജീവിക്കുവാനും മക്കൾക്ക് വിദ്യാഭ്യാസവും ഭക്ഷണവും കൊടുക്കു വാനും കഴിയുന്ന സാമ്പത്തികമെങ്കിലും വേണ്ടേ?''

അതിൽ പരാതിയുടെയും പരിഭവത്തിന്റെയും ചുവയുണ്ടെന്ന് അഭി ലാഷിനു തോന്നി.

''പാർട്ടിയിലെ ചെറിയ സഖാക്കൾക്കേ പണവും പണിയുമില്ലാതെ യുള്ളൂ.'' ദേവയാനി അവളുടെ അറിവ് പറഞ്ഞു: ''നിനക്കും ഒരു വലിയ സഖാവായിക്കൂടേ?''

ദേവയാനിയുടെ അറിവിനുമുന്നിൽ ഒരഞ്ചുവയസുകാരനെപ്പോലെ അഭിലാഷ് നിന്നു.

''അഭിലാഷ് സഖാവ് ഇപ്പോൾ ഏതു ചേരിയിലാ?'' ദേവയാനി ആകാം ക്ഷയോടെ തിരക്കി: ''ഒഞ്ചിയം മോഡലിൽ ഇവിടെയും ശക്തമായി ക്കൊണ്ടിരിക്കുന്ന എം.സി. വിജയന്റെ ചേരിയിലോ? അതോ ഭരണം കൈയ്യാളുന്ന ഔദ്യോഗികപക്ഷത്തോ?''

അതിന്റെ ഉത്തരം അഭിലാഷിന്റെ മുഖത്തു തെളിഞ്ഞ മ്ലാനമായ പുഞ്ചി രിയായിരുന്നു.

''വിജയന്റെ പക്ഷം പറയുന്നതിലും ചില സത്യമുണ്ടെന്നാ ആളുകള് പറയുന്നത്.'' ദേവയാനി തുടർന്നുപറഞ്ഞു: ''അഭിലാഷിന്റെ അച്ഛനെ പാർട്ടിക്കാരുതന്നെയാ കൊന്നത്. അതിൽ സഖാവ് കെ.കെ.യ്ക്കും സഖാവ് കുമാരനും പങ്കുണ്ടെന്നാ പറയുന്നത്. അഭിലാഷിന്റെ അച്ഛൻ പാർട്ടിയിലും പൊതുജനത്തിനിടയിലും നല്ല അഭിപ്രായത്തോടെ

വളർന്നത് സഖാക്കളായ കെ.കെ.യ്ക്കും കുമാരനും സഹിക്കാനായില്ല ത്രേ. എന്താണെങ്കിലും അവരത്ര നല്ല സഖാക്കളൊന്നുമല്ല. ഈ നാട്ടിൽ പാർട്ടിയെ ഇത്രയും മോശമാക്കിയത് അവരുടെ പ്രവർത്തനങ്ങൾ തന്നെ യാണ്.''

''ഇതെല്ലാം ഞാനും കേട്ടതാ.'' അഭിലാഷ് പറഞ്ഞു: ''എന്നാലും നമ്മുടെ പാർട്ടി അങ്ങനെയങ്ങ് കാണിക്കുമെന്ന് വിശ്വസിക്കാനാവു ന്നില്ല.''

''എന്തായാലും അഭിലാഷിന്റെ തീരുമാനം വിലപിടിപ്പുള്ളതാകുവാൻ പോകുകയാണ്.'' ദേവയാനി പറഞ്ഞു: ''രണ്ടുപക്ഷവും അഭിലാഷിന്റെ അച്ഛന്റെ രക്തസാക്ഷി മണ്ഡപത്തിൽ പുഷ്പാർച്ചന നടത്തിയാണല്ലോ പ്രവർത്തനങ്ങൾ നടത്തുന്നത്. അഭിലാഷിന്റെ അമ്മയും സഹോദരി മാരുമെല്ലാം വിജയന്റെ പക്ഷത്തേയ്ക്ക് പൂർണമായി മറിഞ്ഞെന്നാ എല്ലാ വരും പറയുന്നത്.''

ദേവയാനിയും ജനിച്ചുവീണതു കമ്മ്യൂണിസ്റ്റായിത്തന്നെയാണ്. അതു കൊണ്ടുതന്നെ അവളുടെ സംശയങ്ങൾക്കും ചോദ്യങ്ങൾക്കും മുന്നിൽ മനസിലാകാത്ത തത്ത്വശാസ്ത്രവാക്കുകൾ പറയുന്നതിൽ അർത്ഥമി ല്ലെന്ന് അഭിലാഷിനറിയാം. വായിച്ചും പഠിച്ചും വളർന്ന ദേവയാനിക്ക് പ്രസ്ഥാനത്തെപറ്റി നല്ല അറിവും ധാരണയുമുണ്ട്.

അവരുടെ സംസാരം അല്പസമയം തുടർന്നു. ദേവയാനി പോയി ക്കഴിഞ്ഞ് എന്തുചെയ്യണമെന്ന് അഭിലാഷ് ആലോചിച്ചു. അച്ഛന്റെ കൊല പാതകം പാർട്ടിതന്നെയാണ് നടത്തിയതെങ്കിൽ..... ഓർത്തപ്പോൾ അഭി ലാഷിന്റെ തലകറങ്ങി. ശരീരം വിയർത്തൊലിച്ചു.

അല്പസമയത്തിനുശേഷം ഒരു തീരുമാനത്തിലെത്തി. സ്റ്റേഷനി ലേയ്ക്ക് പോകുകതന്നെ.

പോലീസ് സ്റ്റേഷന്റെ പരിസരം സംഘർഷഭരിതമാണ്. ഹരിലാ ലിനെ ബലമായി പുറത്തിറക്കുമെന്ന വാശിയിലാണ് സഖാവ് കെ.കെ. യുടെയും സഖാവ് കുമാരന്റെയും ഔദ്യോഗിക പക്ഷം. പ്രായപൂർത്തി യാകാത്ത ദളിത്പെൺകുട്ടിയെ പീഢിപ്പിക്കുകയും നഗ്നചിത്രങ്ങൾ എടുത്ത് കംപ്യൂട്ടറിലും മൊബൈൽ ഫോണിലും പ്രദർശിപ്പിക്കുകയും ചെയ്ത ഹരിലാലിനെ മോചിപ്പിക്കരുത് എന്ന ആവശ്യവുമായി എം. സി.വിജയന്റെ ചേരിയും സ്ഥലത്ത് എത്തിയിരിക്കുന്നു. മാർക്സിസ്റ്റ് പ്രസ്ഥാനങ്ങൾ തമ്മിലുള്ള ഒരു ഏറ്റുമുട്ടൽ ഉറപ്പായിരിക്കുന്നു. ജയപ രാജയങ്ങൾ നിർണ്ണായകമാണ്. സത്യവും നീതിയും എന്താണെങ്കിലും ജയിക്കുന്ന പക്ഷത്തേ ഭൂരിപക്ഷം ജനങ്ങളും പ്രവർത്തകരും നിലയുറപ്പി ക്കുകയുള്ളൂ.

പാർട്ടിസഖാക്കൾ തമ്മിൽ തല്ലുന്നതിലും അതിലൊരു പക്ഷം പിടി

ക്കുന്നതിലും താല്പര്യമില്ലാതെ അഭിലാഷ് നിന്നു. തെല്ല് സമയത്തിനുശേഷം ആരുമറിയാതെ അവിടെനിന്ന് പിൻവലിഞ്ഞു. അഭിലാഷിന്റെ മനസിൽ അച്ഛന്റെ മുഖം തെളിഞ്ഞു. ആ മുഖത്ത് രക്തം വിയർപ്പ് കണങ്ങൾപോലെ പറ്റിപിടിച്ചിരിക്കുന്നു.

പാർട്ടി സജീവമായി നടത്തുന്ന ഒരു സമരപരിപാടിയിൽ പങ്കെടുക്കാതെ മാറിനിൽക്കുന്നത് ആരെങ്കിലും കാണുകയോ അറിയുകയോ ചെയ്യുന്നത് മോശമാണെന്ന് അഭിലാഷിനു തോന്നി. അവൻ നേരെ പാർട്ടി ഓഫീസിലേയ്ക്ക് നടന്നു.

പാർട്ടി ഓഫീസ് തുറന്നു കിടക്കുകയാണ്. അവിടെ ആരുമില്ലായിരുന്നു. ചുവരിൽ മാർക്സിന്റെയും ലെനിന്റെയും എംഗൽസിന്റെയും ചെഗുവെരെയുടെയും ചിത്രങ്ങൾ. അതിനുതാഴെ ഏ.കെ.ജി, ഈ.എം.സ്, നായനാർ തുടങ്ങിയവരുടെ ചിത്രങ്ങളുമുണ്ട്.

അഭിലാഷ് പാർട്ടി ഓഫീസിലെ ഉൾമുറിയിൽ എത്തി. അവിടെ വലിയ ഫ്ളക്സ് ബോർഡുകൾക്ക് പിന്നിൽ തറയിൽ നിവർന്ന് കിടന്നു. അഭിലാഷിനെപ്പോലെ പ്രവർത്തിക്കുന്ന സാധാരണ ചില സഖാക്കൾക്കുമാത്രം അറിയാവുന്ന വിശ്രമസ്ഥലമാണ്. അവിടെയങ്ങനെ കിടക്കുമ്പോൾ അഭിലാഷ് ഒരു തീരുമാനത്തിലെത്തി. എങ്ങനെയും പാർട്ടിവഴി ഒരു ജോലി സംഘടിപ്പിക്കണം. ഭരണത്തിലിരിക്കുന്ന പാർട്ടി എത്രയോ പിൻവാതിൽ നിയമനങ്ങളാണ് നടത്തുന്നത്. ഈ നിയമനങ്ങൾ മറ്റുള്ളവർക്കാണ് പിൻവാതിൽ നിയമനം. പാർട്ടിക്കത് അനിവാര്യമായ നിയമന പ്രക്രിയതന്നെയാണ്. മുതിർന്ന സഖാക്കളുടെ ബന്ധുക്കൾ, കനത്ത സംഭാവന നൽകുന്നവരുടെ ആൾക്കാൾ തുടങ്ങിയവർക്കാണ് നിയമനങ്ങൾ നൽകുന്നത്. ഇതിലെ ആദ്യത്തെ വിഭാഗത്തിൽ അച്ഛന്റെ രക്തസാക്ഷിത്വത്തിന്റെ ബലത്തിൽ തനിക്കും കയറികൂടുവാൻ കഴിയുമെന്ന് അഭിലാഷ് ഊഹിച്ചെടുത്തു. ഇന്നുതന്നെ ഈ കാര്യം സഖാവ് കെ.കെ.യോടും സഖാവ് കുമാരനോടും പറയണമെന്നും അഭിലാഷ് തീരുമാനിച്ചു.

കാര്യങ്ങൾ നടക്കുമോ എന്ന സംശയവും അഭിലാഷിന്റെ മനസിലേയ്ക്ക് കടന്നുവന്നു. തനിക്ക് ഒരു ജോലിതന്നാൽ പാർട്ടിക്ക് നഷ്ടപ്പെടുന്നത് ആത്മാർത്ഥവും സജീവവുമായി പ്രവർത്തിക്കുന്ന ഒരു പ്രവർത്തകനെയാണല്ലോ. പലവക ചിന്തകൾക്കിടയിൽ അഭിലാഷ് മയങ്ങിപ്പോയി.

അടക്കിപിടിച്ച സംസാരവും ചില ശബ്ദങ്ങളും കേട്ടാണ് അഭിലാഷ് ഉണരുന്നത്. ഫ്ളക്സ് ബോർഡുകൾക്കു പിന്നിൽതന്നെ കിടന്ന് സംഭാഷണം ശ്രദ്ധിച്ചു. സഖാവ് കെ.കെയും സഖാവ് കുമാരനുമാണ് ആ മുറിയിൽ വന്നിരുന്ന് രോഷത്തോടെ അടക്കിയ ശബ്ദത്തിൽ സംസാരിക്കുന്നത്.

“അവൻ റോഡിലൂടെ നടന്ന് സ്റ്റേഷനിലേയ്ക്കു വരുന്നത് ഞാൻ കണ്ടതാ” സഖാവ് കുമാരൻ പറഞ്ഞു. “വണ്ടിനിറുത്തി ഞാനവനോട്

സംസാരിക്കുകയും ചെയ്തതാ."

"എന്നാൽ സഖാവിന് അവനെ വണ്ടിയിൽ കയറ്റി കൊണ്ടു വരാമായിരുന്നില്ലെ?" സഖാവ് കെ.കെ. ചോദിച്ചു.

"ഞാൻ വണ്ടിയിൽകൊണ്ടുവന്ന് അവനെ അവിടെയിറക്കിയാൽ പിന്നെ സംശയങ്ങൾ മുഴുവൻ എന്റെ നേരെയാകും." സഖാവ് കുമാരൻ തുടർന്നു: "കൊലക്കുറ്റം ആരോപിച്ചാൽ പിന്നെ പിടിച്ചു നിൽക്കാൻ വല്ലാതെ ബുദ്ധിമുട്ടേണ്ടിവരും."

"എം.സി. വിജയനും മറ്റും പറഞ്ഞു പരത്തുന്ന ആ പഴയ സംഭവത്തിന്റെ വാർത്ത അഭിലാഷും വിശ്വസിച്ചിട്ടുണ്ടോ?" സഖാവ് കെ.കെ. സംശയിച്ചു.

"വിശ്വസിച്ചിട്ടുണ്ട്. അവന്റെ അമ്മയും പെങ്ങന്മാരും വിമതപക്ഷത്താണ്. അഭിലാഷും വിശ്വസിച്ച ലക്ഷണമാണ്. അവനും ചുവപ്പ് കുപ്പായം അഴിച്ചുവച്ച് മറ്റ് നിറങ്ങളിലുള്ള കുപ്പായം ധരിക്കുവാൻ തുടങ്ങി" സഖാവ് കുമാരൻ പറഞ്ഞു.

"ഞാനുമത് ശ്രദ്ധിച്ചിരുന്നു." കെ.കെ. വല്ലായ്കയോടെ തുടർന്നു: "അവൻ മറ്റൊരു നിറമുള്ള കുപ്പായവും ധരിച്ച് റോഡിലൂടെ നടന്ന് സ്റ്റേഷനിലേയ്ക്ക് പോകുന്നത് ഞാനും കണ്ടതാണ്. നല്ല കാറായതുകൊണ്ട് അതിനുള്ളിൽ ചെളിയും വിയർപ്പും പിടിപ്പിക്കേണ്ടെന്നു കരുതിയാ കയറ്റാഞ്ഞത്. അതിപ്പോൾ വയ്യാവേലിയായല്ലോ."

"സ്ഥലത്ത് സംഘർഷം നിലനിൽക്കുകയാണല്ലോ?" സഖാവ് കുമാരൻ തുടർന്നുപറഞ്ഞു: "അവൻ മറുചേരിയിൽ അഭയം പ്രാപിക്കുന്നതിനുമുമ്പ് അത് സംഭവിക്കണം. അല്ലെങ്കിൽ ഇവിടെ നമ്മളും പാർട്ടിയുമൊന്നും ഉണ്ടാകില്ല."

"പ്രതാപനും സംഘവും സ്ഥലത്തുതന്നെയുണ്ടല്ലോ." സഖാവ് കെ.കെ. പറഞ്ഞു: "അവനെ കണ്ടെത്തി എവിടെയുണ്ടെന്ന് പറഞ്ഞാൽ അവർ കാര്യം നടത്തിപോയിക്കൊള്ളും."

ഫ്ളക്സ്ബോർഡിന്റെ മറവിൽ ഷോക്കടിച്ചവനെപ്പോലെ അഭിലാഷ് കിടന്നു. കൈയും കാലും മെല്ലെ കറക്കി ശ്വാസം മെല്ലെ വലിച്ചുവിട്ട് ജഡമായിത്തീരേണ്ട ശരീരത്തിലെ ജീവന്റെ സാന്നിദ്ധ്യം അനുഭവിച്ചുകൊണ്ടിരുന്നു.

"അവന്റെ തന്തയെ തല്ലിക്കൊന്ന കാലമല്ലിത്." സഖാവ് കുമാരൻ രോഷത്തോടെ പറഞ്ഞു: "അന്ന് ഞാനും സഖാവുമൊക്കെ ധാരാളം. അന്വേഷണവും കാര്യങ്ങളും നമ്മള് പറയുന്നതുപോലെ തന്നെ. ഇന്ന് അവസ്ഥ മാറിയിരിക്കുന്നു. പഴയ കൊലപാതകത്തെപറ്റി അറിയാവുന്ന പല സഖാക്കളും മറുചേരിയിലുണ്ട്. അവരിൽ പലരും പങ്കാളികളായതുകൊണ്ടാ ഒന്നുമൊന്നും വിട്ട് പറയാത്തത്. നല്ലൊരവസരം സൃഷ്ടിക്കുന്നതുവരെ കാത്തിരിക്കുന്നതിനെപറ്റിയും ചിന്തിക്കേണ്ടിയിരിക്കുന്നു."

"എന്റെ സംശയം അതല്ലാ." സഖാവ് കെ.കെ. തുടർന്നു: "മറുപക്ഷം അവനെ തകർത്തിട്ട് കൊലപാതകത്തിന്റെ ഉത്തരവാദിത്വം നമ്മുടെ തലയിൽ കെട്ടിവയ്ക്കുമൊയെന്നുള്ളതാ. ഇത്രയും സമയമായിട്ടും അവൻ എവിടെയുണ്ടെന്ന് ആർക്കും ഒരറിവുമില്ലല്ലോ. അവന്റെ മൊബൈലാണെങ്കിൽ സ്വിച്ചോഫും."

അഭിലാഷിന്റെ ഉള്ളിൽ ചരിത്രം അറിഞ്ഞതിന്റെ സംഘർഷം പുക ഞ്ഞുകൊണ്ടിരുന്നു. പ്രതികരിക്കുവാനും പ്രതിഷേധിക്കുവാനുമാകാതെ അവൻ അങ്ങനെ തന്നെ കിടന്നു. അതും പാർട്ടിയിൽനിന്നുതന്നെ പഠിച്ചതാണല്ലോയെന്ന് അവൻ ഓർമ്മിച്ചു.

ആ മുറിയിലേക്ക് ആരോ കയറിവരുന്നതിന്റെ ശബ്ദം അഭിലാഷ് കേട്ടു. ശബ്ദം കേട്ടപ്പോഴേ മനസിലായി അശോകാണെന്നു.

"അഭിലാഷിനെപറ്റി ഒരറിവുമില്ല" അശോക് തുടർന്നു പറഞ്ഞു: "ഒരുമാതിരിപെട്ട എല്ലാ സ്ഥലത്തും അവനെ അന്വേഷിച്ചുകഴിഞ്ഞു."

"ഞാനീ ഫ്ളക്സിന്റെ പുറകിൽകിടന്ന് ഒന്നു മയങ്ങിയിട്ടുവരാം." അശോക് ക്ഷീണത്തോടെ പറഞ്ഞു: "വെയിലുകൊണ്ടും മുദ്രാവാക്യം വിളിച്ചും വല്ലാത്തൊരവസ്ഥയിലായി."

അഭിലാഷ് പ്രതികരണമൊന്നുമില്ലാതെ അങ്ങനെതന്നെ നിശ്ചലം കിടന്നു.

അശോക് ഫ്ളക്സ്ബോർഡുകളുടെ പിന്നിൽക്കിടന്നുറങ്ങുന്ന അഭി ലാഷിനെകണ്ട് ഞെട്ടി. തുടർന്ന് കണ്ടെത്തിയതിന്റെ സന്തോഷത്തിൽ വിളിച്ചുപറഞ്ഞു "അഭിലാഷ് ഇവിടെക്കിടന്ന് പോത്തുപോലെ ഉറങ്ങു കയാ"

അഭിലാഷ് ഒരു ഉറക്കത്തിൽ നിന്ന് ഉണർന്നതുപോലെ അവിടെ നിന്നും എഴുന്നേറ്റു. മെല്ലെ നടന്ന് ആ മുറിയുടെ മദ്ധ്യഭാഗത്തേയ്ക്കു വന്നു.

സഖാവ് കെ.കെ.യും സഖാവ് കുമാരനും പ്രേതത്തെകണ്ടതുപോലെ അഭിലാഷിനെ നോക്കിനിന്നു. അവരുടെ ശരീരം വിയർക്കുന്നതും വിറ യ്ക്കുന്നതും അഭിലാഷ് ശ്രദ്ധിച്ചു.

"നീ ഉറങ്ങുകയായിരുന്നോ?" വല്ലായ്കയോടെ സഖാവ് കെ.കെ. ചോദിച്ചു.

"നല്ല തളർച്ച തോന്നിയപ്പോൾ കയറിക്കിടന്നതാ" സ്വാഭാവികത യോടെ പറഞ്ഞു. "പോലീസ് സ്റ്റേഷനിൽ വന്നപ്പോൾ നല്ലക്ഷീണം തോന്നി. ഒരു വിധത്തിലാ ഇവിടെവരെ വന്നത്. കയറിക്കിടന്നതു മാത്രം ഓർമ്മിക്കുന്നുണ്ട്."

സമാധാനത്തിന്റെ നെടുവീർപ്പോടെ സഖാവ് കെ.കെ.യും സഖാവ്

കുമാരനും മുഖാമുഖം നോക്കി.

"ഞങ്ങൾ പറഞ്ഞത് വല്ലതും നീ കേട്ടുവോ?" സഖാവ് കുമാരൻ തണുത്ത ശബ്ദത്തിൽ തിരക്കി.

"ഞാനൊന്നും കേട്ടില്ലല്ലോ" അഭിലാഷ് പറഞ്ഞു. "അഥവാ കേട്ടാൽതന്നെ പാർട്ടിയുടെ നയപരമായ ഒരു കാര്യവും പുറത്തുവിടില്ലല്ലോ."

അഭിലാഷ് അവിടെനിന്നും പുറത്തേയ്ക്കു നടന്നു. സന്ധ്യ നല്ലതുപോലെ മയങ്ങിക്കഴിഞ്ഞു. ചെറുതായി വീശിയ കാറ്റിന് മരണത്തിന്റെ ഗന്ധമാണുള്ളത്. ആ ഗന്ധം അറിഞ്ഞുകൊണ്ട് നടക്കുന്നതിനിടയിൽ സ്വന്തം മരണത്തെപറ്റി ഓർത്തു. മൃഗീയമായ കൊലയുടെ ചില ദൃശ്യങ്ങൾ മനസിലൂടെ കയറിയിറങ്ങിപ്പോയി. എന്നിട്ടും അഭിലാഷിന് തെല്ലും ഭയം തോന്നിയില്ല. അറിയാവുന്ന തൊഴിലുകളെപറ്റി ചിന്തിച്ചു. അപ്പോൾ മനസിൽ തെളിഞ്ഞത് കറുത്ത നിറത്തിലുള്ള പ്രതലമാണ്. അത് ചുവപ്പുനിറത്തിനും തുടർന്ന് മുദ്രാവാക്യം വിളികൾക്കും വഴിമാറി.

അഭിലാഷ് വീട്ടിലെത്തി. അമ്മയും സഹോദരിമാരും പതിവ് ജോലികളിൽ മുഴുകിയിരിക്കുകയാണ്. അവൻ അല്പസമയം അങ്ങനെതന്നെ ആലോചനയിൽ മുഴുകിയിരുന്നു. സന്ധ്യാപ്രാർത്ഥനയ്ക്കുശേഷം അമ്മ വിളമ്പിക്കൊടുത്ത കഞ്ഞി കുടിച്ചു.

വീടിന്റെ പുറത്ത് ഒരു മൂലയിൽ ചുരുട്ടിക്കൂട്ടിയിട്ടിരുന്ന ചുവപ്പുകുപ്പായം അഭിലാഷ് കണ്ടു. വിയർപ്പിന്റെ മണവും ചെളിയും പുരണ്ട ആ കുപ്പായം കൈയ്യിലെടുത്തു. മൂന്നുപ്രാവശ്യം കുടഞ്ഞതിനുശേഷം ശരീരത്തിലേയ്ക്കിട്ടു. പ്രത്യേകിച്ച് വികാരങ്ങളോ വിചാരങ്ങളോ ഇല്ലാതെ അഭിലാഷ് അവിടെനിന്നുമിറങ്ങി നടന്നു.

# പ്രണയത്തിന്റെ ചില്ലയിൽനിന്ന് ഒരു പച്ചക്കിളി..!

**നി**ലാവ് പല പ്രണയങ്ങൾ ഒരേസമയത്ത് കൈകാര്യം ചെയ്യുന്ന സുന്ദരിയാണന്ന് അറിവ് മഹേശ്വരനെ അസ്വസ്ഥനാക്കി. നിലാവിന്റെ മൊബൈലിലേക്ക് സാന്ദ്രമായ സംഗീതത്തിന്റെ അറിയിപ്പോടെ ഒഴുകിയെത്തുന്ന എസ്.എം.എസുകൾ ഏറെയും അവളുടെ കാമുകൻമാരുടേതാണ്.

മകളെ ശാസിക്കണമോ ഉപദേശിക്കണമോ എന്ന ധർമ്മസങ്കടത്തിന്റെ വക്കിൽ മഹേശ്വരൻ വല്ലായ്മയോടെ നിന്നു. ഇതിൽ ഏതു സംഭവിച്ചാലും മകളുമായിട്ടുള്ള നല്ല സൗഹൃദം അവസാനിക്കുമെന്ന് മഹേശ്വരനറിയാം. അതുമാത്രമല്ല വല്ല മുൻകോപത്തിന്റെ പേരിൽ ഏതെങ്കിലും അലവലാതി കാമുകനോടൊപ്പം നിലാവ് ഇറങ്ങിപ്പോയാൽ? ഓർത്തപ്പോൾ മഹേശ്വരന്റെ ഉള്ളിൽനിന്നും വല്ലായ്കയുടെ കൊള്ളിയാനുകൾ പാഞ്ഞു.

മൊബൈൽ ഫോണിലൂടെ മാത്രമല്ല ഇന്റർനെറ്റിലൂടെയും നിലാവ് അടിപൊളിയായി പ്രണയം ആഘോഷിക്കുകയാണെന്ന് മഹേശ്വരൻ അറിഞ്ഞു. ഏറെ സന്ദേശങ്ങളും സംഭാഷണങ്ങളും ലൈംഗികചുവയുള്ളതും അശ്ലീലങ്ങൾ നിറഞ്ഞതുമാണ്. തന്റെ നിലാവിന് ഇതെല്ലാം എങ്ങനെ എഴുതുവാനും പറയുവാനും കഴിയുന്നെന്നോർത്ത് മഹേശ്വരൻ ആശ്ചര്യപ്പെട്ടു. പ്രണയം ഒരാൾക്ക് മറ്റൊരാളോട് സംഭവിക്കാം. അത് സ്വാഭാവികം മാത്രമാണ്. എന്നാൽ പ്രണയങ്ങൾ ഒരാൾക്ക് ഒരേ സമയത്ത് പലരോട് തോന്നുകയെന്നു പറഞ്ഞാൽ! മഹേശ്വരൻ വല്ലായ്കയോടെ ഈശ്വരന്മാരെ വിളിച്ചുപോയി.

ഈ പ്രണയലീലകൾക്കെല്ലാമിടയിലും നിലാവിന്റെ പഠനം നല്ലരീതിയിൽ നടക്കുന്നുണ്ട്. എല്ലാവരോടും പ്രസന്നഭാവത്തോടെ പെരുമാറുവാനും വ്യായാമങ്ങളും ഇതര കലാപ്രവർത്തനങ്ങളും കൃത്യമായി നടത്തുവാനും നിലാവിന് കഴിയുന്നുണ്ട്.

മഹേശ്വരൻ മൊബൈൽഫോണിലൂടെ നിലാവിനു വരുന്ന സന്ദേശ

ങ്ങളും അവളയക്കുന്ന സന്ദേശങ്ങളും ആരുമറിയാതെ ശ്രദ്ധയോടെ പരിശോധിച്ചു. അതുപോലെ ഇ-മെയിലായി വരുന്ന സന്ദേശങ്ങളും അയക്കുന്ന സന്ദേശങ്ങളും പരിശോധിച്ചുകൊണ്ടിരുന്നു.

നിലാവിന്റെ ഒരു ഡസനിലധികം കാമുകൻമാരുടെ മൊബൈൽ നമ്പരും അഡ്രസും മഹേശ്വരന് വ്യക്തമായറിയാം. അവരിൽ ചിലരെ ആരുമറിയാതെ പരിചയപ്പെടുവാൻ മഹേശ്വരൻ ഒരു ശ്രമം നടത്തി. എന്നാൽ ആ ശ്രമം പൂർണ്ണമായി പരാജയപ്പെട്ടു. നിലാവിന്റെ കാമുകൻമാർക്കെല്ലാം മഹേശ്വരനെ പച്ചവെള്ളംപോലെ അറിയാമായിരുന്നു.

നിലാവ് ഒരു ദിവസം മഹേശ്വരനെ അത്ഭുതപ്പെടുത്തി. അച്ഛന്റെയും അമ്മയുടെയും വിവാഹവാർഷികത്തിന്റെ ദിവസം അവർക്കുവേണ്ടി ഒരു പാർട്ടി നഗരത്തിലെ ഹോട്ടലിൽ നടത്തി. അവിടെ നിലാവിന്റെ കാമുകൻമാരും സഹപാഠികളും സുഹൃത്തുക്കളുമെല്ലാം എത്തിയിരുന്നു. അവരിൽ പലരും സംഘം ചേർന്ന് സിനിമാറ്റിക്ക് ഡാൻസും പാരഡിപാട്ടുകളും അവ അർഹിക്കുന്ന സൗന്ദര്യത്തോടെ അവതരിപ്പിച്ചു. അച്ഛനും അമ്മയ്ക്കുംവേണ്ടി നിലാവ് നടത്തിയ ഗാനാലാപനവും ശ്രദ്ധേയമായി.

നിലാവിന്റെ പ്രണയലീലകളെക്കുറിച്ചോർത്ത് വല്ലായ്കയോടെ വീടിനുമുന്നിലെ വഴിയിലൂടെ മഹേശ്വരൻ നടക്കുകയായിരുന്നു. പിന്നിലൂടെവന്ന ഒരു കാറ് മഹേശ്വരനെ ഇടിച്ചിട്ടു. കാറിലിരുന്ന യുവാവിനോട് മഹേശ്വരൻ രോഷത്തോടെ സംസാരിച്ചു. യുവാവ് അടുത്തവീട്ടിലെ തോമസായിരുന്നു. ബഹളം കേട്ട് പലരും ഓടിക്കൂടി. അവസാനം തോമസ് മഹേശ്വരന്റെ കരണത്തടിച്ചു

വണ്ടി ഇടിച്ചതിനുശേഷം കരണത്ത് അടികൂടികൊടുത്തത് ശരിയായില്ലെന്ന് അവിടെ കൂടി നിന്നിവർ അടക്കം പറഞ്ഞു. പക്ഷേ ആരും അതുറക്കെ പറഞ്ഞില്ല. അപമാനിതനായി മഹേശ്വരൻ വീട്ടിലേയ്ക്ക് നടന്നു.

നിലാവ് വാത്സല്യത്തോടെ മഹേശ്വരനെ ആശ്വസിപ്പിച്ചു. വെള്ളം തിളപ്പിച്ച് തുണിമുക്കി മഹേശ്വരന്റെ ശരീരത്തിലും മുഖത്തും അമർത്തിപൊത്തി. ഭാര്യയായ ലീലാവതി അസ്വസ്ഥതയോടെ അടുത്തുതന്നെ നിന്ന് പോലീസിൽ പരാതികൊടുക്കണമെന്ന് ഉപദേശിച്ചു.

നിലാവിന്റെ സ്ഥാനത്ത് ഒരാൺകുട്ടി ഉണ്ടായിരുന്നെങ്കിൽ സംഭവിക്കാവുന്നതിനെപറ്റി മനസിൽ ഓർത്തു. തീർച്ചയായും തോമസിനോട് പകരം ചോദിക്കുമായിരുന്നു. ആലോചനയോടെ ഇരിക്കുന്ന മഹേശ്വരന്റെ മുന്നിലൂടെ മന്ദസ്മിതമൊതുക്കി നിലാവ് അവളുടെ മുറിയിലേയ്ക്കു നടന്നു.

നിലാവ് മൊബൈലിലൂടെ ആരോടെല്ലാമോ സംസാരിക്കുകയാണെന്ന് മഹേശ്വരന് മനസിലായി. മഹേശ്വരന്റെ മനസിൽ രോഷം വളർന്നു. സ്വന്തം തന്ത ഇടികൊണ്ട് അപമാനിതനായി വന്നിട്ടും പ്രണയസല്ലാപം നടത്തുന്ന മകൾപോലും.

അല്പം കഴിഞ്ഞപ്പോൾ അടുത്തവീട്ടിൽനിന്നും ബഹളംകേട്ടു. ഒപ്പം ആരോ അലറിക്കരയുന്ന ഒച്ചയും. ബഹളവും അലർച്ചയും കേൾക്കുന്നത് തോമസിന്റെ വീട്ടിൽനിന്നാണെന്ന് മഹേശ്വരൻ മനസിലാക്കി.

നമ്പർപ്ലേറ്റില്ലാത്ത ആറ് ബൈക്കുകളിൽ പന്ത്രണ്ടു യുവാക്കൾ വീടിനുമുന്നിലെത്തി. അവർ ബൈക്ക് പതിയെ നിറുത്തുവാൻ ശ്രമിക്കുന്നതും വീടിനുള്ളിലേയ്ക്ക് നോക്കുന്നതും മഹേശ്വരൻ ശ്രദ്ധിച്ചു. അവിടേയ്ക്കു വന്ന നിലാവ് ചിരിച്ച് കൈയ്യുയർത്തി കാണിച്ചപ്പോൾ അവർ ബൈക്കുകൾ ഇരപ്പിച്ച് അവിടെനിന്നും അകന്നുപോയി.

തെല്ല് സമയം കൂടി കഴിഞ്ഞപ്പോൾ തോമസിന്റെ വീട്ടിൽനിന്ന് വീണ്ടും അലർച്ചയും ബഹളങ്ങളും കേട്ടു. മുറ്റത്തേയ്ക്കിറങ്ങിയ മഹേശ്വരൻ ഞെട്ടിപ്പോയി. തുണിയുരിഞ്ഞ് നടുറോഡിൽ നിറുത്തി കുറെ യുവാക്കൾ ചേർന്ന് കാളയെ അടിക്കുന്ന ചാട്ടകൊണ്ട് തോമസിനെ അടിക്കുകയാണ്. അല്പസമയം ആ പ്രകടനം തുടർന്നു. അതിനുശേഷം ആ യുവാക്കൾ രണ്ട് കറുത്ത സ്കോർപ്പിയോകളിൽ വീടിനു മുന്നിൽ വന്നുനിന്നു. നിലാവ് പുറത്തേയ്ക്കിറങ്ങി കൈ ഉയർത്തി ചിരിച്ച് കാണിച്ചപ്പോൾ അവർ അവിടെനിന്നും വാഹനങ്ങൾ ഇരപ്പിച്ച് മുന്നോട്ടുപോയി.

നാലുപ്രാവശ്യംകൂടി തോമസിന്റെ വീട്ടിൽനിന്ന് ബഹളം കേൾക്കുകയും തോമസ് അലറിക്കരയുകയും ചെയ്യുന്നത് മഹേശ്വരൻ കേട്ടു. ഓരോ പ്രാവശ്യം ബഹളം കഴിയുമ്പോഴും ഒരു പറ്റം യുവാക്കൾ നിലാവിന്റെ പ്രതികരണത്തിനായി അവിടേയ്ക്കുവരുകയും അവളുടെ പ്രതികരണം ലഭിച്ചുകഴിഞ്ഞാൽ അവിടെനിന്നും സന്തോഷത്തോടെ പോകുകയും ചെയ്യുന്നത് മഹേശ്വരൻ ശ്രദ്ധിച്ചു.

മകളുടെ സ്വഭാവത്തിന്റെ സങ്കീർണ്ണതകളെപറ്റി ചിന്തിച്ചുനിൽക്കുമ്പോൾ ഏറെ പരവശനായി രക്തമൊലിപ്പിച്ച് അർദ്ധനഗ്നതയോടെ തോമസവിടെയെത്തി. കൈകൂപ്പി കരഞ്ഞുകൊണ്ട് മഹേശ്വരന്റെ കാൽക്കൽ വീണു. തന്നെ ഇനിയും ഉപദ്രവിക്കരുതെന്ന് കണ്ണീരോടെ പറഞ്ഞു. മഹേശ്വരന് അതിനുത്തരമൊന്നും പറയാൻ കഴിഞ്ഞില്ല. നിലാവ് ആ രംഗത്തുനിന്നും തന്ത്രപൂർവ്വം മാറിനിന്ന് വീടിനുമുന്നിലെ കൂട്ടിൽ വളർത്തുന്ന പച്ചനിറമുള്ള കിളികൾക്ക് തീറ്റകൊടുക്കുകയും അവയെ കൗതുകത്തോടെ ലാളിക്കുകയും ചെയ്തുകൊണ്ടിരുന്നു.

മഹേശ്വരൻ സമാധാനിപ്പിച്ച് തോമസിനെ അവിടെനിന്നും പറഞ്ഞയച്ചു. കിളികൾക്ക് തീറ്റകൊടുക്കുകയും അവയെ ലാളിക്കുകയും ചെയ്യുന്ന നിലാവിന്റെ അടുത്തേയ്ക്ക് മഹേശ്വരനെത്തി. തോമസിനെ ഉപദ്രവിച്ചതിൽ അവൾക്ക് പങ്കുണ്ടോയെന്ന് തെല്ല് രോഷത്തോടെ തിരക്കി.

നിലാവ് കൗതുകത്തോടെ മഹേശ്വരനെ നോക്കി. തുടർന്ന് കൂസലില്ലാതെ പറഞ്ഞു. "തോമസ് അർഹിക്കുന്നത് കിട്ടി. അച്ഛനെന്തിനാണ് അതിൽ അസ്വസ്ഥതപ്പെടുന്നത്. മിടുക്കനായ ഒരാൺകുട്ടിയുണ്ടെങ്കിലും ഇതൊക്കെതന്നെയല്ലെ ചെയ്യുന്നത്."

നിലാവിനോട് തുടർന്നൊന്നും പറയുവാൻ മഹേശ്വരന് കഴിഞ്ഞില്ല.

മെല്ലെ മഹേശ്വരന്റെ മനസിൽ ഒരസ്വസ്ഥത വളർന്നു. എന്നെങ്കിലും ഒരാൺകുട്ടിയുണ്ടാകാത്തതിന്റെ ഇച്ഛാഭംഗം ആരൊടെങ്കിലും പ്രകടിപ്പിച്ചിട്ടുണ്ടോയെന്ന് ചിന്തിച്ചുനോക്കി. ഒരു പെൺകുട്ടിയുണ്ടായതിന്റെ മഹത്ത്വത്തെപറ്റി ആരോടും പറഞ്ഞിട്ടില്ലെന്ന് മഹേശ്വരൻ ഓർത്തു. ഒന്നുകൂടി ആലോചിച്ചപ്പോൾ സ്ത്രീലിംഗത്തിൽപെട്ട ജീവികളുടെ മഹത്ത്വത്തെപറ്റി ഓരോന്ന് ഓർമ്മവന്നു. ഒരു വീട് എപ്പോഴും സൂക്ഷിക്കുന്നത് പെൺനായതന്നെയാണല്ലോ. വീടിനുള്ളിൽ അച്ചടക്കത്തോടെ പാർക്കുകയും എലികളെ പിടിക്കുകയും ചെയ്യുന്നത് പെൺപൂച്ചകൾ തന്നെയാണല്ലോ. എന്തിന് ഒരു പശുവിന്റെ സേവനം വീട്ടിലുള്ളവർക്ക് മറക്കാനാവുമോ. യഥാർത്ഥത്തിൽ മനുഷ്യസമൂഹത്തിലും സംഭവിക്കുന്നത് ഇതുതന്നെയല്ലേ? വീട്ടിലെ പണികൾ ഏറെയും ചെയ്യുന്നതും സന്താനങ്ങളെ പരിപാലിക്കുന്നതും അച്ഛനമ്മമാരെ സ്നേഹത്തോടെ പരിപാലിക്കുന്നതും സ്ത്രീകൾ തന്നെയാണല്ലോ.

പെട്ടെന്നാണ് മഹേശ്വരന്റെ മനസിൽ ഒരു സംശയം ഉയർന്നത്. ഇങ്ങനെയെല്ലാമായിട്ടും ആൺകുട്ടികൾക്കുവേണ്ടിയാണെല്ലേ ഈ സമൂഹം ഇങ്ങനെ ആഗ്രഹിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നത്. ഉത്തരം കിട്ടാത്ത ആ സംശയവും മനസിലിട്ട് മഹേശ്വരൻ നടന്നു.

മഹേശ്വരൻ ഭാര്യയായ ലീലാവതിയെ കൗതുകത്തോടെ ശ്രദ്ധിച്ചു. നിലാവിന്റെ പോലെ തന്നെ നീണ്ട മൂക്ക്, വിടർന്ന കണ്ണുകൾ, കോലൻ മുടിയിഴകൾ, തുടർന്ന് മഹേശ്വരൻ ചിന്തിച്ചത് അമ്മയുടെയും മകളുടെയും സ്വഭാവത്തിന് തമ്മിൽ സാമ്യമുണ്ടോയെന്നാണ്. ചിന്തിച്ചുകൊണ്ടിരുന്ന മഹേശ്വരനെ നോക്കി ലീലാവതി കുസൃതിയോടെ ചിരിച്ചു. അപ്പോൾ മഹേശ്വരൻ ഭൂതകാലങ്ങളിലൂടെ സഞ്ചരിച്ച് അവരുടെ ഊഷ്മളമായ പ്രഥമരാത്രിയിലെത്തി. ലീലാവതിയുമായി ആഘോഷതുല്യമായ ആ ഓർമ്മ പങ്കുവച്ചു. തുടർന്ന് അവർക്കിടയിൽ ഭൂതകാലത്തിലൂടെ പ്രഥമരാത്രിയിലേയ്ക്കുള്ള ദൂരം ഇല്ലാതായി.

മഹേശ്വരൻ ഉചിതമായൊരു വിവാഹം നിലാവിന് ആലോചിച്ചു. ആലോചനയറിഞ്ഞ നിലാവ് ചിരിച്ചു. തുടർന് അവളുടെ നയം വ്യക്തമാക്കി. “അച്ഛൻ എന്നെ വല്ലാതെ ശ്രദ്ധിക്കുന്നു. ചില ദിവസങ്ങളായി വല്ലാതെ അസ്വസ്ഥതപ്പെടുകയും ചെയ്യുന്നു. അസ്വസ്ഥതയേറുമ്പോൾ അമ്മയോടുള്ള സ്നേഹത്തിൽ ആഘോഷത്തിന്റെ പൂരം കാണുന്നുണ്ട്. ഇന്നുതന്നെ ഞാൻ ഹോസ്റ്റലിലേയ്ക്കു പോകുകയാണ്. അച്ഛൻ ഭയപ്പെടുകയൊന്നും വേണ്ട. പ്രണയിക്കുന്ന ഒരു ചെറുക്കനെയും ഞാൻ വിവാഹം കഴിക്കില്ല. വിവാഹം ആവശ്യമായിവരുന്ന സമയത്ത് അച്ഛനും അമ്മയും സന്തോഷത്തോടെ ആലോചിച്ച് ഉറപ്പിക്കുന്നതേ സംഭവിക്കൂ.”

നിലാവ് ബാഗുകളും തൂക്കി ഹോസ്റ്റലിലേയ്ക്ക് പോകുവാൻ ഒരുങ്ങി. വല്ലായ്കയോടെ നില്ക്കുന്ന മഹേശ്വരന്റെ അടുത്തേയ്ക്കു ചെന്ന് കൗതുകകരമായ കുസൃതിയോടെ നിലാവ് പറഞ്ഞു. “അച്ഛൻമാർ പെൺകുട്ടികൾക്ക് വിവാഹം നേരത്തെ ആലോചിക്കുന്നതിനു പിന്നിലെ

മനഃശാസ്ത്രത്തെപ്പറ്റി ടോണി ബ്രൂസൺ എന്താണ് പറഞ്ഞിരിക്കുന്ന തെന്നറിയുമോ? സ്ത്രീലിംഗത്തിലുള്ള പുരുഷന്മാരുടെ അഥവാ അച്ഛ ന്മാരുടെ വിശ്വാസക്കുറവും ആകാംക്ഷയുമാണ് കാരണം. മകൾ വഴി തെറ്റി പോകുമോയെന്നുള്ള സംശയം. മകൾക്ക് ഏറ്റവും ചെറുപ്പ ത്തിൽതന്നെ സൗഭാഗ്യങ്ങൾ നൽകണമെന്നുള്ള ആഗ്രഹം. ചിലപ്പോൾ മനസിൽ മകളോടു തോന്നുന്ന സവിശേഷമായൊരു കൗതുകം..."

നിലാവിനെ തുടരാൻ അനുവദിക്കാതെ തെല്ല് രോഷത്തോടെ ലീലാ വതി പറഞ്ഞു. "നിന്റെ നാവും ചിന്തയും അടക്കുന്നുണ്ടോ..."

നിലാവ് ന്യായീകരണത്തോടെ തുടർന്നു. "ഇത് എന്റെ അഭിപ്രായ മൊന്നുമല്ല. നെറ്റിൽ പോയി ടോണി ബ്രൂസന്റെ മനഃശാസ്ത്രസംബ ന്ധമായ സൈറ്റ് പരിശോധിച്ചാൽ കാണുവാൻ കഴിയും. ഞാനൊരു തമാശ പറഞ്ഞതല്ലല്ലോ"

നിലാവ് അകലുന്നത് നോക്കിനിന്നുകൊണ്ട് ലീലാവതി മഹേശ്വരനെ ആശ്വസിപ്പിച്ചു. "നിലാവ് നമ്മളുടെ പോന്നുമോളല്ലെ. അവൾ പ്രണയ ത്തിന്റെ ചതിക്കുഴികളിലൊന്നും വീഴില്ല. കാലം ആവശ്യപ്പെടുന്ന പ്രവൃത്തിയും പക്വതയും മാത്രമെ അവളുടെ ഭാഗത്തുനിന്നുമുള്ളൂ."

മഹേശ്വരൻ കാലത്തെക്കുറിച്ചും കാലത്തിനനുസരിച്ച് ബുദ്ധിപൂർവ്വം ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന നിലാവിനേക്കുറിച്ചും ഓർമ്മിച്ച് അങ്ങനെ നിന്നു. നിലാവിന്റെ മൊബൈലിലേയ്ക്ക് സാന്ദ്ര മായ സംഗീതത്തിന്റെ അകമ്പടിയോടെ ഒഴുകിയെത്തുന്ന ശൃംഗാരച്ചു വയുള്ള എസ്.എം.എസുകളെപറ്റി ഓർമ്മിച്ചു. നിലാവ് അയക്കുന്ന പ്രണ യസന്ദേശങ്ങളെപറ്റിയും ഓർമ്മിച്ചു. അങ്ങനെ പ്രണയങ്ങളെക്കുറിച്ച് ആലോചിച്ചുനിന്നപ്പോൾ ലീലാവതി അടുത്തേയ്ക്കുവന്നു. മഹേശ്വ രൻ പുതിയൊരാവേശത്തോടെ അവളെ വാരിപ്പുണർന്നു.

# പ്രകാശം പരത്തുന്ന സ്ത്രീ

ഓടിക്കിതച്ച് തളർന്ന് അവറാച്ചൻ ഒരു മരത്തിൽ പിടിച്ചുനിന്നു. വല്ലായ്കയോടെ പിന്നിലേയ്ക്ക് തിരിഞ്ഞുനോക്കി. അവരെ കാണാത്തതിൽ ആശ്വസിച്ച് ദീർഘമായൊന്നു നിശ്വസിച്ചു.

വിവാഹപ്രായമെത്തിനിൽക്കുന്ന മൂന്ന് പെൺകുട്ടികളുടെ കൃഷിക്കാരനായ അച്ഛന് ആത്മഹത്യയല്ലാതെ എന്താണ് ഈ കേരളത്തിൽ ചെയ്യാനുള്ളത്?

പലപ്രാവശ്യം സ്വയം ചോദിച്ച ചോദ്യം വീണ്ടും കൊമ്പും ദംഷ്ട്രവും നീട്ടി അവറാച്ചന്റെ ഉള്ളിൽക്കിടന്ന് ഞെളിപിരികൊണ്ടു. ഒരു ഗതികേടുകാരന് ആത്മഹത്യ ചെയ്യുവാൻകൂടി അവസരമില്ലാത്ത വ്യവസ്ഥിതിയെ പറ്റിയോർത്ത് അവറാച്ചൻ വല്ലാതെ പ്രതിഷേധിച്ചു. പ്രതിഷേധം അറിയാവുന്ന തെറികളുടെ ചങ്ങലയായി വായിൽനിന്നും പുറത്തേയ്ക്കു ചാടി. അപ്പോഴാണ് തൊണ്ടയുടെ വേദനയെപറ്റി അറിയുന്നത്.

കൈകൾകൊണ്ട് തൊണ്ടയും കഴുത്തുമെല്ലാം മെല്ലെ പരിശോധിച്ചു നോക്കി. പിടലി തിരിച്ച് നോക്കിയപ്പോൾ തെല്ലൊരു ഇടർച്ച അനുഭവപ്പെട്ടു. തന്റെ ആത്മഹത്യ പരാജയപ്പെടുത്തിയ ശക്തികൾ എന്താണെന്ന് അറിയുവാനുള്ള ആകാംക്ഷ അവറാച്ചന്റെ ഉള്ളിൽ വളർന്നു.

ഇടതൂർന്നു നിൽക്കുന്ന മരങ്ങൾക്കിടയിലൂടെ,ചിതറിക്കിടക്കുന്ന കരിയിലകൾക്കു മുകളിലൂടെ മെല്ലെ ചവുട്ടി അവറാച്ചൻ അവിടേയ്ക്കു നടന്നു.

ശരിക്കും കുരുക്ക് കഴുത്തിൽ മുറുകിയതായിരുന്നു. കണ്ണിലൂടെ മൃത്യുവിന്റെ സാന്നിദ്ധ്യമുള്ള പൊന്നീച്ചകൾ പറന്നതുമാണ്. പെട്ടന്നാണ് ഒരുപറ്റം യുവതീയുവാക്കൾ ചേർന്ന് അവറാച്ചനെ ആത്മഹത്യാക്കുടുക്കിൽ നിന്നും എടുത്തുമാറ്റി മർദ്ദിച്ച് നാണംകെടുത്തി ഓടിച്ചത്. അതുമാത്രമല്ല ചിലർചേർന്ന് ആ രംഗങ്ങൾ ക്യാമറയിൽ പകർത്തുകകൂടി ചെയ്തിരിക്കുന്നു. തനിക്കല്ലാതെ ഈ ലോകത്ത് മറ്റാർക്കും അറിയില്ലായിരുന്ന ആത്മഹത്യാവിവരം ചോർന്നതിനെപറ്റിയോർത്ത് അവറാച്ചൻ വല്ലാതായി.

പാത്തുപതുങ്ങി ആത്മഹത്യ ചെയ്യുവാൻ ശ്രമിച്ച സ്ഥലത്ത് അവറാച്ചനെത്തി. ആത്മഹത്യാക്കുടുക്കിൽനിന്ന് എടുത്തുമാറ്റിയവരേയും മർദ്ദിച്ചവരേയും ക്യാമറയിൽ പകർത്തിയവരെയുമൊന്നും അവിടെയെങ്ങും കണ്ടില്ല. ചില മൂങ്ങകൾ വല്ലാത്തൊരു ശബ്ദത്തിൽ വൃക്ഷശിഖരങ്ങ

ളിലിരുന്ന് ശബ്ദമുണ്ടാക്കി. ഒരാത്മഹത്യചെയ്യുവാൻകൂടി കഴിയാത്തവനെ പരിഹസിക്കുവാൻ ചീവീടുകളും ചില പക്ഷികളും കൂടെച്ചേർന്നു. ആ പരിഹാസം സഹിക്കവയ്യാതായപ്പോൾ വീണ്ടും ആത്മഹത്യ ചെയ്യുവാൻതന്നെ അവറാച്ചൻ ഉറപ്പിച്ചു. മരച്ചില്ലയിൽ കെട്ടിയിരുന്ന കയർ അവർ അഴിച്ചുകൊണ്ടുപോയെന്ന യാഥാർത്ഥ്യത്തിനുമുന്നിൽ അവറാച്ചൻ അങ്ങനെതന്നെ അല്പസമയം നിന്നു.

മറ്റൊരു ദിവസം ആത്മഹത്യ ചെയ്യാമെന്ന തീരുമാനത്തൊടെ ആ വിജനമായ സ്ഥലത്തുനിന്നും നടന്നു. വീട്ടിലേയ്ക്ക് തിരിച്ചുപോകുവാൻ ബസ്കിട്ടുന്ന കവലയിലെത്തി. ബസ് വരുന്നതിനുമുമ്പ് അടുത്തുള്ള ഹോട്ടലിൽ നിന്നും ഒരു ചായകുടിക്കുവാൻ തീരുമാനിച്ചു.

ആരായിരിക്കും തന്നെ ആത്മഹത്യചെയ്യുവാൻ അനുവദിക്കാത്തതെന്ന സംശയം ഉള്ളിലിട്ടുകൊണ്ട് ചെറുചൂടുള്ള ചായ രുചിയോടെ കുടിച്ചുതുടങ്ങി. അവിടെ കൂടിയിരിക്കുന്നവർ ആകാംക്ഷയോടെ ടെലിവിഷനിൽ എന്താണ് കാണുന്നതെന്നറിയുവാൻ അവറാച്ചനും അതിലേയ്ക്കു ശ്രദ്ധിച്ചു.

അവറാച്ചന്റെ ബോധത്തിനുമുകളിലൂടെ ചിന്തയുടെ കാട്ടരുവി കുത്തിക്കലങ്ങി ശക്തിയോടെ ഒഴുകിത്തുടങ്ങി. ആത്മഹത്യ ചെയ്യുവാൻ തുടങ്ങുന്ന രംഗങ്ങൾ അങ്ങനെതന്നെ ടെലിവിഷനിൽ തെളിഞ്ഞുവരുന്നു.

ഗാന്ധിജയന്തിദിനത്തിന്റെ അന്നുതന്നെയുള്ള ഒരു കൃഷിക്കാരന്റെ ആത്മഹത്യാശ്രമം ചർച്ചചെയ്യേണ്ടതാണെന്ന അവതാരകയുടെ അഭിപ്രായത്തോടെ ആത്മഹത്യാകുറിപ്പ് വായിക്കുവാൻ തുടങ്ങി. അണ്ടർവെയറിന്റെ കീശയിലെ ആത്മഹത്യാകുറിപ്പ് അവർ എങ്ങനെയാണ് സ്വന്തമാക്കിയതെന്നതിനെപറ്റി അവറാച്ചൻ ആലോചിച്ചുനോക്കി.

പരാജയപ്പെട്ട ആത്മഹത്യാക്കാരന്റെ വല്ലായ്കയോടെ അവറാച്ചൻ നാലുചുറ്റും കണ്ണോടിച്ചു. ആരും തിരിച്ചറിഞ്ഞിട്ടില്ലെന്ന ആശ്വാസത്തോടെ അവിടെനിന്നും എഴുന്നേറ്റ് ചായയുടെ കാശുകൊടുത്ത് പുറത്തേയ്ക്കിറങ്ങി. ബസ് വരാത്തതിന്റെ അസ്വസ്ഥത ഉള്ളിലൊതുക്കി നിന്നപ്പോൾ ടെലിവിഷനിലൂടെ ആത്മഹത്യാകുറിപ്പ് വായിക്കുന്നതു കേട്ടു.

'കാർഷികാവശ്യത്തിന് എടുത്ത കടത്തിന്റെ ബാധ്യതകൾ താങ്ങാൻ കഴിയാത്തതിനാലാണ് ഞാൻ ആത്മഹത്യ ചെയ്യുന്നത്. എന്റെ ആത്മഹത്യയിൽ എനിക്കല്ലാതെ മറ്റാർക്കും ഒരു പങ്കുമില്ല...'

ആത്മഹത്യാശ്രമത്തെയും കേരളത്തിന്റെ അവസ്ഥയേയും ബന്ധപ്പെടുത്തിക്കൊണ്ടുള്ള ചർച്ചകൾ ടെലിവിഷനിൽ തുടർന്നുകൊണ്ടിരുന്നു. ആർക്കും മനസിലാകാതെ വീട്ടിലെത്തുവാനുള്ള തത്രപാടിൽ ഒരു ബസിൽ കയറിക്കൂടി.

വീടിനുമുന്നിലെത്തിയ അവറാച്ചൻ അക്ഷരാർത്ഥത്തിൽ അമ്പരന്നുപോയി. അവിടെയെല്ലാം നിറഞ്ഞുനിൽക്കുന്ന ജനങ്ങൾ. ആരുടെയും

കണ്ണിൽപെടാതെ ഒതുങ്ങിപതുങ്ങി അവിടെ എന്താണ് സംഭവിക്കുന്നതെന്ന് നിരീക്ഷിച്ചു. ആത്മഹത്യാകുടുക്കിൽനിന്നും എടുത്തുമാറ്റിയവരും മർദ്ദിച്ചവരും നാണംകെടുത്തി ഓടിച്ചവരും വീട്ടിലുള്ള ഭാര്യ, മക്കൾ എന്നിവരെല്ലാമായി സംസാരിച്ചുനിൽക്കുന്നു. അവരുടെ സംസാരവും പ്രതികരണങ്ങളും രേഖപ്പെടുത്തുന്ന ചാനലിലെ ജോലിക്കാരും പ്രവർത്തകരും. അവറാച്ചൻ അവിടെനിന്നും പിൻവലിഞ്ഞ് സുഹൃത്തും തൊട്ടടുത്ത് താമസിക്കുന്നവനുമായ വിനയന്റെ വീട്ടിലെത്തി. വീട് അടഞ്ഞുകിടക്കുന്നതുകണ്ടപ്പോഴെ അവരെല്ലാം തന്റെ വീട്ടിൽ കൂടിയിരിക്കുകയാണെന്ന് നിഗമനിച്ചെടുത്തു. കീശയിൽ ഓഫാക്കിയിട്ടിരുന്ന മൊബൈൽ ഫോൺ ഓണാക്കി. വിനയന്റെ നമ്പർ സെലക്ട് ചെയ്ത് വിളിച്ചു. വീടിനുള്ളിൽനിന്നും വിനയന്റെ ഫോൺ ശബ്ദിക്കുന്നതുകേട്ടു. എന്തുചെയ്യണമെന്നറിയാതെ കുഴങ്ങിനിന്ന അവറാച്ചന്റെ മൊബൈലിലേയ്ക്ക് ഒരു കോൾ വന്നു. കോൾ കട്ടുചെയ്തതിനുശേഷം മൊബൈൽ സ്വിച്ചോഫ് ചെയ്തു.

വല്ലായ്കയോടെ വിനയന്റെ വീടിന്റെ പിൻഭാഗത്ത് തന്റെ വീട്ടിൽനടക്കുന്ന ബഹളങ്ങൾ അല്പാല്പമായി കേട്ടുകൊണ്ട് അവറാച്ചനിരുന്നു. അങ്ങനെ ഇരിക്കുന്നതിനിടയിൽ വിനയൻ അവിടേയ്ക്കുവന്നു. വിനയന്റെ മുഖത്തെ പരിഭ്രമം എന്തെന്ന് അവറാച്ചന് ഊഹിച്ചെടുക്കുവാൻ കഴിഞ്ഞു. പരാജയപ്പെട്ട ആത്മഹത്യാക്കാരനെ കാണുന്നതിന്റെ പരിഭ്രമം അല്ലെങ്കിൽ പ്രേതമായിത്തീരേണ്ട സുഹൃത്തിനെ കാണുന്നതിന്റെ വല്ലായ്ക.

“അങ്ങനെയൊക്കെയങ്ങ് സംഭവിച്ചുപോയി” അവറാച്ചൻ പറഞ്ഞു “നീയെങ്കിലും എന്നെ മനസിലാക്കണം.”

“നിനക്ക് കാര്യങ്ങൾ തുറന്നുപറഞ്ഞുകൂടായിരുന്നോ?” വിനയൻ ചോദിച്ചു. “എല്ലാവർക്കും കടവും കാര്യങ്ങളുമുള്ളതല്ലേ? മൂന്ന് പെൺകുട്ടികൾ ഉണ്ടെന്ന കാര്യമെങ്കിലും ഒന്ന് ഓർക്കാമായിരുന്നില്ലേ?”

അതുവരെ സംഭവിച്ചത് എന്താണെന്ന് വിനയനിൽനിന്നുമാണ് അവറാച്ചൻ മനസിലാക്കിയെടുത്തത്.

ഗാന്ധിജയന്തിദിനത്തിന്റെ അവധി ആസ്വദിക്കുവാൻ മൾട്ടിനാഷണൽ കമ്പനിയിലെ ഉയർന്ന ശമ്പളം മേടിക്കുന്ന കംപ്യൂട്ടർ എഞ്ചിനീയർമാരായ യുവാക്കളും യുവതികളും തിരഞ്ഞെടുത്തത് മുട്ടിയാറെന്ന വിജനമായ സ്ഥലമാണ്. അവരുടെ ആഘോഷങ്ങൾ ഒരു പ്രോഗ്രാമായി രേഖപ്പെടുത്തുവാൻ പച്ചമലയാളം ടെലിവിഷൻ ചാനലിലെ ജോലിക്കാർ തീരുമാനിക്കുന്നു. മുൻനിശ്ചയപ്രകാരം എഞ്ചിനിയർമാരായ യുവതീയുവാക്കളും ചാനലിലെ ജോലിക്കാരായ യുവതീയുവാക്കളും മുട്ടിയാറെത്തി പ്രോഗ്രാമുകൾ രേഖപ്പെടുത്തുന്നതിനിടയിലാണ് അവറാച്ചൻ അടുത്തുതന്നെയുള്ള മരത്തിൽ കെട്ടിത്തൂങ്ങി ആത്മഹത്യ ചെയ്യുവാൻ ശ്രമിക്കുന്നത് കണ്ടത്. എഞ്ചിനിയർമാരായ യുവാക്കളും യുവതികളും

അവിടേയ്ക്ക് ഓടിച്ചേർന്ന് ഒരുവിധത്തിൽ അവറാച്ചനെ രക്ഷിക്കുകയായിരുന്നു. ഈ പ്രവൃത്തികളെല്ലാം പച്ചമലയാളം ചാനലിലെ ജോലിക്കാർ സ്കൂപ്പ്ന്യൂസായി രേഖപ്പെടുത്തിയെടുത്തു.

കേരളത്തെ സംബന്ധിച്ചിടത്തോളം ആത്മഹത്യകളും പരാജയപ്പെടുന്ന ആത്മഹത്യകളും ഒരു സാധാരണ സംഭവമാണ്. വാർത്തയിൽ ഒരസാധാരണത്വം സൃഷ്ടിക്കുന്നതിനുവേണ്ടി ചാനലിലെ ജോലിക്കാരുടെ നിർദ്ദേശപ്രകാരമാണ് എഞ്ചിനിയർമാരിൽ ചിലർ ചേർന്ന് മർദ്ദിച്ച് നാണംകെടുത്തിയോടിച്ചത്.

“കാര്യങ്ങളെല്ലാം ഇത്രത്തോളമായി. ഇനി അവറാച്ചൻ ശ്രദ്ധയോടെ നീങ്ങിയില്ലെങ്കിൽ ആത്മഹത്യാശ്രമത്തിന് ശിക്ഷയനുഭവിക്കേണ്ടിവരും.” വിനയൻ കാര്യഗൗരവത്തോടെ പറഞ്ഞു.

“ആത്മഹത്യ ചെയ്യുവാൻകൂടി സ്വാതന്ത്ര്യമില്ലാത്ത ജനാധിപത്യം എന്തിനാണ് നമ്മൾക്ക്?” അവറാച്ചൻ രോഷത്തോടെ ചോദിച്ചു.

“അവറാച്ചാ... നീയിങ്ങനെ വരട്ടുന്യായമുള്ള ചോദ്യം ചോദിക്കാതെ.” വിനയൻ ആലോചനയോടെ തുടർന്നു. “ചാനലുകാര് നിനക്ക് പണം തന്നു. ആത്മഹത്യ ചെയ്യുന്നതായി അഭിനയിക്കുവാൻ... ഈ സമൂഹത്തിൽ ജീവിക്കാൻ ചെറിയ കള്ളത്തരമൊക്കെ പറയുന്നതുകൊണ്ട് ഒരു പ്രശ്നവുമില്ല.”

“പണം തന്നതിനുള്ള തെളിവ് ചോദിച്ചാൽ ഞാനെന്തു പറയും?” അവറാച്ചൻ സംശയം പ്രകടിപ്പിച്ചു. “മാത്രവുമല്ല ഞാൻ പറയുന്നത് മറ്റുള്ളവർ വിശ്വസിക്കുമോ?”

“എല്ലാത്തിനും പരിഹാരമുണ്ട്.” വിനയൻ പറഞ്ഞു: “മംഗലാപുരത്ത് നേഴ്സിങിന് പഠിക്കുന്ന ലതയ്ക്ക് അയച്ചു കൊടുക്കുന്നതിന് സംഘടിപ്പിച്ച പതിനായിരം രൂപ എന്റെ കയ്യിലുണ്ട്. പിന്നെ കാര്യമൊക്കെ കൊള്ളാം താനാപ്പണവുമായി മുങ്ങി എന്നെ പറ്റിക്കരുത്.”

“ആത്മഹത്യ ചെയ്യുവാൻ തുടങ്ങിയെന്നുള്ളത് ശരിതന്നെയാണ്” അവറാച്ചൻ വല്ലായ്കയോടെ തുടർന്നു: “ഇന്നുവരെ ഞാൻ ആരെയെങ്കിലും ചതിക്കുകയോ പറ്റിക്കുകയോ ചെയ്തിട്ടുണ്ടോ? ആത്മഹത്യ ചെയ്താൽ കടങ്ങൾ മുഴുവൻ എഴുതിതള്ളുകയും സർക്കാരിൽനിന്ന് കുറച്ച് പണം വീട്ടുകാർക്ക് കിട്ടുമല്ലോയെന്നും പ്രതീക്ഷിച്ചാ ഇതിന് ഇറങ്ങിപ്പുറപ്പെട്ടത്. പറ്റിക്കാനാണെങ്കിൽ ഇതിനുമുമ്പേ ആകാമായിരുന്നല്ലോ?”

വിനയൻ ന്യായങ്ങൾ നിരത്തി അവറാച്ചനെ ആശ്വസിപ്പിച്ചു. തീരുമാനിച്ചുറപ്പിച്ചതുപോലെ കാര്യങ്ങൾ നടത്തുവാൻ അവറാച്ചനെ അയാളുടെ വീട്ടിലേയ്ക്ക് പറഞ്ഞയച്ചു.

അവറാച്ചൻ വീട്ടിലെത്തിയപ്പോൾ ഭാര്യയും മക്കളും കരഞ്ഞുകൊണ്ട്

ചുറ്റുംകൂടി. ചുറ്റുമുള്ളുവർ ആ കാഴ്ച കൗതുകത്തോടെ കണ്ടുകൊണ്ടിരുന്നു. ചാനലുകാർ അതെല്ലാം തന്മയത്വത്തോടെ പകർത്തി ലൈവായി പ്രദർശിപ്പിച്ചുകൊണ്ടിരുന്നു. തെല്ലുസമയത്തിനുശേഷം ചാനലുകൾ നിറയേ ചോദ്യങ്ങളുമായി അവറാച്ചനെ പൊതിഞ്ഞു. 'ആത്മഹത്യയ്ക്ക് ശ്രമിച്ചതിൽ ഇപ്പോൾ പശ്ചാത്താപം തോന്നുന്നുണ്ടോ? ആത്മഹത്യ ചെയ്യുന്നതിനുമുമ്പ് ഭാര്യയേയും മക്കളേയും പറ്റി ഒരു പ്രാവശ്യമെങ്കിലും ചിന്തിച്ചിരുന്നുവോ? എങ്ങനെയാണ് നിങ്ങൾക്ക് കടം കയറി നിറഞ്ഞത്? ആത്മഹത്യാക്കുരുക്കിൽനിന്നും രക്ഷിച്ചവരെപറ്റി എന്തുതോന്നുന്നു? താങ്കൾ ഇനിയും ആത്മഹത്യ ചെയ്യുമോ? പരാജയപ്പെട്ട ആത്മഹത്യക്കാരനുള്ള ശിക്ഷയേപറ്റി അറിയാമോ? താങ്കളുടെ ആത്മഹത്യാശ്രമം ശ്രദ്ധിക്കപ്പെടുന്ന ഒരു വാർത്തയായതിനെപറ്റി എന്തുപറയുന്നു? നിങ്ങളുടെ കടങ്ങൾ അടച്ചുതീർക്കുവാൻ ആരെങ്കിലും സഹായിച്ചാൽ അത് സ്വീകരിക്കുമോ? ആത്മഹത്യയ്ക്കായി കയറിന്റെ കുടുക്കിൽ തൂങ്ങിക്കിടന്നപ്പോൾ എന്താണ് തോന്നിയത്...?'

ചോദ്യങ്ങൾക്കുമുന്നിൽ ഉത്തരം പറയാനാകാതെ തെല്ലുനേരം അവറാച്ചൻ പതറിനിന്നു. പതറിനിന്ന അവറാച്ചൻ വിനയനെ വല്ലായ്കയോടെ നോക്കി. വിനയൻ ഒരു പുഞ്ചിരിയിലൂടെ അവറാച്ചന് ആത്മവിശ്വാസവും പിന്തുണയും നൽകി.

"അക്ഷരാർത്ഥത്തിൽ പച്ചമലയാളം ചാനലുകാർ എന്നെ പറഞ്ഞ് ചതിക്കുകയായിരുന്നു." അവറാച്ചൻ രോഷത്തോടെ തുടർന്നുപറഞ്ഞു: "അവര് പറയുന്നതുപോലെ ആത്മഹത്യ ചെയ്യുന്നതായി അഭിനയിച്ചാൽ ഇരുപത്തിയയ്യായിരം രൂപ തരാമെന്നാ പറഞ്ഞത്. അഡ്വാൻസായി പതിനായിരം രൂപ തന്നു." അവറാച്ചൻ പതിനായിരം രൂപയെടുത്ത് അവിടെ കൂടിനിൽക്കുന്നവർക്ക് മുന്നിലും മറ്റ് ചാനലുകാർക്ക് മുന്നിലും പ്രദർശിപ്പിച്ചുകൊണ്ട് തുടർന്ന് പറഞ്ഞു: "ആത്മഹത്യ ചെയ്യുന്നതിനായി കയറിൽ കെട്ടിതൂങ്ങുന്നതും എഞ്ചിനീയർമാർ രക്ഷിക്കുന്നതുമായുള്ള അഭിനയവും നന്നായിട്ടുതന്നെയാണ് നടത്തിയത്. അതിനുശേഷം എഞ്ചിനീയർമാർ എന്നെ പരിഹസിച്ച് തല്ലി ഓടിക്കുന്ന രംഗത്തിന്റെ കാര്യം എന്നോട് പറഞ്ഞിരുന്നതല്ല. യഥാർത്ഥത്തിൽ ആ രംഗം അവതരിപ്പിച്ചത് ബാക്കിയുള്ള പതിനയ്യായിരം രൂപ തരാതിരിക്കുന്നതിനാണ്."

പച്ചമലയാളം ചാനലിലെ ജോലിക്കാർ അവറാച്ചൻ നുണ പറയുകയാണെന്ന പ്രതിഷേധവും ആക്ഷേപവുമായി രംഗത്തുവന്നു. എന്നാൽ ആര്യൻ, ഓണം, വാർത്താദർശൻ തുടങ്ങിയ ചാനലുകാർ പച്ചമലയാളം ചാനലുകാരുടെ കാപട്യത്തെയും വാർത്തകൾ കൃത്രിമമായി സൃഷ്ടിച്ച് വിപണനം ചെയ്യുന്നതിന്റെ ചതിയേയും പറ്റി പ്രേക്ഷകർക്കുമുന്നിൽ ലൈവായി വസ്തുതകൾ നിരത്തി.

രാത്രി അല്പം വൈകിയാണ് അവറാച്ചന്റെ വീടും പരിസരവും ശാന്തമായത്. വിനയൻമാത്രം അപ്പോഴും അവിടെത്തന്നെ നിന്നു. അവറാച്ചൻ നന്ദിപൂർവ്വം പതിനായിരം രൂപ വിനയന് തിരിച്ചുകൊടുത്തുകൊണ്ട്

പറഞ്ഞു. "വിനയന്റെ ബുദ്ധിയാ എന്റെ മാനം രക്ഷിച്ചത്"

ഭാര്യയും മക്കളും അവിടേയ്ക്കുവന്നതുകൊണ്ട് അവറാച്ചൻ കൂടുതലൊന്നും പറഞ്ഞില്ല. ഒരു പുഞ്ചിരിയിലൂടെ വിനയൻ അവരോട് യാത്ര പറഞ്ഞു. നടന്നു തുടങ്ങുന്നതിനിടയിൽ തിരിഞ്ഞ് നിന്ന് പറഞ്ഞു. "അവറാച്ചനെ നോക്കിക്കൊള്ളണം. ടെലിഫിലിമിലഭിനയിച്ച് ആകെ ക്ഷീണിച്ചിരിക്കുകയാണ്."

"അഭിനയം പഠിപ്പിച്ചുകൊടുത്തതിന് വിനയനും നന്ദിയുണ്ട്." അവറാച്ചന്റെ ഭാര്യ കത്രീന നയപരമായി പറഞ്ഞു: "നിങ്ങളായി ചാനലുകാരോട് കൂടുതലൊന്നും പറയാതിരുന്നാൽ മതി."

വിനയൻ പോയിക്കഴിഞ്ഞ് കത്രീന വല്ലായ്കയോടെ അവറാച്ചനെ നോക്കി.

"അഭിനയിച്ച് മടുത്തതല്ലെ കുളിച്ചിട്ടു വാ." കത്രീന പറഞ്ഞു: "അത്താഴം കഴിക്കാം."

അവറാച്ചൻ കൂടുതലൊന്നും സംസാരിക്കാതെ കിണറിന്റെ കരയിലേയ്ക്ക് കുളിക്കുവാനായി പോയി.

കുളിച്ചുകൊണ്ടിരുന്നപ്പോൾ ഭാര്യയുടെയും മക്കളുടെയും തീക്ഷ്ണമായ പ്രാർത്ഥന അവറാച്ചന്റെ കാതുകളിലെത്തി. അപ്പച്ചന്റെ ബുദ്ധിക്ക് തെളിച്ചം കൊടുക്കണമേയെന്നും എല്ലാ വിഷമതകളും മാറ്റിക്കളഞ്ഞ് നല്ലൊരു ജീവിതത്തിലേയ്ക്ക് കൈപിടിച്ച് നടത്തണമേയെന്നും മൂത്ത മകൾ ക്ലാര ഈശ്വരനോട് പ്രാർത്ഥിക്കുന്നത് കേട്ടു. അവറാച്ചന്റെ മസ്തിഷ്കത്തിലൂടെ ഒരു സ്വർണ്ണവർണ്ണമുള്ള പ്രകാശകിരണം സുഖകരമായ വേദനയോടെ പാഞ്ഞുപോയി.

അത്താഴം കഴിച്ചപ്പോഴും തുടർന്ന് വർത്തമാനങ്ങൾ പറഞ്ഞപ്പോഴും ഭാര്യയോ മക്കളോ അവറാച്ചനോട് ആത്മഹത്യയേക്കുറിച്ചും ചാനലുകാരുടെ ബഹളങ്ങളെക്കുറിച്ചും ഒന്നും പറഞ്ഞില്ല. ഉറങ്ങാൻ കിടന്നപ്പോൾ കത്രീന മൃദുവായി അവറാച്ചന്റെ കാതുകളിൽ പറഞ്ഞു. "ഒരുപാട് നാളായില്ലേ ഒന്ന് കുമ്പസാരിച്ചിട്ട്. നാളെത്തന്നെ വികാരിയച്ചനെ കണ്ട് ഒന്നു കുമ്പസാരിക്കണം. നമ്മളുടെ ആകുലതകളും വിഷമതകളുമെല്ലാം ചിലപ്പോൾ നമ്മളറിയാതെതന്നെ കുമ്പസാരത്തിനിടയിൽ മാറിപ്പോകും."

കത്രീനയുടെ വ്യാകുലവ്യഥകൾ നിറഞ്ഞ മനസ് കാണുവാൻ അവറാച്ചന് ബുദ്ധിമുട്ടുണ്ടായില്ല.

ഉച്ചകഴിഞ്ഞ സമയത്ത് അവറാച്ചൻ പള്ളിമേടയിലെത്തി. ആ സമയത്ത് വികാരിയച്ചന്റെ അടുത്ത് പൊതുവെ ആരും ഉണ്ടാവാറില്ല. കുമ്പസാരിക്കുന്നത് ആരെങ്കിലും കാണുവാൻ അവറാച്ചൻ ഇഷ്ടപ്പെട്ടില്ല.

കാരണം പാപികളാണല്ലോ കുമ്പസാരിക്കുന്നതും പാപമോചനം നേടുന്നതും.

അവറാച്ചനെ കണ്ട വികാരിയച്ചൻ ഒന്നിളകി ചിരിച്ചു. അച്ചന്റെ അടുത്തിരിക്കുന്നവർ ആരാണെന്ന് അവറാച്ചന് ഒരു പിടിയും കിട്ടിയില്ല.

“അവറാച്ചനെന്താ ഇവിടേയ്ക്ക്” വികാരിയച്ചൻ കൗതുകത്തോടെ തിരക്കി.

ഒന്നുമടിച്ചുനിന്നതിനുശേഷം അവറാച്ചൻ പറഞ്ഞു. “കുമ്പസാരിക്കണം.”

വികാരിയച്ചൻ തെല്ല് ശബ്ദത്തിൽ ചിരിച്ചുകൊണ്ട് പറഞ്ഞു. “കുമ്പസാരമൊക്കെ പശ്ചാത്തപിക്കുന്നവർക്കും ജീവിക്കണമെന്ന് ആഗ്രഹിക്കുന്നവർക്കുമുള്ളതാ. തനിക്ക് ഇതിലെന്തെങ്കിലുമുണ്ടോ?”

അവറാച്ചൻ ഉത്തരത്തിനായി തപ്പിത്തടഞ്ഞു.

“ഇന്ന് ഞാൻ അല്പം തിരക്കിലാ.” വികാരിയച്ചൻ തുടർന്ന്പറഞ്ഞു: “ചാനലിലൊക്കെ അഭിനയിച്ച് താൻ ധാരാളം പണമുണ്ടാക്കുന്നുണ്ടല്ലോ. നമ്മളുടെ പുതിയ സ്കൂളിന്റെ കെട്ടിടം പണിയുന്നതിന് കാര്യമായിട്ട് എന്തെങ്കിലും സംഭാവന ചെയ്യണം.”

അവറാച്ചൻ ഒന്നുറക്കെ ചിരിച്ചു. കൂടുതലൊന്നും പറയാതെ അവിടെനിന്നും തിരിഞ്ഞുനടന്നു. നടക്കുന്നതിനിടയിൽ എങ്ങനെയാണ് വിജയകരമായി ആത്മഹത്യ നടത്തുവാൻ കഴിയുന്നതെന്ന് ചിന്തിച്ചുകൊണ്ടിരുന്നു.

ഒരു പ്രബല സമുദായത്തിന്റെ ശക്തിപ്രകടനം അവറാച്ചന്റെ മുന്നിലൂടെ കടന്നുപോയി. ആ സമുദായസംഘത്തിന്റെ ശക്തികണ്ട് അവറാച്ചൻ അത്ഭുതപ്പെട്ട് അല്പസമയം നിന്നു. തെല്ലകലെനിന്നും ഒരു വിപ്ലവപാർട്ടിയുടെ ശക്തമായ മുദ്രാവാക്യം വിളികൾ അവറാച്ചന്റെ കാതുകളിലെത്തി. മുദ്രാവാക്യം വിളിക്ക് ശക്തിയേറി. ഒപ്പം സമത്വത്തിന്റെ അഗ്നിസ്ഫുലിംഗങ്ങൾ വാക്കുകളിൽ ജ്വലിച്ചുനിന്നു.

പ്രകടനക്കാരിൽ ബഹുഭൂരിപക്ഷവും പാവപ്പെട്ടവരും വിദ്യാഭ്യാസം കുറഞ്ഞവരുമാണെന്ന തിരിച്ചറിവ് അവറാച്ചനെ അസ്വസ്ഥതപ്പെടുത്തി. പ്രസ്ഥാനങ്ങൾക്കും സമുദായങ്ങൾക്കും ശക്തിപ്രകടനം നടത്തുവാൻ ഈ സമൂഹത്തിലെ പാവപ്പെട്ടവർതന്നെ വേണമെന്ന യാഥാർത്ഥ്യം ഒരുപാട് ആൾക്കാരെപ്പോലെ അവറാച്ചനും മനസിലാക്കി.

രാത്രി നല്ലതുപോലെ കനത്തു. ആത്മഹത്യ നിത്യമായ വിമോചനത്തിന്റെ മാർഗ്ഗമാണെന്നുള്ള അറിവ് അവറാച്ചനെ വലയം ചെയ്തുനിന്നു. ആത്മഹത്യ ചെയ്യുവാനുള്ള സ്ഥലവും മാർഗ്ഗവും അന്വേഷിച്ചുനടക്കുമ്പോഴാണ് വഴിവക്കിൽ കൂടാരങ്ങൾ കെട്ടി പാർക്കുന്ന ബംഗാളിൽനിന്നുമുള്ള തൊഴിലാളികളുടെ സംഘം കണ്ണിൽപെട്ടത്. അവറാച്ചൻ കൗതുകത്തോടെ അവരുടെ പ്രവൃത്തികൾ നോക്കിനിന്നു.

പകൽമുഴുവൻ തീവ്രമായി അദ്ധ്വാനിച്ചതിന്റെ ക്ഷീണം തീർക്കുവാൻ അവർ ആടുകയും പാടുകയും ഭക്ഷണം കഴിക്കുകയുമാണ്. പ്രത്യേകിച്ച് സമ്പാദ്യങ്ങളില്ലാത്ത അവർക്ക് ഒന്നിനെപറ്റിയും ആകുലതയില്ല. അവരെ സംബന്ധിച്ചിടത്തോളം എല്ലാം ആഘോഷങ്ങൾ മാത്രമാണ്.

ഇരുട്ടിനെ മറയാക്കി അവറാച്ചൻ അവരുടെ കൂടാരങ്ങളുടെ സമീപത്തെത്തി. അതിലൊരെണ്ണത്തിന്റെ ഉള്ളിൽനിന്നും കേട്ട ശബ്ദം അവറാച്ചന്റെ ചിന്തകളെ ഉണർത്തി. അല്പസമയം കഴിഞ്ഞപ്പോൾ ഒരു പുരുഷൻ അതിനുള്ളിൽനിന്നും പുറത്തേയ്ക്കു വന്നു. മറ്റൊരു പുരുഷൻ അതിനുള്ളിലേയ്ക്കു കയറി. തെല്ല് സമയം കഴിഞ്ഞപ്പോൾ ആ പുരുഷൻ പുറത്തേയ്ക്കുവരുകയും വേറൊരു പുരുഷൻ അകത്തേയ്ക്ക് കയറുകയും ചെയ്തു.

നിലത്തേയ്ക്ക് കമിഴ്ന്ന് വീണപ്പോൾ അവറാച്ചന് മനസിലായി തലയ്ക്ക് പിന്നിൽ ആരോ ശക്തിയായി അടിച്ചെന്ന്. നിലത്തുനിന്നും തപ്പിതടഞ്ഞ് എഴുന്നേറ്റപ്പോൾ ആയുധങ്ങളുമായി പ്രതിഷേധിച്ചു നിൽക്കുന്ന കുറെ ബംഗാളിത്തൊഴിലാളികൾ. അവർ വന്യമായ ഭാഷയിൽ എന്തെല്ലാമോ അട്ടഹസിച്ചുകൊണ്ട് അവറാച്ചനെ തലങ്ങുംവിലങ്ങും മർദ്ദിക്കുവാൻ തുടങ്ങി. വേദന സഹിക്കവയ്യാതായപ്പോൾ അവറാച്ചൻ വാവിട്ടുകരഞ്ഞു.

അവറാച്ചൻ ഒളിഞ്ഞ്നോക്കിയ കൂടാരത്തിനുള്ളിൽ നിന്നും ഒരു സ്ത്രീ ഉടുവസ്ത്രങ്ങൾ നേരെയിട്ട് പുറത്തേയ്ക്കു വന്നു. സുന്ദരിയായ അവളുടെ മുഖത്ത് കൗതുകമുണർത്തുന്ന സവിശേഷമായൊരു ഭാവമാണുള്ളത്.

പ്രതിഷേധിച്ചു നിൽക്കുന്നവരോട് ബംഗാളിഭാഷയിൽ രൂക്ഷമായി എന്തെല്ലാമോ പറഞ്ഞതിനു ശേഷം സ്ത്രീ അവറാച്ചനെയും ചേർത്തു പിടിച്ച് കൂടാരത്തിനുള്ളിലേയ്ക്കു കയറി. മർദ്ദനമേറ്റ് ചതഞ്ഞ്പൊട്ടിയ തൊലിപ്പുറത്തുകൂടി ആ സ്ത്രീ മൃദുവായി തലോടുകയും കവിളുകളിൽ അമർത്തി ചുംബിക്കുകയും ചെയ്തുകൊണ്ടിരുന്നു.

അവറാച്ചൻ രസകരമായ കൗതുകത്തോടെ അവളെ നോക്കിക്കാണുകയും ഇന്ദ്രിയങ്ങളെ ഉണർത്തുന്ന ഗന്ധം ആസ്വദിച്ച് നിൽക്കുകയും ചെയ്തു. ആ സ്ത്രീ പൂർണ നഗ്നയാകുന്നതും വാരിപ്പുണർന്ന് തന്നെ നഗ്നനാക്കുന്നതുമെല്ലാം ചിന്തിച്ച് അവറാച്ചൻ അങ്ങനെതന്നെ നിന്നു. തലോടുകയും ചുംബിക്കുകയും ചെയ്യുന്നതിനിടയിൽ അവറാച്ചൻ ആ സ്ത്രീയെ ഗാഢമായി ആലിംഗനം ചെയ്യുകയും ആവേശത്തോടെ ചുംബിക്കുകയും ചെയ്തു. സ്ത്രീ അവറാച്ചനെ തള്ളിമാറ്റി തെല്ല് മാറി നിന്നു. വല്ലായ്കയോടെ നിന്ന അവറാച്ചന്റെ കൈക്കുപിടിച്ച് കൂടാരത്തിനു പുറത്തേയ്ക്കു നടന്നു.

"ഇവിടുന്ന് വേഗം തന്നെ പോയ്ക്കൊള്ളൂ." സ്ത്രീ തുടർന്നുപറഞ്ഞു: "നിങ്ങൾ ആരാ എന്താ എന്നൊന്നും എനിക്കറിഞ്ഞുകൂടാ. എനിക്ക് അറിയുകയും വേണ്ട. ഇവിടുത്തെ താന്തോന്നികളായ പുരുഷൻമാർ

വരുന്നതിനുമുമ്പ് രക്ഷപെട്ടോളൂ.”

ആ സ്ത്രീ അവറാച്ചനെ ഇരുളിലേയ്ക്ക് തള്ളിയിട്ടതിനുശേഷം കൂടാരത്തിനുള്ളിലേയ്ക്കു കയറി. അവറാച്ചൻ അങ്ങനെതന്നെ നിൽക്കുമ്പോൾ കൂടാരത്തിനുള്ളിലേയ്ക്ക് ഒരു പുരുഷൻ ഞൂഴ്ന്ന് കയറുന്നതു കണ്ടു.

അവറാച്ചന് വേഗം തന്നെ വീട്ടിലെത്തണമെന്നും കത്രീനയെ കാണണമെന്നും തോന്നി. വീട്ടിലേയ്ക്ക് നടക്കുന്നതിനിടയിൽ സ്വന്തം പ്രായത്തെക്കുറിച്ചോ അവസ്ഥയെക്കുറിച്ചോ ചിന്തിച്ചില്ല. ചിന്തിച്ചത് ബംഗാളി സ്ത്രീ മലയാളം പറഞ്ഞതിനെപറ്റിയും അവൾക്ക് ആ സംഘത്തിനുമേലുള്ള സ്വാധീനത്തെ പറ്റിയുമാണ്. അവളുടെ തൊഴിലിനെപറ്റിയും ആ തൊഴിലിലൂടെ അവൾ നേടിയ അംഗീകാരത്തെപറ്റിയും ചിന്തിച്ചു. അങ്ങനെ ചിന്തിച്ചു നടക്കുന്നതിനിടയിൽ കത്രീനയ്ക്ക് ബംഗാളിസ്ത്രീയുടെ ഛായയുള്ളതായി അവറാച്ചൻ കണ്ടെത്തി. ഛായയിൽ മാത്രമാണോ സാദൃശ്യം. അവറാച്ചൻ സംശയത്തോടെ ചിന്തിച്ചുനോക്കി... അവറാച്ചന്റെ ചിന്തകൾ അംഗീകരിക്കപ്പെട്ടവന്റെ പ്രത്യാശയായി മാറുകയും അത് രൂപാന്തരപ്പെട്ട് ജീവിതരതിയുടെ ആഘോഷമായിത്തീരുകയുംചെയ്തു.

# സൗന്ദര്യത്തിന്റെ കലാപം

**ലോ**കത്തിലെ ഏറ്റവും സെക്സിയായ ഏഷ്യൻ സ്ത്രീയായി ബോളിവുഡ് നടി ബിപാഷ ബസു തിരഞ്ഞെടുക്കപ്പെട്ടു. ലണ്ടൻ ആസ്ഥാനമായ ഈസ്റ്റേൺ ഐ ദിനപത്രമാണ് സെക്സികളായ അൻപത് ഏഷ്യൻ സ്ത്രീകളുടെ പേരുകൾ പുറത്തു വിട്ടത്. യഥാർത്ഥത്തിലിത് രണ്ടാം തവണയാണ് ഇരുപത്തെട്ടുകാരിയായ ബിപാഷയെത്തേടി ഏഷ്യൻ സെക്സി കിരീടമെത്തുന്നത്.

ചാനലുകളിലൂടെയും പത്രങ്ങളിലൂടെയും എത്തിയ ഈ വാർത്ത ലോകത്തിലുള്ള സൗന്ദര്യാസ്വാദകരെല്ലാം ആഘോഷിക്കുകയായിരുന്നു. കോട്ടയത്തെ ഒരു മോഡേൺ വില്ലയിൽ നടന്ന ആഘോഷമെന്തെന്ന് ശ്രദ്ധിച്ചാൽ അതിന്റെ കേവലമായ ഒരു രീതി വ്യക്തമാകും.

അറുപത്തിമൂന്ന് സമ്പന്നകുടുംബങ്ങൾ അടങ്ങുന്നതാണ് മോഡേൺവില്ല. സമ്പത്തിനോടൊപ്പം തന്നെ വ്യാപകമായ അറിവും ഉന്നതങ്ങളിലുള്ള ബന്ധവും ഓരോരുത്തരെയും നിർണ്ണയിക്കുന്ന ഘടകങ്ങൾ കൂടിയാണ്. ഭാര്യ, ഭർത്താവ്, ഒന്നോ രണ്ടോ കുട്ടികൾ, രണ്ടിലധികം വിലകൂടിയ വാഹനങ്ങൾ തുടങ്ങിയവ ഓരോ കുടുംബത്തിന്റെയും ആകെയുള്ള ഘടനയുടെ ഭാഗമാണ്.

എല്ലാ ഞായറാഴ്ചകളിലും മോഡേൺ വില്ലയിലെ കുടുംബങ്ങൾ ഒന്നിച്ചു കൂടുന്നതും ആശയങ്ങൾ വിനിമയം ചെയ്യുന്നതും ഭക്ഷണം കഴിക്കുന്നതും ഒരു ശീലമാണ്. പതിവുപോലെ ഒരു ഞായറാഴ്ചയിലെ ചർച്ചകൾക്കിടയിൽ സെക്സി കിരീടമണിഞ്ഞ ബിപാഷയും കടന്നുവന്നു. തുടർന്ന് ആ മത്സരത്തെപറ്റിയുള്ള പല അഭിപ്രായങ്ങളും വിലയിരുത്തലുകളും നടന്നു.

ഐശ്വര്യ റായ്, മാധുരി ദിക്ഷിത്, പ്രിയങ്ക ചോപ്ര, ശിൽപ്പ ഷെട്ടി, കത്രീന കൈഫ്, കരീന കപൂർ, ലാറ ദത്ത തുടങ്ങിയ സുന്ദരിമാരായ സെക്സികളെ പിൻതള്ളിയാണ് ബിപാഷ ബസു കിരീടം നേടിയത്. അതുകൊണ്ടു തന്നെ കിരീടത്തിന് പ്രചാരവും സൗന്ദര്യവും ഏറുന്നു. കിരീടം തിരിച്ചു പിടിക്കാൻ താൻ കഠിനാദ്ധ്വാനം ചെയ്തിരുന്നുവെന്നും നേട്ടത്തിൽ അതീവ സന്തോഷവതിയാണെന്നുമാണ് ബിപാഷ പല അഭിമുഖങ്ങളിലും ആവർത്തിച്ച് പറഞ്ഞത്.

ബിപാഷയെ പലരും വാനോളം വാഴ്ത്തി. ഈസ്റ്റേൺ ഐ ദിനപ

ത്രത്തിന്റെ എഡിറ്ററും ഏഷ്യൻ സെക്സി മത്സരത്തിന്റെ തുടക്കക്കാരനുമായ ഹാംലെറ്റ് വെമ ബിപാഷയെ വിശേഷിപ്പിച്ചത്, ലൈംഗിക ആകർഷണത്തിന്റെ ജീവിക്കുന്ന ഉദാഹരണമെന്നാണ്. വാസ്തവത്തിൽ ഇതൊക്കെ മത്സരവും അതിന്റെ പ്രചരണവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. ഇനി മോഡേൺവില്ലയിൽ എന്താണ് സംഭവിച്ചതെന്ന് നോക്കാം.

മോഡേൺ വില്ലയിലെ ഏറ്റവും സെക്സിയായ യുവതി ആരെന്ന ചർച്ച അവർക്കിടയിൽ ചൂടുപിടിച്ചു. പുരുഷന്മാരും സ്ത്രീകളും കുട്ടികളും അതിൽ പങ്കെടുത്തു. ചർച്ച പുരോഗമിക്കുന്നതിനിടയിൽ പതിമൂന്നുവയസുകാരനായ അമിത് വിളിച്ചു പറഞ്ഞു. “ഈ വില്ലയിലെ ഏറ്റവും സെക്സിയായ യുവതി രാഖിയാന്റിയാണ്.”

ഒരു നിമിഷം എല്ലാവരും നിശ്ശബ്ദരായി. അമിതിനെയും രാഖിയേയും അവിടെ കൂടിയിരുന്നവർ മാറിമാറിനോക്കി. അമിത്തിന്റെ അമ്മ സ്വപ്ന അവനെ പ്രതിഷേധത്തോടെ നുള്ളിപ്പറിക്കുന്നത് പലരും കണ്ടു. രാഖിയുടെ ഭർത്താവ് ജയകൃഷ്ണൻ വല്ലായ്കയോടെ ഉമിനീരിറക്കുന്നതും ചിലർ ശ്രദ്ധിച്ചു.

മോഡേൺ വില്ലയിലെ എല്ലാ കാര്യങ്ങൾക്കും നേതൃത്വം കൊടുക്കുന്നത് അറുപത്തിയഞ്ചു പിന്നിട്ട സക്കറിയയാണ്. സക്കറിയ എഴുന്നേറ്റുനിന്ന് ഉത്സാഹത്തോടെ സംസാരിച്ചു. “രാജാവ് നഗ്നനാണെന്ന് വിളിച്ചു പറയുവാൻ നിഷ്കളങ്കരായ കുട്ടികൾ വേണ്ടിവന്നു. അതുപോലെ തന്നെ നമ്മൾക്കിടയിലെ സങ്കീർണമായ ഒരു പ്രശ്നത്തിന് അമിത് ഉത്തരം പറഞ്ഞിരിക്കുന്നു. ഈ വില്ലയിലെ ഏറ്റവും സുന്ദരിയും സെക്സിയുമായ യുവതിയായി എല്ലാവരുടെയും സമ്മതത്തോടെ രാഖിയെ തിരഞ്ഞെടുത്തിരിക്കുന്നു.”

പ്രഖ്യാപനം നടന്നതേ കുട്ടികളെല്ലാം കൈയ്യടിച്ചു. തുടർന്ന് പുരുഷന്മാരും കൈയ്യടിച്ചു തുടങ്ങി. പല സ്ത്രീകളും മനസില്ലാമനസോടെ കൈയ്യടിച്ചു. കൈയ്യടികളുടെ ശബ്ദം ഏറുകയും വേഗത കൂടുകയും ചെയ്തു. സക്കറിയ എഴുന്നേറ്റുനിന്ന് ഇടപെട്ടതോടെയാണ് കൈയ്യടികൾ നിലച്ചത്. ഒരു ഉത്സവത്തിനുശേഷമുള്ള ശാന്തത അവിടെയെല്ലാം നിറഞ്ഞുനിന്നു.

അമിത്തിന്റെ സുഹൃത്തുക്കളായ പോൾസണും ഹാരിസും വിനയനുമടങ്ങുന്ന കുട്ടികളുടെ സംഘം സവിശേഷമായ ഒരു ഗാനം സംഘം ചേർന്ന് ആലപിക്കുവാൻ തുടങ്ങി:

ഞങ്ങടെ ആന്റി രാഖിയാന്റി

സുന്ദരിയാന്റി സെക്സിയാന്റി

വാക്കിൽ സുന്ദരി നോക്കിൽ സുന്ദരി

ചിരിയിൽ സെക്സി രാഖിയാന്റി

..........................................................................

വിശേഷണങ്ങളുടെ അകമ്പടിയോടെ ഏതാണ്ട് അഞ്ചുമിനിട്ടുനേരം ഗാനാലാപനം തുടർന്നു. സക്കറിയ ഇടപെട്ടതിനെ തുടർന്നാണ് കുട്ടികളുടെ ഉത്സാഹകരമായ ഗാനാലാപനം അവസാനിച്ചത്.

അപ്പോഴാണ് അവിടുത്തെ സ്ത്രീകൾക്കിടയിൽ നിന്നും സംശയത്തിന്റെയും പ്രതിഷേധത്തിന്റെയും മുറുമുറുപ്പ് ഉയർന്നത്. കാര്യം ഇത്രേയുള്ളൂ. മോഡേൺവില്ലയിലെ സെക്സിപട്ടവും സുന്ദരിപട്ടവും ഒരുമിച്ച് രാഖിക്ക് നൽകിയതിലുള്ള പൊരുത്തക്കേടിനെതിരെയാണ് സംശയിച്ചതും പ്രതിഷേധിച്ചതും.

എന്നാൽ കുട്ടികൾക്കും ഏറെ പുരുഷന്മാർക്കും അഭിപ്രായവ്യത്യാസമില്ലായിരുന്നു. മോഡേൺവില്ലയെ സംബന്ധിച്ചിടത്തോളം ഈ രണ്ടു ബഹുമതികൾക്കും അർഹ രാഖിതന്നെയാണെന്ന് അവർ തീർത്തുപറഞ്ഞു.

സക്കറിയായുടെ നിർദ്ദേശപ്രകാരം അവിടെ കൂടിയിരുന്നവരോട് രാഖി നന്ദിപ്രകടനം നടത്തി. പത്തുമിനിറ്റിലധികം നീണ്ട നന്ദിപ്രസംഗത്തിൽ കോളേജിൽ പഠിച്ചപ്പോൾ അവിടുത്തെ സുന്ദരിപട്ടം കിട്ടിയതിനെപറ്റിയും പലരും ഒളിഞ്ഞും തെളിഞ്ഞും പ്രണയിച്ചതിനെപറ്റിയുമെല്ലാം പറഞ്ഞു. സൗന്ദര്യം നിലനിറുത്തുവാൻവേണ്ടി ചെയ്യുന്ന ഭക്ഷണക്രമത്തെപറ്റിയും വ്യായാമത്തെപറ്റിയും പറഞ്ഞു. തുടർന്ന് ഒരു രഹസ്യം ഉറക്കെ പറയുകയാണെന്നു പറഞ്ഞ്, സെക്സിയായതുകൊണ്ട് ലൈംഗികജീവിതം കൂടുതൽ ആഘോഷപൂർവ്വമാണെന്ന് വെളിപ്പെടുത്തി.

അപ്പോൾ കേൾവിക്കാരിൽനിന്ന് ശിവപ്രകാശ് ഒരു സംശയം പ്രകടിപ്പിച്ചു. "ലൈംഗികജീവിതം ആഘോഷമായി തോന്നുന്നത് രാഖിക്കോ ജയകൃഷ്ണനോ?"

രാഖി വളരെ സംയമനത്തോടെ അതിന് ഉത്തരം പറഞ്ഞു. "ഞാനും ജയകൃഷ്ണേട്ടനും ഒരുമിച്ചാണ് എപ്പോഴും ആഘോഷങ്ങൾ നടത്താറുള്ളത്."

കൂടുതൽ പറയാൻ അനുവദിക്കാതെ സക്കറിയ ഇടപെട്ടു. എല്ലാം ഒരു തമാശയാണ്. അതിർവരമ്പുകൾ ലംഘിച്ച് അതിന്റെ സദാചാരം നഷ്ടപ്പെടുത്തരുത്.

ഭർത്താവായ ജയകൃഷ്ണൻ തന്റെ സെക്സിയായ ഭാര്യ രാഖിയെ പറ്റി സംസാരിക്കണമെന്നും അവർക്ക് സെക്സിപട്ടം കിട്ടിയതിന്റെ സന്തോഷം പങ്കുവയ്ക്കണമെന്നും ചിലർ ആവശ്യപ്പെട്ടു.

എന്താണ് പറയേണ്ടതെന്നറിയാതെ ജയകൃഷ്ണൻ വല്ലായ്കയോടെ ചുറ്റുംനോക്കി. തുടർന്ന് രാഖിയുടെ മുഖത്തേയ്ക്കുനോക്കി. എന്തെങ്കിലും പറയുവാൻ രാഖി കണ്ണുകൊണ്ട് ജയകൃഷ്ണനെ പ്രോത്സാഹിപ്പിച്ചു.

ജയകൃഷ്ണൻ എഴുന്നേറ്റുനിന്നപ്പോൾ ചുറ്റുവട്ടം നിശ്ശബ്ദമായി. ജയകൃഷ്ണൻ മെല്ലെ തന്റെ പക്ഷം പറഞ്ഞൊപ്പിച്ചു. "ഭാര്യ സുന്ദരിയായിരിക്കണമെന്നുള്ളത് ഏതൊരു ഭർത്താവിന്റെയും ആഗ്രഹമാണ്. നിങ്ങളെല്ലാവരും ചേർന്ന് അവളെ സുന്ദരിയായി തിരഞ്ഞെടുത്തതിൽ സംതൃപ്തനുമാണ്."

ദിവസങ്ങൾ കഴിയും തോറും മോഡേൺവില്ലയിലെ താമസക്കാർക്ക് രാഖിയോടുള്ള ആദരം ഏറിവന്നുകൊണ്ടിരുന്നു. കുട്ടികൾ സെക്സി ആന്റിയെന്നും പുരുഷന്മാർ സെക്സി രാഖിയെന്നും കൗതുകത്തോടെ വിളിച്ചുതുടങ്ങി. ആദ്യമാദ്യം സെക്സിയെന്നുള്ള വിശേഷണം രാഖിയെ അസ്വസ്ഥയാക്കിയിരുന്നു. എന്നാൽ അടുത്ത വർഷത്തെ സെക്സിപട്ടത്തിനുവേണ്ടി മോഡേൺവില്ലയിലെ ചില സ്ത്രീകൾ പരിശ്രമിക്കുന്നുണ്ടെന്ന അറിവ് രാഖിയെ വല്ലാതാക്കി. ഉള്ള സൗന്ദര്യം വർദ്ധിപ്പിക്കുവാൻ രാഖിയും ആത്മാർത്ഥമായി ശ്രമിച്ചു തുടങ്ങി. പേരിനുമുമ്പ് സെക്സിയെന്നു ചേർത്തുവിളിക്കുന്നത് അവൾ ആസ്വദിച്ചുതുടങ്ങി.

ജയകൃഷ്ണനെ രാഖിയുടെ ഭർത്താവെന്നോ സെക്സി രാഖിയുടെ തുണകാരനെന്നോയൊക്കെ മോഡേൺവില്ലക്കാർ വിളിച്ചു തുടങ്ങി. ആ വിളിയും വിശേഷണവും ജയകൃഷ്ണനെ അസ്വസ്ഥനാക്കി. സ്വന്തം ഭാര്യയുടെ ശരീരവും ശരീരഭാഷയും വിനിമയം ചെയ്യുന്ന ലൈംഗിക ഭാവങ്ങളെപറ്റി ജയകൃഷ്ണൻ കൂടുതൽ കൂടുതൽ ശ്രദ്ധിച്ചു തുടങ്ങി. അങ്ങനെ ശ്രദ്ധിക്കുന്നതിനിടയിലാണ് ഭാര്യയുടെ ശരീരവും ശരീരഭാഷയും മറ്റുള്ളവർ ആഗ്രഹഭാവത്തോടെയും കൗതുകഭാവത്തോടെയും വീക്ഷിക്കുന്നത് ജയകൃഷ്ണന്റെ ശ്രദ്ധയിൽപെട്ടത്.

ടൗണിലേയ്ക്ക് പോകുവാൻ വേണ്ടി ജയകൃഷ്ണനും രാഖിയുംകൂടി കാറിൽ കയറുന്ന സമയത്താണ് അമിത് ആ വഴിക്കുവരുന്നത്. അവൻ യാതൊരു കൂസലുമില്ലാതെ കാര്യങ്ങൾ പറഞ്ഞു. അവൻ കാരണമാണ് രാഖി വില്ലയിലെ ഏറ്റവും സെക്സിയും സുന്ദരിയുമായ യുവതിയായി തിരഞ്ഞെടുക്കപ്പെട്ടതെന്നും അതുകൊണ്ട് അവന് കാര്യമായൊരു 'ചെലവ്' ചെയ്യണമെന്നും പറഞ്ഞു.

രാത്രിയിൽ അല്പം വൈകി ടൗണിലെ ഒരു റെസ്റ്റോറന്റിലിരുന്ന് ജയകൃഷ്ണനും രാഖിയുംകൂടി ഭക്ഷണം കഴിക്കുകയായിരുന്നു. അപ്പോഴാണ് രാഖിയുടെ മൊബൈൽഫോണിലേയ്ക്ക് ഒരു മെസേജ് എത്തിയത്. രാഖി മെസേജ് വായിച്ചതിനുശേഷം അത് ജയകൃഷ്ണനെ കാണിച്ചു. ഹാരീസിന്റെ മെസേജ്. മംഗ്ലീഷിലാണ് വന്നിരിക്കുന്നത്. 'enikku oru kariyam parayanundu... parayata... parayum... onnum thonnaruthu... Good night'.

അല്പം കഴിഞ്ഞപ്പോഴാണ് രാംനാഥിന്റെ മെസേജെത്തിയത്. 'sweet dreams. good night' പലരുടെയും പല രീതിയിലുള്ള മെസേജുകൾ രാഖിക്ക് വന്നുകൊണ്ടിരുന്നു. ജയകൃഷ്ണൻ അസ്വസ്ഥനാകുന്നതു കണ്ടപ്പോൾ രാഖി മൊബൈൽഫോൺ സ്വിച്ചോഫ് ചെയ്തു. സെക്സി

പ്പട്ടം കിട്ടിയതിൽ പിന്നെ അവൾക്ക് വില്ലയിലുള്ള പലരും എസ്.എം. എസുകൾ അയക്കാറുണ്ടെന്ന് രാഖി പറഞ്ഞു.

രാഖിയുടെ സ്വഭാവത്തിൽ വന്ന മാറ്റവും അവളെ പലരും ശ്രദ്ധിക്കുകയും ചെയ്യുന്നത് ജയകൃഷ്ണനെ വല്ലാതാക്കി. അപ്പോൾ ജയകൃഷ്ണൻ സ്വയം സമാധാനിച്ചു. ഒരു സംശയക്കാരനായ ഭർത്താവിന്റെ മനസ്സും സ്വഭാവവും തനിക്ക് ഒരിക്കലും വരുവാൻ പാടില്ല.

ആഫീസിലെ ഒരു വിരുന്നിലിരുന്ന് ജയകൃഷ്ണൻ മദ്യപിക്കുകയാണ്. രണ്ട് പെഗ്ഗ്. അതാണ് വല്ലപ്പോഴുമുള്ള ജയകൃഷ്ണന്റെ ശീലം. മദ്യപിക്കുന്നതിനിടയിൽ ആഫീസിലെ സഹപ്രവർത്തകനായ കാർത്തികേയൻ ലോകതത്ത്വം പോലെ കാര്യം വിളിച്ചുപറഞ്ഞു. അയാളുടെ ഭാര്യ സുന്ദരിയാണ്. സുന്ദരിമാരുടെ ഭർത്താക്കന്മാർക്ക് കാമവികാരമില്ല. സുന്ദരിമാർ സമൂഹത്തിന്റെ പൊതുസ്വത്താണ്. സുന്ദരിയായ സിനിമാനടി, സീരിയൽ നടി, ടെലിവിഷൻ അവതാരക, സ്പോർട്സ് താരങ്ങൾ... എല്ലാവരും സമൂഹത്തിന്റെ ആഘോഷങ്ങളുടെ ഭാഗമാണ്... അവസാനം കരയുവാൻ തുടങ്ങി.

ജയകൃഷ്ണന്റെ മനസ്സിൽ തോന്നിയത് ആ പ്രസ്താവനയ്ക്കുള്ള ഉത്തരമായിരുന്നു. ഭാര്യ സുന്ദരിയായിരിക്കുമ്പോൾ മറ്റുപലരും നോക്കും ആഗ്രഹിക്കും... അവരെ ശ്രദ്ധിക്കാനും ഭാര്യയെ നിയന്ത്രിക്കാനും ശ്രമിക്കുന്നതിനിടയിൽ കാമവികാരം അപ്രത്യക്ഷമാകുന്നത് സ്വാഭാവികമാണ്. പെട്ടെന്നാണ് ജയകൃഷ്ണന്റെ മനസിൽ മറ്റൊരു സംശയം വളർന്നത്. ഭർത്താവ് സുന്ദരനായിരിക്കുമ്പോൾ ഭാര്യയുടെ അവസ്ഥ എന്തായിരിക്കും?

രാത്രി വിജനമായൊരിടത്ത് ജയകൃഷ്ണൻ കാറ് നിറുത്തി. അതിന്റെ മുകളിൽ കയറിനിന്ന് ഉച്ചത്തിൽ വിളിച്ചുപറഞ്ഞു. സുന്ദരിമാരെ,സുന്ദരന്മാരെ... സുന്ദരിമാരെന്നും സുന്ദരന്മാരെന്നും ധരിക്കുന്നവരെ... നിങ്ങൾക്ക് ഹാ... കഷ്ടം... നിങ്ങളുടെ സുന്ദരമായ ഒരു വികാരം നഷ്ടപ്പെടുന്നുവല്ലോ.

# കഥാപാത്രങ്ങൾ രചയിതാവിനെ പരിഹസിച്ചു

കഥകൾ എഴുതുന്ന ഒരാളുണ്ട്. അയാളുടെ പേര് കഥാകൃത്ത് എന്നാണ്. കഥാകൃത്തിന്റെ ആഗ്രഹം കഥയെഴുതി കഥയെഴുതി ആത്മാവിഷ്കാരം നടത്തണമെന്നാണ്. അങ്ങനെ ആത്മാവിഷ്കാരം നടത്തുന്നതിനിടയിൽ പ്രശസ്തി... പണം... ഉന്നതരുമായുള്ള സൗഹൃദം... ബഹുമതികൾ... തുടങ്ങിയവ ലഭിച്ചുകൊണ്ടേയിരിക്കണം.

ആ ആഗ്രഹത്തിനായി കഥാകൃത്ത് നിരന്തരം പരിശ്രമിച്ചു കൊണ്ടിരുന്നു. ഈ പരിശ്രമത്തിന് മൂന്ന് ഘട്ടങ്ങളാണുണ്ടായിരുന്നത്. ആദ്യത്തെ ഘട്ടം പഠനത്തിന്റേതാണ്. ഈ ഘട്ടത്തിൽ കഥകൾ വായിക്കും, നോവലുകൾ വായിക്കും, തിരക്കഥകളും മറ്റ് സാഹിത്യരൂപങ്ങളും വായിക്കും. സിനിമയും ഇതര കഥാഖ്യാന കലാരൂപങ്ങളും കാണും. തുടർന്ന് ഇവയുടെയെല്ലാം രചനാതന്ത്രത്തെയും സൃഷ്ടിയുടെ പൊരുളിനെയും സംബന്ധിച്ച പഠനങ്ങൾ വായിക്കും. അവസരം കിട്ടുമ്പോൾ ഈ മേഖലകളിൽ താല്പര്യമുള്ളവരുമായി ഒരുപാടു സമയം സംസാരിക്കും.

രണ്ടാമത്തെ ഘട്ടം വിശകലനത്തിന്റേയും ഭാവനാവിലാസത്തിന്റേതുമാണ്. ഈ ഘട്ടത്തിലാണ് കഥയ്ക്കുള്ള ആശയത്തെപറ്റി ചിന്തിക്കുന്നത്. ആശയം സ്വീകരിച്ചു കഴിഞ്ഞാൽ അതിനെ ഭാവനയുടെ സഹായത്തോടെ പലരീതിയിൽ വളർത്തിയെടുക്കും. കഥാപാത്രങ്ങൾ, സംഭവങ്ങൾ, അവയെ ചേർത്തുനിർത്തുന്ന സവിശേഷമായ ആഖ്യാനരീതി തുടങ്ങിയവയെപറ്റി യുക്തിസഹമായ രീതിയിൽ വിശകലനം ചെയ്യും. എല്ലാത്തിനും ഒടുവിൽ നിയതമായൊരു കഥ ഭാവനയുടെ സഹായത്തോടെ മസ്തിഷ്കത്തിൽ രൂപപ്പെടുത്തുന്നു.

മൂന്നാമത്തെ ഘട്ടം കഥാരചനയുടെതാണ്. കൃത്യമായി പറഞ്ഞാൽ അമൂർത്തമായി കല്പിച്ചെടുത്ത കഥയെ ഭാഷയുടെ സഹായത്തോടെ മാധ്യമീകരിക്കുന്ന രചനയുടെ ഘട്ടം.

ആദ്യത്തെ ഘട്ടം കഥാകൃത്ത് വിജയകരമായി നിർവ്വഹിച്ചു.

രണ്ടാമത്തെ ഘട്ടം യാഥാർത്ഥ്യമാക്കുവാനുള്ള പരിശ്രമത്തിലാണ് ഇപ്പോൾ കഥാകൃത്ത്. കാലിക പ്രസക്തമായ ഒരു കഥ കണ്ടെത്തി.

മഹാത്മാഗാന്ധിയുടെ അഹിംസാതത്ത്വത്തിന്റെ കാലികമായ പ്രസക്തി വിമർശനത്തോടെ വിലയിരുത്തുന്ന ഒരു കഥ.

കഥയുടെ സംഗ്രഹം ഇങ്ങനെയാണ്:

സ്വാതന്ത്ര്യസമരത്തിൽ സജീവമായി പ്രവർത്തിച്ച ഗാന്ധിജിയെ ജീവിച്ചിരിക്കുന്ന ദൈവമായി കരുതിയിരുന്ന വ്യക്തിയാണ് സത്യദാസ്. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയ ആയിരത്തിതൊള്ളായിരത്തി നാല്പത്തിയേഴ് ആഗസ്റ്റ് പതിനഞ്ചാം തീയതി ആഹ്ലാദപ്രകടനത്തിനിടയിൽ ബോധക്ഷയമുണ്ടായി. അറുപതുവർഷങ്ങൾക്കുശേഷം രണ്ടായിരത്തിയേഴ് ആഗസ്റ്റ് പതിനഞ്ചാം തീയതി സത്യദാസിന്റെ ബോധം ഉണർന്നു. ഇന്ത്യയുടെ ഇപ്പോഴത്തെ അവസ്ഥ കാണുകയും മനസിലാക്കുകയും ചെയ്താൽ ദുഃഖം താങ്ങുവാൻ കഴിയാതെ സത്യദാസ് മരിക്കുവാൻ ഇടയുണ്ടെന്ന് ഡോക്ടർമാർ പറഞ്ഞു. കൊച്ചുമകൻ തന്ത്രപൂർവ്വം സത്യദാസിനെ എല്ലാ ആധുനിക സൗകര്യങ്ങളുമുള്ള മനോഹരമായ ഒരു വില്ലയിലേയ്ക്ക് മാറ്റുന്നു. ഗാന്ധിയുടെ പൊട്ടിയ പ്രതിമ ഒരു സംഘം ആളുകൾ ആർപ്പുവിളികളോടെ ചുമന്നുമാറ്റുന്നത് സത്യദാസ് കാണുന്നു.

കഥയുടെ സംഗ്രഹരൂപം ഏതാണ്ട് തയ്യാറായിക്കഴിഞ്ഞപ്പോഴാണ് കഥാകൃത്തിന്റെ ഓർമ്മയിലേയ്ക്ക് വൊൾഫ്ഗാങ് ബെക്കർ സംവിധാനം നിർവ്വഹിച്ച ഗുഡ്ബൈ ലെനിൽ വന്നത്. കഥാകൃത്ത് കല്പിച്ചെടുത്ത കഥയും ഗുഡ്ബൈ ലെനിനും തമ്മിലുള്ള സാദൃശ്യം ഏറെയാണ്.

സിനിമയുടെ കഥാസംഗ്രഹം ഇങ്ങനെയാണ്:

അലക്സിന്റെ അമ്മ കിഴക്കൻ സോഷ്യലിസ്റ്റ് ജർമ്മനിയിലെ ഒരു സാമൂഹ്യപ്രവർത്തകയാണ്. 1989 ഒക്ടോബർ മാസത്തിൽ അവരുടെ ബോധം നശിക്കുന്നു. എട്ടുമാസങ്ങൾക്കുശേഷം അവർക്ക് ബോധം തിരിച്ചു ലഭിക്കുന്നു. അതോടെ അലക്സ് ധർമ്മസങ്കടത്തിലാകുന്നു. കാരണം അപ്പോഴേയ്ക്കും ബർലിൻ മതിൽ വീണു കഴിഞ്ഞിരുന്നു. കിഴക്കൻ ജർമ്മനിയിൽ മുതലാളിത്തവും വന്നുകഴിഞ്ഞു. അലക്സ് എങ്ങനെ ഈ വാർത്ത അമ്മയെ അറിയിക്കും? കാരണം ചെറിയൊരു ആഘാതം പോലും അവരുടെ ജീവൻ അപഹരിക്കും. അമ്മയുടെ ജീവൻ രക്ഷിക്കുവാൻ വളരെ തന്ത്രപൂർവ്വം അലക്സ് അവരെ ഒരു ദ്വീപിലേയ്ക്ക് മാറ്റുന്നു. എന്നാൽ ഒരു ദിവസം ലെനിന്റെ തകർന്ന അർദ്ധകായ പ്രതിമയുമായി ഒരു ഹെലികോപ്റ്റർ പറക്കുന്നത് പാർട്ടിപ്രവർത്തകയായിരുന്ന അമ്മ കാണുന്നു.

കഥാകൃത്ത് കല്പിച്ചെടുത്ത കഥയും ഗുഡ്ബൈ ലെനിനും തമ്മിലുള്ള സാദൃശ്യം പരിഗണിച്ച് മറ്റൊരു കഥയെഴുതുവാൻ കഥാകൃത്ത് ഭാവന കണ്ടുതുടങ്ങി. ദിവസങ്ങൾ നീണ്ട ഭാവനകാണലിനൊടുവിൽ പുതിയൊരു കഥയുടെ ബീജം മനസിലുദിച്ചു.

ആ കഥയുടെ സംഗ്രഹം ഇങ്ങനെയാണ്:

ഒരദ്ധ്യാപകൻ സർവ്വകലാശാലയിലെ ഒരു ഡിപ്പാർട്ട്മെന്റിൽ സാഹിത്യം പഠിപ്പിച്ചുകൊണ്ടിരിക്കുന്നു. പെട്ടെന്നാണ് ഇരുവിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾ തമ്മിൽ സംഘട്ടനം തുടങ്ങിയത്. സംഘട്ടനം നിയന്ത്രിക്കുവാൻ പോലീസും കാമ്പസിലെത്തി. ചില പോലീസുകാർ വിദ്യാർത്ഥിനികളെ ആസക്തിയോടെ കയറിപ്പിടിച്ചു. സംഘട്ടത്തിന് ശക്തിയേറി. വെടിവെയ്പിന്റെ ശബ്ദം അന്തരീക്ഷത്തിലുയർന്നു. വിദ്യാർത്ഥികളും അധ്യാപകരും പ്രാണനുംകൊണ്ട് അങ്ങോട്ടുമിങ്ങോട്ടും ഓടി സുരക്ഷിതമായ സ്ഥലത്ത് ഒളിക്കുവാൻ ശ്രമിച്ചുകൊണ്ടിരുന്നു. വിശാലമായ ലൈബ്രറിയിലെ ഒരു ഗോഡൗണിൽ അധ്യാപകനും ഒരു വിദ്യാർത്ഥിനിയും എത്തിപ്പെടുന്നു. ഭയത്തോടെ അവർ വാതിലടച്ചു. അവിടെ ഇരുട്ടിൽവച്ച് ഭയവും വൈകാരികതയും കലർന്ന അന്തരീക്ഷത്തിൽ സംഗമിക്കുന്നു. അധ്യാപകനെ കുറ്റബോധം അലട്ടുന്നു. അയാൾ വിദ്യാർത്ഥിനിയെ കണ്ടെത്തി പ്രായശ്ചിത്തം ചെയ്യുവാൻ അലഞ്ഞുനടക്കുന്നു. അതിനിടയിൽ അയാളുടെ ഭാര്യയും മക്കളും വിട്ടുപോകുന്നു. അധ്യാപകന്റെ കുറ്റബോധം ഏറിവന്നുകൊണ്ടേയിരുന്നു.

കഥയുടെ സംഗ്രഹം പൂർത്തിയായിക്കഴിഞ്ഞപ്പോൾ കഥാകൃത്തിനും അസ്വസ്ഥത ഏറിവന്നുകൊണ്ടിരുന്നു. എവിടെയോ കണ്ടുമറന്ന ഒരു സിനിമയുടെ കഥയുമായി അതിന് സാമ്യമുണ്ടെന്നു വ്യക്തമായി. ആ സിനിമ ഏതെന്നറിയുവാൻ അസ്വസ്ഥനായി ആലോചിച്ചുകൊണ്ടിരുന്നു. ചില ദിവസങ്ങൾക്കുശേഷം പേര് ഓർമ്മവന്നു. റിങ് ഓഫ് ഫയർ.

റിങ് ഓഫ് ഫയറിന്റെ കഥാസംഗ്രഹം ഇങ്ങനെയാണ്:

ബെയ്റൂത്ത് നഗരത്തിൽ പത്തുവർഷമായി യുദ്ധം തുടരുകയാണ്. ഏതാണ്ട് എല്ലാ മേഖലകളിലും നാശം സംഭവിച്ചു കഴിഞ്ഞു. 1985-ലെ ഒരു ദിവസം ഷഫീക്ക് എന്ന സാഹിത്യഅദ്ധ്യാപകൻ സർവ്വകലാശാലയിലെ ക്ലാസ്മുറിയിൽ കാമുവിന്റെ 'പ്ലേഗ്' പഠിപ്പിച്ചുകൊണ്ടിരിക്കുകയായിരുന്നു. അപ്പോഴാണ് ഒരു ബോംബ് പുറത്തുവന്നു വീണത്. രക്ഷപെടുവാനായി എല്ലാവരും പരക്കംപായുന്നു. ഷഫീക്കും പരക്കംപാഞ്ഞ് ഭൂഗർഭ അറയിൽ ഒളിക്കുന്നു. അവിടെ ഇരുട്ടിൽ ഒരു വിദ്യാർത്ഥിനിയുമായി ഭയവും വൈകാരികതയും കലർന്ന അന്തരീക്ഷത്തിൽവച്ച് സംഗമിക്കുന്നു. കുറ്റബോധം ഷഫീക്കിനെ അലട്ടുവാൻ തുടങ്ങി. വിദ്യാർത്ഥിനിയെ കണ്ടെത്തുവാൻ പല ശ്രമങ്ങളും നടത്തിനോക്കി. ഇരുട്ടിൽവച്ച് സംഭവങ്ങൾ നടന്നതിനാൽ അവളെ തിരിച്ചറിയാനും കഴിഞ്ഞില്ല. തിരച്ചിലിനിടയിൽ അധ്യാപകൻ നേരിടുന്ന ധർമ്മസങ്കടങ്ങളും ഭ്രമാത്മകതകലർന്ന കല്പനകളുമെല്ലാമായാണ് സിനിമ പുരോഗമിക്കുന്നത്.

കല്പിച്ചെടുത്ത കഥയുടെയും റിങ് ഓഫ് ഫയറിന്റെയും സാദൃശ്യം കഥാകൃത്തിന്റെ മനസ്സിൽ വിങ്ങലുണ്ടാക്കി. പുതിയൊരു കഥ രചിക്കുവാനുള്ള ഭാവന തുടർന്ന് കണ്ടുതുടങ്ങി.

പണവും ഉന്നതങ്ങളിൽ സ്വാധീനവുമുള്ള മധ്യവയസ് പിന്നിട്ട അഭിസാരിക. അവൾ തന്റെ അടുത്തവീട്ടിൽ താമസിക്കുന്ന സുന്ദരിയും സൽസ്വഭാവിയുമായ യുവതിയെ പറഞ്ഞ് പ്രലോഭിപ്പിച്ച് ഒരു ഹോട്ടലിൽ എത്തിക്കുന്നു. അവിടെവച്ച് പലരും അവളെ ബലമായി പ്രാപിക്കുന്നു. വീട്ടിലെ ദാരിദ്ര്യത്തെപറ്റിയും അമ്മയുടെ അസുഖത്തെപറ്റിയും തനിക്ക് താഴെയുള്ള സഹോദരങ്ങളെപറ്റിയും ഓർത്തപ്പോൾ സുന്ദരിയും സൽസ്വഭാവിയുമായ യുവതിക്ക് നിശബ്ദയാകാനേ കഴിഞ്ഞുള്ളൂ. തിരിച്ച് യുവതിയെ വീട്ടിലെത്തിച്ചപ്പോൾ വിലകൂടിയ മൊബൈൽ ഫോണും, ലാപ്ടോപ്പ്, നല്ല വസ്ത്രങ്ങൾ തുടങ്ങിയവയും കുറെ അധികം പണവും മധ്യവയസ് കഴിഞ്ഞ അഭിസാരിക സമ്മാനമായി കൊടുത്തു. ഇനിയും സഹകരിച്ചാൽ വിലകൂടിയ വാഹനവും മറ്റ് സൗകര്യങ്ങളും നൽകാമെന്നും വാഗ്ദാനം ചെയ്തു.

കഥാകൃത്ത് ഈ കഥ നല്ലരീതിയിൽ വളർത്തുവാൻ ഭാവനയെ പലദിശകളിലൂടെ സഞ്ചരിപ്പിച്ചപ്പോഴാണ് കാരൂരിന്റെ ചെകുത്താൻ എന്ന കഥ ഓർമ്മയിലേയ്ക്കു വന്നത്. കഥാപാത്രങ്ങൾക്കും സാഹചര്യങ്ങൾക്കുമൊന്നും വ്യത്യാസമില്ല. കാലഘട്ടംവരുത്തിയ സാമ്പത്തികവും സാംസ്കാരികവുമായ വ്യത്യാസം മാത്രമാണ് കഥയ്ക്കുള്ളത്.

കഥാകൃത്തിന്റെ അസ്വസ്ഥത വർദ്ധിച്ചു. ആലോചിച്ച് കല്പിച്ചെടുക്കുന്ന എല്ലാകഥകൾക്കും മറ്റ് ഏതെങ്കിലും കഥകളോടുള്ള സാദൃശ്യം കേവലം യാദൃച്ഛികം മാത്രമാണോ? അതോ നവമായ കഥകൾ സൃഷ്ടിക്കുവാനുള്ള കഴിവില്ലായ്മയെയാണോ പ്രദർശിപ്പിക്കുന്നത്? കഥാകൃത്തിന്റെ സംശയങ്ങൾ പലവഴികളിലൂടെ സഞ്ചരിച്ചു. അവസാനം ഒരു പോസ്റ്റ് മോഡേൺ തന്ത്രത്തിലൂടെ കഥകൾ സൃഷ്ടിക്കുവാൻ തീരുമാനിച്ചുറപ്പിച്ചു.

തന്ത്രം ഇങ്ങനെയാണ്:

ഒരു നല്ല കഥ മോഡലായി എടുക്കുന്നു. തുടർന്ന് ആ കഥയിലെ സംഭവങ്ങളെയും കഥാപാത്രങ്ങളെയും മാറ്റി ക്രമീകരിക്കുന്നു. അങ്ങനെ നല്ല കഥയായ മൂലപാഠത്തിൽനിന്നും ഉല്പന്നമായി മറുപാഠം സൃഷ്ടിച്ചെടുക്കുന്നു. മൂലപാഠത്തിന്റെ വിലകുറഞ്ഞ അനുകരണമോ പകർപ്പോ ആണെന്ന് തോന്നാത്ത രീതിയിലായിരിക്കണം കഥ സൃഷ്ടിച്ചെടുക്കേണ്ടത്.

കഥാകൃത്ത് മൂലപാഠമായി സ്വീകരിച്ചത് ഗുഡ്ബൈ ലെനിന്റെ കഥയാണ്. കഥാപാത്രങ്ങളെ മാറ്റിമറിച്ചപ്പോൾ മഹാത്മാഗാന്ധിയുടെ അഹിംസാതത്ത്വവുമായി ബന്ധപ്പെട്ട് കഥാകൃത്തുതന്നെ മുമ്പ് സൃഷ്ടിച്ച കഥ സ്വീകരിക്കാമെന്നു നിശ്ചയിച്ചു. തുടർന്ന് കഥാകൃത്ത് സംഭവങ്ങൾ മാറ്റിമറിക്കാൻ തീവ്രമായി ചിന്തിച്ചു. ഭാവനയെ ചിന്തയിലേയ്ക്ക് സർഗ്ഗാത്മകമായി പ്രവേശിപ്പിച്ചു.

കഥാകൃത്ത് പുതിയ കഥയുടെ സംഗ്രഹം എഴുതിത്തുടങ്ങി:

വൃദ്ധനായ സത്യദാസ് ചില ദിവസങ്ങളായി ബോധം നഷ്ടപ്പെട്ട് കിടപ്പിലായിരുന്നു. അദ്ദേഹത്തിന്റെ ഒരു മകൻ അപകടത്തിൽ മരിച്ചു. ബന്ധുക്കളും അയൽക്കാരും ശവം ദഹിപ്പിക്കുവാൻ സത്യദാസിന്റെ വീട്ടിലെത്തി. വീട്ടിലെ ബഹളത്തിനിടയിൽ വൃദ്ധനായ സത്യദാസിന്റെ ബോധം തെളിഞ്ഞു. മക്കൾക്കും അവിടെ കൂടിയ ബന്ധുക്കൾക്കും മറ്റ് ആളുകൾക്കും എന്താണ് ചെയ്യേണ്ടതെന്ന് അറിയില്ലാത്ത അവസ്ഥ. മകന്റെ മരണവിവരം അറിഞ്ഞാൽ വൃദ്ധനായ സത്യദാസ് മരിക്കുവാനിടയുണ്ടെന്ന് ഡോക്ടറും വിലയിരുത്തി. ഏറെ ആലോചനകൾക്കുശേഷം അവർ സത്യദാസിനോട് ഒരു കള്ളം പറഞ്ഞു. ആരോരുമില്ലാത്ത ഒരാള് നമ്മളുടെ വീടിനു മുന്നിൽ വന്ന് മരിക്കുകയുണ്ടായി. കേസും വയ്യാവേലിയും ഉണ്ടാകാതിരിക്കുവാൻ പോലീസിന്റെ നിർദ്ദേശപ്രകാരം ഇവിടെ തന്നെ ദഹിപ്പിക്കുവാൻ തീരുമാനിച്ചതാണ്. ശവത്തിൽനിന്നും പ്രസരിച്ചെത്തിയ ഗന്ധം സത്യദാസിനെ വല്ലാതാക്കി. ആ മരിച്ചുകിടക്കുന്നത് തന്റെ മകൻ തന്നെയാണെന്ന് സത്യദാസ് ഉറപ്പിച്ചു പറഞ്ഞു. സത്യദാസ് കിടക്കയിൽനിന്നും എഴുന്നേറ്റ് ശവത്തിന്റെ അടുത്തേയ്ക്ക് വേച്ചു വേച്ചു നടന്നു തുടങ്ങി. സത്യദാസിനെ തടയുവാൻ ആർക്കും ധൈര്യം വന്നില്ല...

ഇത്രയും എഴുതിക്കഴിഞ്ഞതോടെ കഥാകൃത്തിനെ ആശയപരമായ സംശയം വലയം ചെയ്തു. സ്വന്തം മകന്റെ ജഡം കാണുന്ന സത്യദാസിന് എന്താണു സംഭവിപ്പിക്കേണ്ടത്. ഹൃദയാഘാതത്തോടെ അദ്ദേഹത്തെ കൊലപ്പെടുത്തിയാൽ അതൊരു സാധാരണ കഥ മാത്രമായിത്തീരും. കഥാകൃത്ത് ആലോചിച്ച് ആലോചിച്ച് മയക്കത്തിലേയ്ക്കു തെന്നിവീണു. ആ മയക്കത്തിലും കഥാകൃത്ത് കഥയുടെ ബാക്കി ഭാഗം ആലോചിച്ചുകൊണ്ടിരുന്നു.

കഥയിലെ കഥാപാത്രങ്ങൾ അങ്ങനെതന്നെ നിൽക്കുകയാണ്. വൃദ്ധനായ സത്യദാസ് നടന്ന് മരിച്ചു കിടക്കുന്ന മകന്റെ അടുത്ത് എത്തിക്കഴിഞ്ഞു. മക്കളും ബന്ധുക്കളും അയൽക്കാരുമെല്ലാമായ കഥാപാത്രങ്ങൾ എന്തു സംഭവിക്കുമെന്ന് ആകാംക്ഷയോടെ നോക്കി നിൽക്കുകയാണ്.

കഥാകൃത്തിന്റെ ആലോചന തുടർന്നപ്പോൾ കഥാപാത്രങ്ങൾ അസ്വസ്ഥരായി. ഓരോ കഥാപാത്രവും അസ്വസ്ഥതയോടെ കഥാകൃത്തിനോട് പ്രതിഷേധിച്ചുകൊണ്ടിരുന്നു. കഥാപാത്രങ്ങളായി വേഷംകെട്ടിച്ച് നിറുത്തി വിഷമിപ്പിക്കാതെ എത്രയും പെട്ടെന്ന് കഥ പൂർത്തിയാക്കണമെന്നാണ് അവരുടെ ആവശ്യം.

കഥാകൃത്ത് ആലോചന തുടർന്നപ്പോൾ കഥാപാത്രമായി വേഷം കെട്ടിനിന്നവർ കൂടുതൽ അസ്വസ്ഥരായി. പ്രതിഷേധത്തോടെ ഉടുവസ്ത്രം ഉയർത്തി. കഥാകൃത്ത് വല്ലായ്കയോടെ അവരുടെ നഗ്നത ദർശിച്ചു. പുരുഷന്മാർ... സ്ത്രീകൾ... രൂപത്തിലേ പുരുഷത്വവും സ്ത്രീത്വവും അവർക്കുള്ളൂ. ലിംഗഭാഗം വ്യക്തമാകാതെ ഇരുണ്ട് കിട

ക്കുകയാണ്.

കഥാപാത്രങ്ങളായതുകൊണ്ട് അവർ നപുംസകങ്ങളായതാണോ യെന്ന് കഥാകൃത്ത് സംശയിച്ചു. കഥാകൃത്തിന്റെ സംശയം വളർന്ന പ്പോൾ എപ്പോഴോ ഭയത്തോടെ മയക്കത്തിൽനിന്നും ഉണർന്നു. വീണ്ടും കഥാകൃത്ത് കഥയെപറ്റി ചിന്തിച്ചുതുടങ്ങി.

കഥാരചനയുടെ മൂന്നാമത്തെ ഘട്ടമായ മാധ്യമീകരണത്തിലേയ്ക്ക് കടക്കുവാൻ കഥാകൃത്തിന് ഒരിക്കലും കഴിഞ്ഞില്ല. അതിനുമുമ്പ് മയ ങ്ങുകയും കഥാപാത്രങ്ങൾ തുണിഉയർത്തി കഥാകൃത്തിനെ ഭയപ്പെടു ത്തുകയോ പരിഹസിക്കുകയോ ചെയ്തുകൊണ്ടുമിരുന്നു. യഥാർത്ഥ ത്തിൽ കഥയെഴുതാതെ കഥാകൃത്താകാൻ ആഗ്രഹിക്കുന്ന ഒരുപാടു പേരുടെ അവസ്ഥ ഈ കഥാകൃത്തിനും വന്നുചേർന്നു.

# ഹർത്താൽ
## ഒരു കേരളീയ ഉത്സവം



ജോസ് കെ. മാനുവൽ

വർത്തമാനകാല കേരളീയ സമൂഹത്തിന്റെ കാപട്യം, പൊങ്ങച്ചം, സദാചാരം തുടങ്ങിയവ ഈ സമാഹാരത്തിലെ കഥകൾക്ക് വിഷയമാകുന്നു. ഉത്സവം പോലെ കൊണ്ടാടുന്ന ഹർത്താൽ, ആസക്തികളുടെ ബാക്കിപത്രം പോലെ മൊബൈലിലൂടെ നടക്കുന്ന പ്രണയം, പുതുകാലത്തിന്റെ എഴുത്ത്, പാർശ്വവൽക്കരിക്കപ്പെട്ടിരുന്ന സ്ത്രീകളുടെ പുത്തൻ പ്രതികരണരീതികൾ,

മാധ്യമങ്ങളുടെ ആഭാസകരമായ ഇടപെടൽ, ശരീരവില്പനയുടെ പുതുകാലരീതികൾ, സദാചാരത്തിന്റെ മാറിയ അർത്ഥതലങ്ങൾ, പുതിയ തലമുറക്കാരുടെ മനസ്സ്, വിപ്ലവ പ്രസ്ഥാനങ്ങളുടെ സമകാലികമുഖം തുടങ്ങിയവയെല്ലാം സവിശേഷമായ രീതിയിൽ കഥാഖ്യാനത്തിൽ ഉൾച്ചേർന്നിരിക്കുന്നു. വിഷയസ്വീകരണത്തിലും ആഖ്യാനരീതിയിലും എന്നും പുതുവഴികളിലൂടെ സഞ്ചരിച്ച ജോസ്. കെ. മാനുവലിന്റെ പുതുമയുള്ള ഒൻപത് കഥകളുടെ സമാഹാരം. സമൂഹത്തിന്റെ മനസും മാറ്റവും കഥയെ സ്വാധീനിക്കുന്നതിന്റെ തെളിവുകൾ കൂടിയാണ് ഈ സമാഹാരത്തിലെ കഥകൾ.

98000019290 8

കഥകൾ
₹ 50

പ്രസാധനം
പാപ്പിറസ് ബുക്സ്

വിതരണം
നാഷണൽ ബുക്ക് സ്റ്റാൾ

ISBN 978-81-92289 8 4
9 789788 192282